**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2218** **12-12-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണത്തിന്മേൽ ലാൻഡ് റവന്യൂ അസിസ്റ്റൻറ് കമ്മീഷണറും ധനകാര്യ പരിശോധനാ വിഭാഗവും നടത്തിയ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം I,അനുബന്ധം II ആയി ചേർത്തിരിക്കുന്നു. ഇതു സംബന്ധിച്ച് ക്രൈം ബ്രാഞ്ച് രണ്ടു കേസുകളും വിജിലൻസിന്റെ എറണാകുളം സ്പെഷ്യൽ സെൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സസ്പെൻഡ് ചെയ്തിരിക്കുകയാണ്. 22.12.2021 ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ.വിഷ്ണുപ്രസാദിനെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും അതീവ ഗൗരവതരമായ ക്രമക്കേടാണ് നടത്തിയത് എന്നതിനാൽ ടിയാനെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്.<br><br>ഇതേ വിഷയത്തിൽ എറണാകുളം കലക്ടറേറ്റിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന ശ്രീ.കെ.ചന്ദ്രശേഖരൻ നായർ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മീനാകുമാരി എ എസ് എന്നിവർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രം നൽകുകയും ടിയാളുകളുടെ പ്രതിവാദം തൃപ്തികരമല്ലായെന്ന് വിലയിരുത്തി ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിലെ മറ്റ് ശിപാർകളിന്മേൽ അനന്തര നടപടി സ്വീകരിക്കുവാൻ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് കമ്മീഷണർ ലാൻഡ് റവന്യൂ, ജില്ലാ കളക്ടർ എറണാകുളം, ഡയറക്ടർ ട്രഷറി, ധനകാര്യ വകുപ്പ് എന്നിവർക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഇക്കാര്യത്തിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# എറണാകുളം ജില്ലയിൽ പ്രളയ ദുരിതാശ്വാസ വിതരണവുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

(ജി.ഒ(ആർ.റ്റി) നം.488/2020/ഡി.എം.സി, തീയതി 02.06.2020)

## വാല്യം - I

**ജോയിന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ**
ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്,
തിരുവനന്തപുരം.

# സൂചിക



| ക്രമ നം | വിഷയം | പേജ് നമ്പർ |
|---|---|---|
| | വാല്യം – 1 | |
| | അന്വേഷണം നിർദ്ദേശിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് | |
| | എക്സിക്യൂട്ടീവ് സമ്മറി | |
| 1 | ആമുഖം | 1–4 |
| 2 | എറണാകുളം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിൽ നിന്നുള്ള ലിസ്റ്റുകളുടെ പരിശോധന. | 5 |
| 2(a) | ഒരേ അക്കൗണ്ട് നമ്പർ ഒരേ ലിസ്റ്റിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ലിസ്റ്റിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ. | 5–13 |
| 2(b) | വ്യത്യസ്ത ലിസ്റ്റുകളിൽ ഒരേ അക്കൗണ്ട് നമ്പരും ഒരേ തുകയും ആവർത്തിക്കുന്ന കേസുകൾ. | 13–15 |
| 2(c) | ഒരേ അക്കൗണ്ട് നമ്പർ – വ്യത്യസ്ത ഫയലുകൾ, വ്യത്യസ്ത തുകകൾ. | 15–17 |
| 2(d) | ഒരേ അക്കൗണ്ട് നമ്പർ – വ്യത്യസ്ത ഫയലുകൾ, സർക്കാർ കാറ്റഗറിയിൽ പരാമർശിച്ചിട്ടില്ലാത്ത തുകകൾ. | 17–18 |
| 3 | Bill Information and Management System (BIMS) ലിസ്റ്റുകളുടെ പരിശോധന. | 19–20 |
| 3(a) | ഒരേ അക്കൗണ്ട് നമ്പർ ഒരേ ബില്ലിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ബില്ലിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ. | 20–23 |
| 3(b) | വ്യത്യസ്ത ബില്ലിൽ വന്നിട്ടുള്ള ഒരേ തുകയുടെ ആവർത്തനങ്ങൾ. | 23–25 |
| 3(c) | അക്കൗണ്ട് നമ്പരിന്റെ സ്ഥാനത്ത് പൂജ്യം ആയിട്ടുള്ള കേസുകൾ. | 26 |
| 3(d) | വ്യത്യസ്ത ബില്ലിൽ വ്യത്യസ്ത തുകകൾ വന്നിട്ടുള്ള ആവർത്തനങ്ങൾ. | 27–29 |
| 3(a) | സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന തുക നഷ്ടപരിഹാരമായി അനുവദിച്ച കേസുകൾ | 29–30 |
| 3(f) | മൂന്ന് കാറ്റഗറികളിൽപ്പെട്ട തുകകൾ ഒരേ അക്കൗണ്ട് നമ്പരിൽ അനുവദിച്ച കേസുകൾ | 30 |
| 3(g) | അയ്യനാട് കോ–ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെട്ട ധനസഹായ വിതരണം. | 30–32 |
| 4 | ട്രഷറി രേഖകളുടെ പരിശോധന | 33–35 |
| 4(a) | അക്കൗണ്ട് നമ്പരിന്റെ സ്ഥാനത്ത് പൂജ്യം വന്നിട്ടുള്ള കേസുകൾ. | 35–36 |
| 4(b) | സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടില്ലാത്ത കാറ്റഗറിയിൽപ്പെട്ട തുകകൾ അനുവദിച്ച കേസുകൾ. | 36–37 |

| | | |
|---|---|---|
| 4(c) | ഒരേ തുക 2 പ്രാവശ്യം അക്കൗണ്ടിൽ ക്രഡിറ്റ് ആയ കേസുകൾ. | 37–41 |
| 4(d) | അപ്പീൽ ഡേറ്റ. | 41 |
| 4(e) | രണ്ട് പ്രാവശ്യം തുക അനുവദിക്കുകയും അതിൽ ഒരു തുക റിട്ടേൺ ആയിട്ടുള്ള കേസുകൾ. | 42–43 |
| 4(f) | വ്യത്യസ്ത സ്ലാബുകളിലെ തുക ഒരേ അക്കൗണ്ടിൽ ക്രഡിറ്റ് ആയ കേസുകൾ (1 മുതൽ 25 വരെ) | 44–92 |
| 5 | അപ്പീൽ ഡേറ്റ പരിശോധന. | 93–94 |
| 6 | നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ. | 95–96 |
| 7 | എറണാകുളം കളക്ടറേറ്റിലെ പരിഹാരം സെല്ലിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ / വീഴ്ചകൾ. | 97–102 |
| 8 | പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണു പ്രസാദിന്റെ അക്കൗണ്ടിലേക്ക് അനധികൃതമായി മാറ്റിയിട്ടുള്ള തുകകൾ | 103–104 |
| 9 | ട്രഷറിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കണക്കാവുന്നവ. | 105–106 |
| 10 | ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ ക്രമക്കേടുകൾ/ വീഴ്ചകൾ. | 107–110 |
| 11 | ശുപാർശകൾ | 111–118 |
| 12 | അനക്ഷറുകൾ. | 119 – 120 |
| | വാല്യം - 2 ANNEXURE - (A &B) | |
| (A1) | ഗുണഭോക്താക്കളുടെ 191 ലിസ്റ്റുകൾ ഇ–മെയിലായി അയച്ച് കൊടുത്തിട്ടുണ്ടെന്ന എറണാകുളം ജില്ലയിലെ NIC അഡീഷണൽ ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ ഓഫീസറായ ശ്രീ.ജോർജ്ജ് ഈപ്പൻ എന്നവരുടെ സാക്ഷ്യപ്പെടുത്തൽ (Soft Copy). | Soft Copy |
| (A2) | NIC യിൽ നിന്നും എറണാകുളം കളക്ടറേറ്റിലെ പരിഹാരം സെല്ലിലേക്ക് അയച്ചു കൊടുത്ത 191 ഇ–മെയിൽ ലിസ്റ്റുകളുടെ സംഗ്രഹം | 121–126 |
| (A3) | NIC യിൽ നിന്നും എറണാകുളം കളക്ടറേറ്റിലെ പരിഹാരം സെല്ലിലേക്ക് അയച്ചു കൊടുത്ത 191 ഇ–മെയിൽ ലിസ്റ്റുകൾ (Soft Copy). | Soft Copy |
| (A4) | 2(a) ഒരേ അക്കൗണ്ട് നമ്പർ ഒരേ ലിസ്റ്റിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ലിസ്റ്റിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ | 127–156 |
| | 2(b) വ്യത്യസ്ത ലിസ്റ്റുകളിൽ ഒരേ അക്കൗണ്ട് നമ്പരും ഒരേ തുകയും ആവർത്തിക്കുന്ന കേസുകൾ. | |

| | | |
|---|---|---|
| (A5) | ഒരേ തുക (Rs.10,000/-) വ്യത്യസ്ത ഫയലുകൾ. | 157–382 |
| (A6) | ഒരേ തുക (Rs.60,000/-) വ്യത്യസ്ത ഫയലുകൾ. | 383–580 |
| (A7) | ഒരേ തുക (Rs.1,25,000/-) വ്യത്യസ്ത ഫയലുകൾ/ലിസ്റ്റുകൾ. | 581–582 |
| (A8) | ഒരേ തുക (Rs.2,50,000/-) വ്യത്യസ്ത ഫയലുകൾ. | 583–584 |
| | ഒരേ അക്കൗണ്ട് – വ്യത്യസ്ത ഫയലുകൾ, വ്യത്യസ്ത തുകകൾ. | |
| (A9) | Rs.10,000/- & Rs.60,000/- | 585–604 |
| (A10) | Rs.10,000/- & Rs.1,25,000/- | 605–612 |
| (A11) | Rs.10,000/- & Rs.2,50,000/- | 613–616 |
| (A12) | Rs.60,000/- & Rs.1,25,000/- | 617–620 |
| (A13) | Rs.60,000/- & Rs.2,50,000/- | 621–622 |
| (A14) | Rs.1,25,000/- & Rs.2,50,000/- | 623–624 |
| (A15) | 2(d) ഒരേ അക്കൗണ്ട് നമ്പർ – വ്യത്യസ്ത ഫയലുകൾ – സർക്കാർ കാറ്റഗറിയിൽ പരാമർശിച്ചിട്ടില്ലാത്ത തുകകൾ. | 625–630 |
| (B1) | ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിന് 203 ബില്ലുകൾ മാത്രമേ ട്രഷറിയിലേക്ക് നൽകിയിട്ടുള്ളുവെന്ന എറണാകുളം ജില്ലാ കളക്ടറുടെ സാക്ഷ്യപ്പെടുത്തൽ (Soft Copy). | Soft Copy |
| (B2) | ട്രഷറിയിലേക്ക് നൽകിയ BIMS ലിസ്റ്റുകളുടെ സംഗ്രഹം | 631–636 |
| (B3) | 203 BIMS ലിസ്റ്റുകൾ (Soft Copy). | Soft Copy |
| (B4) | NIC ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 6174 അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിന്റെ ലിസ്റ്റ്. | 637–784 |
| (B5) | 3(a) ഒരേ അക്കൗണ്ട് നമ്പർ ഒരേ ബില്ലിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ബില്ലിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ | 785–796 |
| | 3(b) വ്യത്യസ്ത ബില്ലിൽ വന്നിട്ടുള്ള ഒരേ തുകയുടെ ആവർത്തനങ്ങൾ. | |
| (B6) | 15% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ. | 797–904 |
| (B7) | 16% മുതൽ 29% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ. | 905–946 |
| (B8) | 30% മുതൽ 59% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ. | 947–948 |
| (B9) | 60% മുതൽ 74% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ. | 949–950 |

| | | |
|---|---|---|
| (B10) | 3(c) അക്കൗണ്ട് നമ്പരിന്റെ സ്ഥാനത്ത് പൂജ്യം ആയിട്ടുള്ള കേസുകൾ സംബന്ധിച്ച ലിസ്റ്റ്. | 951–1012 |
| (B11) | BIMS ലിസ്റ്റിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളുടെ സ്ഥാനത്ത് പൂജ്യം മാത്രമുള്ളതും, അഞ്ചിലധികം പൂജ്യങ്ങളിൽ അവസാനിക്കുന്നതുമായ അക്കൗണ്ട് നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ NIC യിൽ നിന്നും നൽകിയ ലിസ്റ്റിൽ ശരിയായ അക്കൗണ്ട് നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയ 605 കേസുകളുടെ ലിസ്റ്റ്. | 1013–1034 |
| | 3(d) വ്യത്യസ്ത ബില്ലിൽ വ്യത്യസ്ത തുകകൾ വന്നിട്ടുള്ള ആവർത്തനങ്ങൾ. | |
| (B12) | ഒന്നാം സ്ലാബും (Rs.10,000/- രൂപ) രണ്ടാം സ്ലാബും (Rs.60,000/- രൂപയും). | 1035–1058 |
| (B13) | ഒന്നാം സ്ലാബും (Rs.10,000/- രൂപ) മൂന്നാം സ്ലാബും (Rs.1,25,000/- രൂപയും). | 1059–1068 |
| (B14) | ഒന്നാം സ്ലാബും (Rs.10,000/- രൂപ) നാലാം സ്ലാബും (Rs.2,50,000/- രൂപയും). | 1069–1076 |
| B15) | രണ്ടാം സ്ലാബും (Rs.60,000/- രൂപ) മൂന്നാം സ്ലാബും (Rs.1,25,000/- രൂപയും). | 1077–1080 |
| (B16) | രണ്ടാം സ്ലാബും (Rs.60,000/- രൂപ) നാലാം സ്ലാബും (Rs.2,50,000/- രൂപയും). | 1081–1086 |
| (B17) | മൂന്നാം സ്ലാബും (Rs.1,25,000/-രൂപ) നാലാം സ്ലാബും (Rs.2,50,000/- രൂപയും). | 1087–1088 |
| | 3(e) സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത തുക നഷ്ടപരിഹാരമായി അനുവദിച്ച കേസുകൾ. | |
| (B18) | ഒരു ലക്ഷം, ഒന്നര ലക്ഷം എന്നീ തുകകൾ ചേർത്ത് രണ്ടര ലക്ഷം രൂപ അനുവദിച്ച കേസുകളുടെ ലിസ്റ്റ്. | 1089–1090 |
| (B19) | 50,000/-, 75,000/- എന്നീ തുകകൾ ചേർത്ത് 1,25,000/- രൂപ അനുവദിച്ച കേസുകളുടെ ലിസ്റ്റ്. | 1091–1106 |
| (B20) | 1,90,000/ രൂപയും, 60,000/- രൂപയും ചേർത്ത് 2,50,000 രൂപയും, 77,500/-, 6,00,000/- എന്നീ തുകകളും അനുവദിച്ച കേസുകളുടെ ലിസ്റ്റ്. | 1107–1108 |

| | | |
|---|---|---|
| (B21) | 3(f) മൂന്ന് കാറ്റഗറികളിൽപ്പെട്ട തുകകൾ ഒരേ അക്കൗണ്ട് നമ്പരി[illegible] അനുവദിച്ച കേസുകൾ. | |
| (B22) | 3(g) അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെട്ട ധനസഹായ വിതരണം. | 1111–1112 |
| | വാല്യം - 3 ANNEXURE - (C, D &E) | |
| (C1) | BIMS ലിസ്റ്റിൽ ഉൾപ്പെട്ട 2723 അക്കൗണ്ട് നമ്പരുകൾ ട്രഷറി ഡേറ്റയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കേസുകളുടെ ലിസ്റ്റ്. | 1113–1210 |
| (C2) | BIMS ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 2610 അക്കൗണ്ട് നമ്പരുകൾ ട്രഷറി ഡേറ്റയിൽ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ ലിസ്റ്റ്. | 1211–1264 |
| (C3) | അക്കൗണ്ട് നമ്പരിന്റെ സ്ഥാനത്ത് പൂജ്യം വന്നിട്ടുള്ള കേസുകൾ. | 1265–1294 |
| (C4) | ട്രഷറി രേഖകൾ പ്രകാരം അക്കൗണ്ട് നമ്പരുകളിൽ തുക credit status കാണിക്കുന്നുണ്ടെങ്കിലും UTR നമ്പർ പരിശോധന നടത്തിയതിൽ തുക ക്രഡിറ്റ് ആയിട്ടില്ലാത്തതായി കാണുന്ന കേസുകൾ. (Soft Copy). | Soft Copy |
| (C5) | സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടില്ലാത്ത കാറ്റഗറിയിൽപ്പെട്ട തുകകൾ അനുവദിച്ച കേസുകൾ. | 1295–1314 |
| (C6) | 3 പ്രാവശ്യം ഒരേ അക്കൗണ്ട് നമ്പരിൽ തുക ക്രഡിറ്റ് ആയ കേസുകളുടെ ലിസ്റ്റ്. | 1315–1316 |
| | ഒരേ തുക 2 പ്രാവശ്യം അക്കൗണ്ടിൽ ക്രഡിറ്റ് ആയ കേസുകൾ | |
| (C7) | Rs.10,000/- ക്രഡിറ്റ് ആയ കേസുകൾ | 1317–1420 |
| (C8) | Rs.4800/- ക്രഡിറ്റ് ആയ കേസുകൾ | 1421–1422 |
| (C9) | Rs.10,000/-, Rs.4800/- എന്നീ തുകകൾ ക്രഡിറ്റ് ചെയ്തത്. | 1423–1480 |
| (C10) | Rs.60,000/- | 1481–1486 |
| (C11) | Rs.31500/- | 1487–1514 |
| (C12) | Rs.31,500/-, Rs.60,000/- എന്നീ തുകകൾ | 1515–1518 |
| (C13) | Rs.1,25,000/- | 1519–1520 |
| (C14) | Rs.77,500/- | 1521–1522 |
| (C15) | Rs.2,50,000/- | 1523–1524 |

| | | |
|---|---|---|
| (C16) | Rs.1,79,000/- | 1525- |
| (C17) | Rs.2,50,000/-, Rs.1,79,000/- എന്നീ തുകകൾ | 1527–1528 |
| (C18) | എറണാകുളം ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭ്യമായ അപ്പീൽ വിവരങ്ങൾ (Soft Copy). | Soft Copy |
| (C19) | രണ്ട് പ്രവശ്യം തുക അനുവദിക്കുകയും അതിൽ ഒരു തുക റിട്ടേൺ ആയിട്ടുള്ള കേസുകൾ. | 1529–1532 |
| | വ്യത്യസ്ത സ്ലാബുകളിലെ തുക ഒരേ അക്കൗണ്ടിൽ ക്രഡിറ്റ് ആയ കേസുകൾ. | |
| (C20) | മൂന്നാം കാറ്റഗറിയിലും (1,25,000/-) നാലാം കാറ്റഗറിയിലും (2,50,000/-) ഉൾപ്പെട്ട് ഒരേ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആയ കേസുകൾ | 1533–1534 |
| (C21) | മൂന്നാം കാറ്റഗറിയിലും (1,25,000/-) നാലാം കാറ്റഗറിയിലെ CMDRF വിഹിതമായ 1,79,000/- രൂപയും ആവർത്തിക്കുന്ന കേസുകൾ | 1535–1536 |
| (C22) | മൂന്നാം കാറ്റഗറിയിലെ CMDRF വിഹിതം (77500/-) നാലാം കാറ്റഗറിയും (2,50,000/-) ഒരേ അക്കൗണ്ട് നമ്പരിൽ ആവർത്തിക്കുന്ന കേസുകൾ | 1537–1538 |
| (C23) | മൂന്നാം കാറ്റഗറിയിലെ CMDRF വിഹിതവും (77500/-) നാലാം കാറ്റഗറിയിലെ CMDRFവിഹിതവും (1,79,000/-) ആവർത്തിക്കുന്ന കേസുകൾ | 1539–1540 |
| (C24) | രണ്ടാം കാറ്റഗറിയും (60,000/-) നാലാം കാറ്റഗറിയും (2,50,000/-) ഒരേ അക്കൗണ്ട് നമ്പരിൽ ആവർത്തിക്കുന്ന കേസുകൾ | 1541–1542 |
| C25) | രണ്ടാം കാറ്റഗറിയും (60,000/-) നാലാം കാറ്റഗറിയിലെ CMDRF വിഹിതവും (1,79,000/-) ആവർത്തിക്കുന്ന കേസുകൾ | 1543–1544 |
| (C26) | രണ്ടാം കാറ്റഗറിയിലെ CMDRF വിഹിതവും (31,500/-) നാലാം കാറ്റഗറിയും (2,50,000/-) ആവർത്തിക്കുന്ന കേസുകൾ | 1545–1548 |
| (C27) | രണ്ടാം കാറ്റഗറിയിലെ CMDRF വിഹിതവും (31,500/-) നാലാം കാറ്റഗറിയിലെ CMDRF വിഹിതവും (1,79,000/-) ആവർത്തിക്കുന്ന കേസുകൾ | 1549–1550 |
| (C28) | രണ്ടാം കാറ്റഗറിയും (60,000/-) മൂന്നാം കാറ്റഗറിയും (1,25,000/-) ആവർത്തിക്കുന്ന കേസുകൾ | 1551–1552 |
| (C29) | രണ്ടാം കാറ്റഗറിയിലെ CMDRF വിഹിതവും (31,500/-) മൂന്നാം കാറ്റഗറിയും (1,25,000/-) ആവർത്തിക്കുന്ന കേസുകൾ | 1553–1554 |
| (C30) | രണ്ടാം കാറ്റഗറിയും (60,000/-) മൂന്നാം കാറ്റഗറിയിലെ CMDRF വിഹിതവും (77,500/-) ആവർത്തിക്കുന്ന കേസുകൾ. | 1555–1556 |

| | | |
|---|---|---|
| (C31) | രണ്ടാം കാറ്റഗറിയിലെ CMDRF വിഹിതവും (31,500/-) മൂന്നാം കാറ്റഗറിയിലെ CMDRF വിഹിതവും (77,500/-) ആവർത്തിക്കുന്ന കേസുകൾ | 155[illegible]8 |
| (C32) | ഒന്നാം കാറ്റഗറിയും (10,000/-) നാലാം കാറ്റഗറിയും (2,50,000/-) ആവർത്തിക്കുന്ന കേസുകൾ | 1559–1560 |
| (C33) | ഒന്നാം കാറ്റഗറിയും (10,000/-) നാലാം കാറ്റഗറിയിലെ CMDRF വിഹിതവും (1,79,000/-) ആവർത്തിക്കുന്ന കേസുകൾ. | 1561–1562 |
| (C34) | ഒന്നാം കാറ്റഗറിയിലെ CMDRF വിഹിതവും (4,800/-) നാലാം കാറ്റഗറിയും (2,50,000/-) ആവർത്തിക്കുന്ന കേസുകൾ | 1563–1568 |
| (C35) | ഒന്നാം കാറ്റഗറിയിലെ CMDRF വിഹിതവും (4,800/-) നാലാം സ്ലാബിലെ CMDRF വിഹിതവും (1,79,000/-) ആവർത്തിക്കുന്ന കേസുകൾ | 1569–1570 |
| (C36) | ഒന്നാം കാറ്റഗറിയും (10,000/-) മൂന്നാം കാറ്റഗറിയും (1,25,000/-) ആവർത്തിക്കുന്ന കേസുകൾ | 1571–1576 |
| (C37) | ഒന്നാം സ്ലാബും (10,000/-) മൂന്നാം സ്ലാബിലെ CMDRF വിഹിതവും (77,500/-) ആവർത്തിക്കുന്ന കേസുകൾ | 1577–1580 |
| (C38) | ഒന്നാം സ്ലാബിലെ CMDRF വിഹിതവും (4,800/-) മൂന്നാം സ്ലാബും (1,25,000/-) ആവർത്തിക്കുന്ന കേസുകൾ | 1581–1582 |
| (C39) | ഒന്നാം സ്ലാബിലെ CMDRF വിഹിതവും (4,800/-) മൂന്നാം സ്ലാബിലെ CMDRF വിഹിതവും (77,500/-) ആവർത്തിക്കുന്ന കേസുകൾ | 1583–1584 |
| (C40) | ഒന്നാം സ്ലാബും (10,000/-) രണ്ടാം സ്ലാബും (60,000/-) ആവർത്തിക്കുന്ന കേസുകൾ | 1585–1594 |
| (C41) | ഒന്നാം സ്ലാബിലെ CMDRF വിഹിതവും (4,800/-) രണ്ടാം സ്ലാബും (60,000/-) ആവർത്തിക്കുന്ന കേസുകൾ | 1595–1596 |
| (C42) | ഒന്നാം സ്ലാബും (10,000/-) രണ്ടാം സ്ലാബിലെ CMDRF വിഹിതവും (31,500/-) ആവർത്തിക്കുന്ന കേസുകൾ | 1597–1604 |
| (C43) | ഒന്നാം സ്ലാബിലെ CMDRF വിഹിതവും (4,800/-) രണ്ടാം സ്ലാബിലെ CMDRF വിഹിതവും (31,500/-) ആവർത്തിക്കുന്ന കേസുകൾ | 1605–1608 |
| (C44) | രണ്ടിൽ കൂടുതൽ പ്രാവശ്യം ഒരേ അക്കൗണ്ട് നമ്പരിൽ തുക ക്രഡിറ്റ് ചെയ്ത കേസുകൾ | 1609–1616 |
| (D1) | അപ്പീൽ കേസുകളുടെ പരിശോധനയ്ക്കായി വിരമിച്ച ഓവർസിയർമാരെ നിയോഗിച്ചു കൊണ്ടുള്ള എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം. | 1617–1626 |

| | | |
|---|---|---|
| (D2) | NIC ലിസ്റ്റിൽ ഉൾപ്പെടാത്ത 6811 അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ ലിസ്റ്റ്. | 1627–1870 |
| (D3) | എറണാകുളം ജില്ലാ കളക്ടറുടെ 24.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D4) | എറണാകുളം ജില്ലാ കളക്ടറുടെ 14.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D5) | എറണാകുളം ജില്ലാ കളക്ടറുടെ 24.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D6) | എറണാകുളം ജില്ലാ കളക്ടറുടെ 05.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D7) | എറണാകുളം ജില്ലാ കളക്ടറുടെ 25.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D8) | എറണാകുളം ജില്ലാ കളക്ടറുടെ 01.03.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D9) | എറണാകുളം ജില്ലാ കളക്ടറുടെ 01.03.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D10) | എറണാകുളം ജില്ലാ കളക്ടറുടെ 28.03.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D11) | എറണാകുളം ജില്ലാ കളക്ടറുടെ 01.04.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമം (Soft Copy). | Soft Copy |
| (D12) | TSB ചെക്കുകൾ | 1871–1880 |
| | അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിച്ച മൊഴികൾ | |
| (E1) | ശ്രീ.എം.ആർ.മഹേഷ്, ക്ലാർക്ക് സമർപ്പിച്ച മൊഴി | 1881–1884 |
| (E2) | ശ്രീ.ധനേഷ് രാജ്.എസ്, സീനിയർ ക്ലാർക്ക് സമർപ്പിച്ച മൊഴി | 1885–1890 |
| (E3) | ശ്രീ.റോണി ഫെലിക്സ്, ക്ലാർക്ക് സമർപ്പിച്ച മൊഴി | 1891–1894 |
| (E4) | ശ്രീമതി.ചിത്ര.എം.എസ്, ക്ലാർക്ക് സമർപ്പിച്ച മൊഴി | 1895–1898 |
| (E5) | ശ്രീ.നിജി കുര്യാക്കോസ്, ക്ലാർക്ക് സമർപ്പിച്ച മൊഴി | 1899–1902 |
| (E6) | ശ്രീമതി.ശ്രീജ.ആർ, ക്ലാർക്ക് സമർപ്പിച്ച മൊഴി | 1903–1906 |
| (E7) | ശ്രീമതി.ചിത്ര.വി.എസ്, ഓഫീസ് അറ്റൻഡന്റ് സമർപ്പിച്ച മൊഴി | 1907–1910 |
| (E8) | ശ്രീമതി.ഷബ്ന, ഹെഡ് ക്ലാർക്ക് സമർപ്പിച്ച മൊഴി | 1911–1914 |

| | | |
|---|---|---|
| (E9) | ശ്രീ.നൂറുള്ളാഖാൻ.എം.പി, ജൂനിയർ സൂപ്രണ്ട് (റിട്ട) സമർപ്പിച്ച മൊഴി | 1915–1916 |
| (E10) | ശ്രീമതി.മീനാകുമാരി, ജൂനിയർ സൂപ്രണ്ട് സമർപ്പിച്ച മൊഴി | 1917–1946 |
| (E11) | ശ്രീ.അഷ്റഫ്, ജൂനിയർ സൂപ്രണ്ട് സമർപ്പിച്ച മൊഴി | 1947–1952 |
| (E12) | ശ്രീമതി.ഷീലാദേവി, ഡെപ്യൂട്ടി കളക്ടർ (റിട്ട) സമർപ്പിച്ച മൊഴി | 1953–1956 |
| (E13) | ശ്രീമതി.സന്ധ്യാദേവി, ഡെപ്യൂട്ടി കളക്ടർ സമർപ്പിച്ച മൊഴി | 1957–1966 |
| (E14) | ശ്രീ. എം.കെ.കബീർ, ഡെപ്യൂട്ടി കളക്ടർ (ജനറൽ) (റിട്ട) സമർപ്പിച്ച മൊഴി | 1967–1970 |
| (E15) | ശ്രീ. ചന്ദ്രശേഖരൻ നായർ, ഡെപ്യൂട്ടി കളക്ടർ (ജനറൽ) സമർപ്പിച്ച മൊഴി | 1971–1978 |
| (E16) | ശ്രീ. ഹരികുമാർ.ജി, ഫിനാൻസ് ഓഫീസർ സമർപ്പിച്ച മൊഴി | 1979–1984 |
| (E17) | ശ്രീ. ജോർജ്ജ് ഈപ്പൻ, അഡീഷണൽ ഡി.ഐ.ഒ സമർപ്പിച്ച മൊഴി | 1985–1992 |
| (E18) | ശ്രീ. മുഹമ്മദ്.വൈ.സഫീറുള്ള ഐ.എ.എസ് സമർപ്പിച്ച സ്റ്റേറ്റ്മെന്റ്, 2018 പ്രളയവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മീറ്റിംഗുകളുടെ ലിസ്റ്റ്, എൻ.ഐ.സി നടത്തിയ പരിശോധനയുടെ 30.03.2019 തീയതിയിലെ റിപ്പോർട്ട് | 1993–2036 |
| (E19) | ശ്രീ. എസ്.സുഹാസ് ഐ.എ.എസ്, സമർപ്പിച്ച സ്റ്റേറ്റ്മെന്റ് | 2037–2044 |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - എറണാകുളം ജില്ലയിൽ പ്രളയ ദുരിതാശ്വാസ വിതരണവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകളുടെ അന്വേഷണത്തിന്റെ ചുമതല - ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

G.O.(Rt) No.488/2020/DMD തീയതി,തിരുവനന്തപുരം, 02/06/2020

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.05.2020 തീയതിയിലെ എൽ.ആർ.ഡി5- 9549/2020 നമ്പർ നടപടിക്രമം.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിൽ പ്രളയ ദുരിതാശ്വാസ വിതരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ചയും സാമ്പത്തിക ക്രമക്കേടും നടത്തിയിട്ടുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ വിശദമായ അന്വേഷണത്തിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി കളക്ടറെ (ഡി.എം) പരാമർശ പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി ഓഫീസർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ അന്വേഷണം നടത്തി ഈ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.എ. ജയതിലക്
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

11

ഉത്തരവിൻ പ്രകാരം

# എക്സിക്യൂട്ടീവ് സമ്മറി

2018 ലെ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ ധനസഹായ വിതരണത്തിൽ എറണാകുളം ജില്ലയിൽ വ്യാപകമായ ക്രമക്കേട് നടന്നിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാരിന്റെ 02.06.2020 ലെ ജി.ഒ (ആർ.റ്റി) 488/2020/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.06.2020ന് എറണാകുളം ജില്ലാ കളക്ടറേറ്റിൽ നേരിട്ടെത്തി ഈ വിഷയവുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥരിൽ കളക്ടറേറ്റിലെ പരിഹാരം സെല്ലിലെ പി2 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.വിഷ്ണു പ്രസാദ് ഒഴികെയുള്ളവരെ നേരിൽ കേൾക്കുകയും മൊഴി രേഖപ്പെടുത്തുകയുമുണ്ടായി. ശ്രീ.വിഷ്ണു പ്രസാദ് പോലീസ് കസ്റ്റഡിയിൽ ആയിരുന്നതിനാൽ ടിയാനെ നേരിൽ കേട്ടിട്ടില്ലാത്തതും മൊഴി രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. അതോടൊപ്പം പ്രളയ ദുരിതാശ്വാസ ധനസഹായവുമായി ബന്ധപ്പെട്ട ലഭ്യമായ രേഖകളുടെ പകർപ്പുകൾ ശേഖരിക്കുകയും കൂടുതൽ രേഖകൾ എറണാകുളം ജില്ലാ കളക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, ലീഡ് ഡിസ്ട്രിക്റ്റ് മനേജർ, ട്രഷറി എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുകയുണ്ടായി. ദുരിതാശ്വാസ ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 03.09.2018 ലെ ജി.ഒ.(എം.എസ്) 18/2018/ഡി.എം.ഡി നമ്പർ ഉത്തരവ് (പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട വിവരശേഖരണവും ക്രോഡീകരണവും പരിശോധനയുമായി ബന്ധപ്പെട്ട ഉത്തരവ്), 26.10.2018 ലെ ജി.ഒ.(എം.എസ്) 24/2018/ ഡി.എം.ഡി നമ്പർ ഉത്തരവ് (വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് അഞ്ച് കാറ്റഗറികളായി തിരിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ്), 11.12.2018 ലെ സ.ഉ.(സാധാ) 671/2018/ഡി.എം.ഡി നമ്പർ ഉത്തരവ് (തുക അനുവദിക്കുന്നത് ഡി.ബി.റ്റി മുഖാന്തിരം മാത്രമേ നൽകാവൂ എന്ന ഉത്തരവ്), 16.02.2019 ലെ സ.ഉ.(സാധാ) 551/2019/റവന്യൂ നമ്പർ ഉത്തരവ് (അപ്പീൽ പരിശോധന നടത്തുന്നതിന് വിരമിച്ച സാങ്കേതിക വിദഗ്ധരെ നിയമിക്കാമെന്ന ഉത്തരവ്), ഇതുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ രേഖകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

26.10.2018 ലെ ജി.ഒ.(എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുള്ള 1 മുതൽ 4 വരെയുള്ള കാറ്റഗറികളിൽ ഉൾപ്പെടുന്ന

ഗുണഭോക്താക്കൾക്ക് മറ്റ് ജില്ലകളിൽ നിന്ന് വ്യത്യസ്തമായി എറണാകുളം ജില്ലയിൽ കേന്ദ്രീകൃത സംവിധാനം വഴിയാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്. (ടി ഉത്തരവിലെ 5-ാം കാറ്റഗറിയിലെ [75% - 100% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ] ധനസഹായ വിതരണവും, അടിയന്തിര ധനസഹായ വിതരണവും [10,000/- രൂപ] താലൂക്ക് തഹസിൽദാർമാർ മുഖാന്തിരം നടത്തിയിട്ടുള്ളതിനാൽ എറണാകുളം കളക്ടറേറ്റ് കേന്ദ്രീകരിച്ചുള്ള ഈ പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്). ആയതിലേക്ക് 03.09.2018 ലെ ജി.ഒ. (എം.എസ്) 18/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം ഫീൽഡിൽ നിന്നും ശേഖരിക്കുന്ന ഡേറ്റയുടെ അടിസ്ഥാനത്തിൽ കളക്ടറേറ്റിലെ എൻ. ഐ. സി വിഭാഗത്തിന്റെ നേതൃത്വത്തിൽ LACMAS സോഫ്റ്റ്‌വെയറിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി MS-Excel ഫോർമാറ്റിൽ ധനസഹായം വിതരണം ചെയ്യുന്ന കളക്ടറേറ്റിലെ പരിഹാരം സെല്ലിലേക്ക് ഇ-മെയിൽ ആയി അയച്ചു കൊടുക്കുകയായിരുന്നു. ഇപ്രകാരം ലഭിക്കുന്ന MS-Excel ഫോർമാറ്റിൽ ഉള്ള ലിസ്റ്റിനെ പരിഹാരം സെല്ലിൽ CSV (Comma Separated Values) ഫോർമാറ്റിൽ ഉള്ള ലിസ്റ്റുകളാക്കി മാറ്റി ബില്ല് തയ്യാറാക്കി നടപടിക്രമം സഹിതം ജില്ലാ കളക്ടറുടെ BIMS ലോഗിനിൽ അപ്‌ലോഡ് ചെയ്ത്, ഓരോ ബില്ലിലുള്ള തുകയുടെ ചെക്ക് സഹിതം ട്രഷറിയിലേക്ക് നൽകുന്നു. ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രളയത്തിൽ തകർന്ന വീടുകളുടെ നാശനഷ്ടം കണക്കാക്കിയതിൽ ആക്ഷേപം ഉന്നയിച്ച് സമർപ്പിച്ച അപ്പീൽ അപേക്ഷകളിന്മേൽ 16.02.2019 ലെ സ.ഉ.(സാധാ) 551/2019/റവന്യൂ നമ്പർ സർക്കാർ ഉത്തരവിന് വിധേയമായി നിയമിച്ചിട്ടുള്ള സാങ്കേതിക വിദഗ്ദന്മാരുടെ സഹായത്തോടെ പുന:പരിശോധന നടത്തി തീരുമാനമെടുക്കുകയും ഉണ്ടായിട്ടുണ്ട്. ഇപ്രകാരമാണ് 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് എറണാകുളം കളക്ടറേറ്റിൽ നിന്നും ധനസഹായം വിതരണം ചെയ്തിട്ടുള്ളത്.

മേൽ വിശദമാക്കിയ പ്രകാരം തുക വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയ നാല് ഡേറ്റകൾ ചുവടെ കുറിക്കുന്നു.

a) കളക്ടറേറ്റിലെ എൻ.ഐ.സി വിഭാഗം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ്.
b) കളക്ടറേറ്റിലെ പരിഹാരം സെൽ വഴി തയ്യാറാക്കിയ BIMS ലിസ്റ്റ്.
c) ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത ട്രഷറി ഡേറ്റ.
d) അപ്പീൽ ഡേറ്റ.

## a) കളക്ടറേറ്റിലെ എൻ. ഐ. സി വിഭാഗം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ പരിശോധന.

എറണാകുളം കളക്ടറേറ്റിലെ എൻ.ഐ.സി വിഭാഗം ഗുണഭോക്താക്കളുടെ 191 ലിസ്റ്റുകൾ തയ്യാറാക്കി തുടർ നടപടികൾക്കായി കളക്ടറേറ്റിലെ പരിഹാരം സെല്ലിലേക്ക് നൽകിയിട്ടുണ്ട്. ടി 191 ലിസ്റ്റുകളിലായി ആകെ 1,06,799 ഗുണഭോക്താക്കൾ ഉൾപ്പെട്ടു വരുന്നു. ടി 191 ലിസ്റ്റുകളിൽ ഉൾപ്പെട്ട 136 ലിസ്റ്റുകളിൽ അക്കൗണ്ട് നമ്പരുകളുടെ ആവർത്തനം ഉണ്ടായിട്ടുണ്ട്. ടി ആവർത്തനങ്ങൾ ഒരേ ലിസ്റ്റിലും വ്യത്യസ്ത ലിസ്റ്റുകളിലുമായി ഉൾപ്പെട്ട് വരുന്നു. അതായത് എൻ.ഐ.സി തയ്യാറാക്കി നൽകിയ 1,06,799 അക്കൗണ്ട് നമ്പരുകളിൽ 6611 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 6570 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യവും, 34 അക്കൗണ്ട് നമ്പരുകൾ മൂന്ന് പ്രാവശ്യവും, 5 അക്കൗണ്ട് നമ്പരുകൾ നാല് പ്രാവശ്യവും, 2 അക്കൗണ്ട് നമ്പരുകൾ ആറ് പ്രാവശ്യവും ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരത്തിൽ ഒരേ അക്കൗണ്ട് നമ്പർ ആവർത്തിച്ച് ഒരേ ലിസ്റ്റിലും വ്യത്യസ്ത ലിസ്റ്റുകളിലുമായി ഉൾപ്പെടുത്തിയത് പ്രകാരം സർക്കാർ ഖജനാവിന് 20,12,80,000/- (ഇരുപത് കോടി പന്ത്രണ്ട് ലക്ഷത്തി എൺപതിനായിരം) രൂപ നഷ്ടമുണ്ടാകുന്നതിന് ഇടവരുന്നതാണ്. കൂടാതെ ഒരേ അക്കൗണ്ട് നമ്പരിൽ വ്യത്യസ്ത തുകകൾ ശുപാർശ ചെയ്തിട്ടുള്ള 540 അക്കൗണ്ട് നമ്പരുകൾ മേൽ പരാമർശിച്ച 6611 അക്കൗണ്ട് നമ്പരുകളിൽ ഉൾപ്പെട്ടു വരുന്നുണ്ട്. ഇത്തരത്തിലുള്ള അക്കൗണ്ട് നമ്പരുകളിൽ ഗുണഭോക്താവിന് ഏത് തുകയ്ക്കാണ് അർഹതയുള്ളതെന്ന് കണ്ടെത്താൻ കഴിയാത്തതിനാൽ ടി തുക ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ടി 540 അക്കൗണ്ട് നമ്പരുകളിലേക്ക് വിതരണം ചെയ്യുന്നതിന് ശുപാർശ ചെയ്യുന്ന തുക 7,07,20,000/- (ഏഴ് കോടി ഏഴ് ലക്ഷത്തി ഇരുപതിനായിരം ) രൂപയാണ്.

11.12.2018 ലെ സ.ഉ.(സാധാ) 671/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി പ്രകാരം തുക വിതരണം ചെയ്യണമെന്നിരിക്കെ ഫലപ്രദമായ ഡീഡ്യൂപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താതെ 6611 അക്കൗണ്ട് നമ്പരുകളിലേക്ക് ആവർത്തിച്ച് തുക വിതരണം ചെയ്യുന്ന രീതിയിൽ ലിസ്റ്റ് തയ്യാറാക്കി നൽകിയത് എറണാകുളം കളക്ടറേറ്റിലെ എൻ.ഐ.സി വിഭാഗത്തിൽ ടി വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

## b) കളക്ടറേറ്റിലെ പരിഹാരം സെൽ വഴി തയ്യാറാക്കിയ Bill Information and Management System (BIMS) ലിസ്റ്റുകളുടെ പരിശോധന

എൻ.ഐ.സി യിൽ നിന്നും ലഭിച്ച 191 ലിസ്റ്റുകളെ CSV ഫോർമാറ്റിലേക്ക് മാറ്റി 203 ലിസ്റ്റുകൾ തയ്യാറാക്കി നടപടിക്രമം സഹിതം ജില്ലാ കളക്ടറുടെ BIMS ലോഗിനിൽ അപ്‌ലോഡ് ചെയ്ത് ചെക്ക് സഹിതം ട്രഷറിയിലേക്ക് നൽകിയിട്ടുണ്ട്. ടി 203 ലിസ്റ്റുകളിലായി 1,04,484 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതും 413,01,45,400/- (നാനൂറ്റി പതിമൂന്ന് കോടി ഒരു ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി നാനൂറ്) രൂപ ഉൾപ്പെടുന്നതുമാണ്. ടി 203 ലിസ്റ്റുകളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും അപ്പീൽ പരിശോധന നടത്തുന്നതിലേക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും ശമ്പളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 10 ലിസ്റ്റുകളിലായി 47 ഉദ്യോഗസ്ഥർക്ക് 9,06,700/- (ഒൻപത് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്) രൂപ വിതരണം ചെയ്തിട്ടുള്ളതാണ്. എൻ.ഐ.സി യിൽ നിന്നും നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട 6174 അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.

ഒരേ അക്കൗണ്ട് നമ്പർ ഒരേ ലിസ്റ്റിൽ ആവർത്തിച്ച് ഉൾപ്പെടുത്തിയും, ഒരേ കാറ്റഗറിയിൽ പെടുന്ന തുക ആവർത്തിച്ച് ലഭിക്കുന്ന രീതിയിൽ വ്യത്യസ്ത ലിസ്റ്റിൽ ഉൾപ്പെടുത്തിയും, വ്യത്യസ്ത കാറ്റഗറിയിലുള്ള തുക ആവർത്തിച്ച് ലഭിക്കുന്ന രീതിയിൽ വ്യത്യസ്ത ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയും BIMS ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്രകാരത്തിൽ 2753 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തുകയുണ്ടായി. അതിൽ 2711 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യവും, 38 അക്കൗണ്ട് നമ്പരുകൾ മൂന്ന് പ്രാവശ്യവും, 4 അക്കൗണ്ട് നമ്പരുകൾ നാല് പ്രാവശ്യവും ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 14,94,41,500/- (പതിനാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി അഞ്ഞൂറ്) രൂപ സർക്കാർ ഖജനാവിന് നഷ്ടം സംഭവിക്കുന്നതിന് ഇടയായിട്ടുണ്ട്. കൂടാതെ ഡി.ബി.റ്റി പ്രകാരമേ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യാവൂ എന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ 10,54,000/- രൂപ അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നമ്പരിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. കൂടാതെ എൻ.ഐ.സി ലിസ്റ്റിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ ഉണ്ടായിരിക്കെ ടി അക്കൗണ്ട് നമ്പരുകൾ മാറ്റി പകരം പൂജ്യം മാത്രമുള്ളതും അഞ്ചിലധികം പൂജ്യത്തിൽ അവസാനിക്കുന്നതുമായ അക്കൗണ്ട് നമ്പരുകൾ 844 ഗുണഭോക്താക്കൾക്ക് നൽകിയത് വഴി ടി കക്ഷികൾക്ക് ധനസഹായം ലഭിക്കാതിരിക്കാൻ കാരണമായിട്ടുണ്ട്. മാത്രവുമല്ല, സർക്കാർ ഉത്തരവിൽ

നിഷ്ക്കർഷിച്ചിട്ടില്ലാത്ത കാറ്റഗറിയിൽ 288 അക്കൗണ്ട് നമ്പരുകളിലേക്ക് രണ്ട് പ്രാവശ്യം തുക അനുവദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. ഈ വിഭാഗത്തിൽ 3,89,27,500/- (മൂന്ന് കോടി എൺപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ്) രൂപ അനുവദിച്ചിട്ടുണ്ട്.

26.10.2018 ലെ സർക്കാർ ഉത്തരവിന് വിരുദ്ധമായി 2019 ഏപ്രിൽ മാസം വരെ CMDRF, SDRF വിഹിതങ്ങൾ CMDRF ൽ നിന്നും മാത്രമായി നൽകുകയുണ്ടായി. ട്രഷറിയിലേക്ക് നൽകുന്ന നടപടിക്രമത്തിലെ തുകയും അതോടൊപ്പം ചേർത്തിട്ടുള്ള ലിസ്റ്റിലെ തുകയും വ്യത്യസ്തങ്ങളായി ചേർത്ത് തുക തട്ടിയെടുക്കുകയുണ്ടായി. പരിഹാരം സെല്ലിലെ പി2 സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.വിഷ്ണു പ്രസാദ് ടിയാന്റെ വിവിധ ബാങ്കുകളിലെ അക്കൗണ്ട് നമ്പരുകൾ വിവിധ BIMS ലിസ്റ്റുകളിൽ ഉൾപ്പെടുത്തി 9,65,000/- രൂപ തട്ടിയെടുത്തിട്ടുണ്ട്.

മേൽ വിശദമാക്കിയ വസ്തുതകളിൽ നിന്നും 413,01,45,400/- രൂപ ധനസഹായം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ചയാണ് ടി വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ. വിഷ്ണു പ്രസാദ് 05.01.2019 മുതൽ 01.04.2019 വരെയുള്ള കാലയളവിൽ ടിയാന്റെ വിവിധ ബാങ്കുകളിലെ അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെടുത്തി 9,65,000/- രൂപ തട്ടിയെടുക്കുകയും, 2753 അക്കൗണ്ട് നമ്പരുകളിലേക്ക് ആവർത്തിച്ച് തുക ക്രഡിറ്റ് ചെയ്യുന്നതിലേയ്ക്കായി ബില്ലുകൾ തയ്യാറാക്കുക വഴി 14,84,46,500/- രൂപ സർക്കാർ ഖജനാവിന് നഷ്ടം വരുത്തും വിധം പ്രവർത്തിച്ചതായി കണക്കാക്കേണ്ടിയിരിക്കുന്നു.

## c) ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത ട്രഷറി ഡേറ്റയുടെ പരിശോധന

എറണാകുളം ജില്ലാ കളക്ടറുടെ STSB അക്കൗണ്ടിൽ നിന്നും 30.08.2018 മുതൽക്കുള്ള ട്രാൻസാക്ഷൻ ഡീറ്റെയിൽസ് ലഭ്യമാക്കി പരിശോധന നടത്തിയതിൽ 2783 അക്കൗണ്ട് നമ്പരുകളിലേക്ക് ആവർത്തിച്ച് തുക ക്രഡിറ്റ് ആയിട്ടുള്ളതായി കാണുന്നു. ആയത് പ്രകാരം സർക്കാർ ഖജനാവിൽ നിന്നും 10,46,75,000/- (പത്ത് കോടി നാൽപ്പത്തിയാറ് ലക്ഷത്തി എഴുപത്തിയയ്യായിരം) രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച 2783 അക്കൗണ്ട് നമ്പരുകളിൽ 2729 അക്കൗണ്ട് നമ്പരുകളിലേക്ക്

2 പ്രാവശ്യവും, 41 അക്കൗണ്ട് നമ്പരുകളിലേക്ക് 3 പ്രാവശ്യവും, 13 അക്കൗണ്ട് നമ്പരുകളിലേക്ക് 4 പ്രാവശ്യവും തുക ക്രഡിറ്റ് ആയിട്ടുണ്ട്.

BIMS ലിസ്റ്റിൽ ഉൾപ്പെടാത്ത 2703 അക്കൗണ്ട് നമ്പരുകളിലേക്ക് ട്രഷറിയിൽ നിന്നും തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള അക്കൗണ്ട് നമ്പരുകളിലെ ആദ്യത്തേയോ അവസാനത്തേയോ ഒന്നോ രണ്ടോ ഡിജിറ്റുകൾ ഒഴിവാക്കി റാൻഡം പരിശോധന നടത്തിയതിൽ ടി അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിലെ അക്കൗണ്ട് നമ്പരുമായി ഏകദേശം സാമ്യം കാണുന്നു. ടി കേസുകളിൽ UTR നമ്പർ BIMS Portal ൽ പരിശോധന നടത്തിയതിൽ BIMS ലിസ്റ്റിൽ ഉൾപ്പെട്ട അതേ അക്കൗണ്ട് നമ്പരിലേക്കാണ് തുക ക്രഡിറ്റ് ആയിട്ടുള്ളതെന്ന് കാണുന്നു. ട്രഷറിയിൽ നിന്നും ഡേറ്റയായി ലഭിച്ച അക്കൗണ്ട് നമ്പരും തുക ക്രഡിറ്റ് ആയ അക്കൗണ്ട് നമ്പരും വ്യത്യസ്തമായി കാണുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധന അനിവാര്യമാണെന്ന് കാണുന്നു.

ഒരു ബാങ്ക് അക്കൗണ്ടായി പരിഗണിക്കുവാൻ കഴിയാത്ത വിധത്തിൽ ഒരു പൂജ്യം മാത്രമുള്ളതും, അഞ്ചിൽ കൂടുതൽ പൂജ്യങ്ങളിൽ അവസാനിക്കുന്ന വിധത്തിലുള്ള 30 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ട്രഷറി ലിസ്റ്റിൽ കാണുന്നു. അത്തരത്തിലുള്ള ചില അക്കൗണ്ട് നമ്പരുകളിലേക്ക് തുക ക്രഡിറ്റ് ആയതായി ട്രഷറി സ്റ്റാറ്റസിൽ കാണിക്കുന്നുണ്ടെങ്കിലും റാൻഡമായി UTR നമ്പർ പരിശോധന നടത്തിയതിൽ അത്തരത്തിലുള്ള അക്കൗണ്ട് നമ്പരുകളിലേക്ക് തുക ക്രഡിറ്റ് ആയി കാണുന്നില്ല. ഈ അക്കൗണ്ട് നമ്പരുകളിൽപ്പെട്ടതും അത് പോലെ മറ്റ് വിധത്തിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ട് നമ്പരുകളിലും പെടുന്ന തുക പൂൾ അക്കൗണ്ടിൽ വരുകയും അക്കൗണ്ട് നമ്പരുകൾ എഡിറ്റ് ചെയ്ത് നൽകുന്ന മുറയ്ക്ക് ടി അക്കൗണ്ടുകളിലേക്ക് തുക മാറ്റപ്പെടുകയും ചെയ്യപ്പെടും. മേലധികാരികളുടെ അറിവോ സമ്മതമോ കൂടാതെ അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്യുവാൻ കഴിയുന്നതാണ്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും എഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പരുകളുടെ വിവരം ട്രഷറിയിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പൂൾ അക്കൗണ്ടിൽ നിന്നും തുക ഏതെങ്കിലും അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ആയത് ധനകാര്യ വിഭാഗം മുഖേന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## d) അപ്പീൽ ഡേറ്റാ പരിശോധന

എറണാകുളം കളക്ടറേറ്റിൽ നിന്നും ലഭ്യമായ ഡേറ്റ പ്രകാരം 33,310 അപ്പീൽ അപേക്ഷകളാണ് ലഭിച്ചിരുന്നത്. അതിൽ 30135 അപ്പീൽ അനുവദിച്ചിരുന്നതും ബാക്കിയുള്ളത് നിരസിച്ചിട്ടുള്ളതുമാണ്. അപ്പീൽ ഡേറ്റ പരിശോധിച്ചതിൽ ഒരേ അക്കൗണ്ട് നമ്പരിലുള്ള ഗുണഭോക്താവിന്റെ അപ്പീൽ ഒന്നിലധികം തവണ പരിഗണിച്ചിട്ടുള്ളതായും അതിൽ തന്നെ വ്യത്യസ്ത തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. അപ്പീൽ കേസുകൾ പരിശോധിക്കുവാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ കൃത്യവിലോപം സംഭവിച്ചിട്ടുണ്ടെന്നത് സ്പഷ്ടമാണ്.

മേൽ വിശദമാക്കിയ വസ്തുതകൾ കൂടാതെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് ചട്ടങ്ങളിലും നിയമങ്ങളിലും നിഷ്ക്കർഷിക്കുന്ന രജിസ്റ്ററുകൾ യാതൊന്നും തന്നെ CMDRF വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതുമാണ്.

എറണാകുളം ജില്ലയിലെ 2018 ലെ പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട പരിശോധനയെ തുടർന്നുള്ള ശുപാർശകൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 1. ആമുഖം.

എറണാകുളം ജില്ലയിലെ 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ ധനസഹായ വിതരണത്തിൽ ക്രമക്കേട് നടന്നിട്ടുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി 02.06.2020 ലെ സ.ഉ (ആർ.റ്റി) നം.488/2020/ഡി.എം.ഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 10.06.2020 തീയതി അന്വേഷണ ഉദ്യോഗസ്ഥനായ ജോയിന്റ് കമ്മീഷണർ എറണാകുളം കളക്ടറേറ്റ് സന്ദർശിക്കുകയും, 2018 ലെ പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട ലഭ്യമായ രേഖകളുടെ പകർപ്പുകൾ ശേഖരിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ കേട്ട് മൊഴികൾ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർന്ന് കൂടുതൽ രേഖകൾ എറണാകുളം ജില്ലാ കളക്ടർ, എൻ.ഐ.സി, എറണാകുളം ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ, ട്രഷറി എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കി.

03.09.2018 ലെ ജി.ഒ. (എം.എസ്) 18/2018/ഡി.എം.ഡി നമ്പർ ഉത്തരവിൽ പ്രളയക്കെടുതി സംബന്ധിച്ച വിവരശേഖരണവും ക്രോഡീകരണവും പരിശോധനയും കംപ്യൂട്ടർ അധിഷ്ഠിതമായി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ദുരന്തബാധിതമായ എല്ലാ വീടുകളുടേയും നിലവിലെ സ്ഥിതി ഒരു മൊബൈൽ ആപ്പ് വഴി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം എത്രയും വേഗം രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടി ആരംഭിക്കേണ്ടതാണെന്നും ഇങ്ങനെ തയ്യാറാക്കുന്ന ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം തദ്ദേശ ഭരണ സ്ഥാപനതല എഞ്ചിനീയർമാരും അവരെ സഹായിക്കുവാനായി രൂപീകരിക്കുന്ന പ്രാദേശിക സാങ്കേതിക വിദഗ്ദരും അടങ്ങുന്ന പാനലിനെ ഏൽപ്പിക്കേണ്ടതും, അവർ നേരിട്ട് നടത്തുന്ന സ്ഥലപരിശോധനയുടേയും നാശനഷ്ട വിലയിരുത്തലിന്റേയും അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

2018 ഓഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാ പ്രളയത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 5 കാറ്റഗറികളായി തിരിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ പ്രകാരം സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കാറ്റഗറികൾ ചുവടെ ചേർക്കുന്നു.

| കാറ്റഗറി | വീടുകളുടെ നാശ നഷ്ടത്തിന്റെ തോത് | SDRF (Rs) | | CMDRF (Rs) | | TOTAL (Rs) |
|---|---|---|---|---|---|---|
| | | മലയോരം | സമതലം | മലയോരം | സമതലം | |
| 1 | 15% വരെ | 5200 | | 4800 | | 10,000 |
| 2 | 16% – 29% വരെ | 30500 | 28500 | 29500 | 31500 | 60,000 |
| 3 | 30% – 59% വരെ | 51000 | 47500 | 74000 | 77500 | 1,25,000 |
| 4 | 60% – 74% വരെ | 76500 | 71000 | 173500 | 179000 | 2,50,000 |
| 5 | 75% – 100% വരെ | 101900 | 95100 | 298100 | 304900 | 4,00,000 |

2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാ പ്രളയവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറിയ 1,79,879 കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി 10,000/- രൂപ ക്രമത്തിൽ 179,87,90,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത് തഹസിൽദാർമാർ മുഖാന്തിരമാണ്. ആയതിലേക്ക് ആവശ്യമായ തുക കളക്ടറേറ്റിൽ നിന്നും തഹസിൽദാർമാർക്ക് അലോട്ട്മെന്റായി നൽകിയിട്ടുള്ളതാണെന്ന് കാണുന്നു. 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ 5-ാം കാറ്റഗറി പ്രകാരം വീടുകൾക്ക് പൂർണ്ണമായും (75% - 100%) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ധനസഹായം ഗഡുക്കളായി വിതരണം ചെയ്തതും താലൂക്ക് തഹസിൽദാർമാർ വഴിയാണ്. ആയത് കൊണ്ട് **അടിയന്തിര ധനസഹായം അനുവദിച്ച കേസുകളും, പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് നൽകിയ ധനസഹായ വിതരണം സംബന്ധിച്ച വിവരങ്ങളും കളക്ടറേറ്റ് കേന്ദ്രീകരിച്ചുള്ള ധനസഹായ വിതരണമല്ലാത്തതിനാൽ ഈ അന്വേഷണത്തിന്റെ ഭാഗമാക്കിയിട്ടില്ലാത്തതാണ്.**

2018 ലെ പ്രളയ ദുരിതാശ്വാസ ധനസഹായം സംബന്ധിച്ച 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ 1, 2, 3, 4 കാറ്റഗറി പ്രകാരമുള്ള തുക കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്നും വ്യത്യസ്തമായി എറണാകുളം കളക്ടറേറ്റിൽ കേന്ദ്രീകൃത സംവിധാനത്തിലൂടെയാണ് വിതരണം ചെയ്തിട്ടുള്ളത്.

**Flow Chart- Flood Relief Payment (Partial)**




പ്രളയക്കെടുതിയിൽ വീടുകൾക്ക് സംഭവിച്ച നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 26.10.2018 ലെ സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുള്ള 4 കാറ്റഗറിയിൽപ്പെട്ട ആശ്വാസ ധനസഹായമായി കളക്ടറേറ്റിലെ പരിഹാരം സെൽ വഴി തുക വിതരണം ചെയ്ത കേസുകളെ സംബന്ധിച്ച പരിശോധനയാണ് നടത്തിയിട്ടുള്ളത്. ഇപ്രകാരത്തിൽ ധനസഹായം വിതരണം നടത്തിയതിൽ സംഭവിച്ച ക്രമക്കേടുകൾ കണ്ടെത്തുന്നതിന് 4 വിധത്തിലുള്ള ഡേറ്റകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് Mandatory ആയി ഒരു 'field' ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ unique ആയി അക്കൗണ്ട് നമ്പർ അടിസ്ഥാനമാക്കിയാണ് ഈ പരിശോധനയിൽ ചുവടെ ചേർത്ത 4 ഡേറ്റകൾ വിശകലനം ചെയ്തിട്ടുള്ളത്.

I. കളക്ടറേറ്റിലെ NIC വിഭാഗം പരിഹാരം സെല്ലിലേക്ക് നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് .

II. കളക്ടറേറ്റിലെ പരിഹാരം സെൽ വഴി തയ്യാറാക്കിയ BIMS ലിസ്റ്റ് .

III. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത ട്രഷറി ഡേറ്റ.

IV. അപ്പീൽ ഡേറ്റ.

03.09.2018 ലെ ജി.ഒ. (എം.എസ്) 18/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ വോളണ്ടിയർമാർ ഫീൽഡിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും, ഇപ്രകാരത്തിൽ ശേഖരിച്ച ഡേറ്റയുടെ അടിസ്ഥാനത്തിൽ എറണാകുളം കളക്ടറേറ്റിലെ NIC വിഭാഗത്തിന്റെ നേതൃത്വത്തിൽ LACMAS സോഫ്റ്റ്വെയറിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. ഇങ്ങനെ തയ്യാറാക്കിയ ഗുണഭോക്താക്കളുടെ MS Excel ഫോർമാറ്റിലുള്ള ലിസ്റ്റ് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ കൈകാര്യം ചെയ്യുന്ന കളക്ടറേറ്റിലെ "പരിഹാരം സെല്ലി"ലേക്ക് ഇ-മെയിൽ ആയി അയച്ച് കൊടുത്തിരുന്നു. ഇപ്രകാരത്തിലുള്ള ഗുണഭോക്താക്കളുടെ 191 ലിസ്റ്റുകൾ ഇ-മെയിലായി അയച്ച് കൊടുത്തിട്ടുണ്ടെന്ന് എറണാകുളം ജില്ലയിലെ NIC യിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ ഓഫീസറായ ശ്രീ.ജോർജ്ജ് ഈപ്പൻ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട് (Annexure **A1** ) (Soft Copy).

NIC യിൽ നിന്നും എറണാകുളം കളക്ടറേറ്റിലെ പരിഹാരം സെല്ലിലേക്ക് അയച്ചു കൊടുത്ത 191 ഇ-മെയിൽ ലിസ്റ്റുകളുടെ സംഗ്രഹം ചേർക്കുന്നു (Annexure **A2**). ഇ-മെയിലിന് പ്രത്യേകം പേര് നൽകിയിട്ടില്ലാത്തതിനാൽ മെയിൽ അയച്ച തീയതിയും സമയവും ചേർത്ത് `File Name `എന്ന് ചേർത്തിട്ടുണ്ട്. ഒരേ മെയിലിൽ തന്നെ ഒന്നിൽ കൂടുതൽ ലിസ്റ്റുകൾ അയച്ചിട്ടുള്ളതിനാൽ (attachments) തിരിച്ചറിയുന്നതിന് 1,2,3.... എന്ന് സബ് നമ്പരും നൽകിയിട്ടുണ്ട്. ഉദാ: 31.12.2018 തീയതി 02.47 മണിയ്ക്ക് അയച്ച ഇ മെയിലിൽ ഒന്നാമത്തെ അറ്റാച്ച്മെന്റ് ആയി ലഭിച്ച ലിസ്റ്റിനെ 311220180247-1 എന്ന് ഫയൽ നെയിം നൽകിയിരിക്കുന്നു.

ടി 191 ഇ-മെയിൽ ലിസ്റ്റുകൾ സോഫ്റ്റ് കോപ്പിയായി ചേർത്തിട്ടുണ്ട് (Annexure **A3** ).

## 2. എറണാകുളം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിൽ നിന്നുള്ള ലിസ്റ്റുകളുടെ പരിശോധന.

ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് NIC യിൽ നിന്നും എറണാകുളം കളക്ടറേറ്റിലേക്ക് നൽകിയ 191 ലിസ്റ്റുകളിലായി 1,06,799 ഗുണഭോക്താക്കൾ ഉൾപ്പെട്ടു വരുന്നു. ടി ലിസ്റ്റിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും, അപ്പീൽ പരിശോധന നടത്തുന്നതിലേക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ശമ്പളം വിതരണം ചെയ്യുന്നതിലേക്കുള്ള ലിസ്റ്റും ഉൾപ്പെട്ട് വരുന്നുണ്ട്. NIC യിൽ നിന്നും നൽകിയ 191 ലിസ്റ്റുകൾ വിശദമായി പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2(a) അക്കൗണ്ട് നമ്പർ ഒരേ ലിസ്റ്റിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ലിസ്റ്റിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ.

2(b) വ്യത്യസ്ത ലിസ്റ്റുകളിൽ ഒരേ അക്കൗണ്ട് നമ്പരും ഒരേ തുകയും ആവർത്തിക്കുന്ന കേസുകൾ.

2(c) ഒരേ അക്കൗണ്ട് നമ്പർ - വ്യത്യസ്ത ഫയലുകൾ, വ്യത്യസ്ത തുകകൾ.

2(d) ഒരേ അക്കൗണ്ട് നമ്പർ - വ്യത്യസ്ത ഫയലുകൾ, സർക്കാർ കാറ്റഗറിയിൽ പരാമർശിച്ചിട്ടില്ലാത്ത തുകകൾ.

ഇതുമായി ബന്ധപ്പെട്ട {2(a,b,c,d)} വിശദ വിവരങ്ങൾ ചുവടെ കുറിക്കുന്നു.

### 2(a) ഒരേ അക്കൗണ്ട് നമ്പർ ഒരേ ലിസ്റ്റിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ലിസ്റ്റിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ (Annexure A4).

**(i) <u>ഫയൽ 281220180641 തീയതി 28.12.2018 തുക 10000/- വീതം.</u>**

ഈ ഫയൽ പ്രകാരം 814 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ചു കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 18 ആണ്. 4 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിലും ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ വ്യത്യസ്ത ലിസ്റ്റുകളിലുമാണ് ആവർത്തിച്ചു വരുന്നത്. ഈ ലിസ്റ്റിൽ ആവർത്തിച്ചു വരുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 1 മുതൽ 8 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(ii) ഫയൽ 311220180247-1 തീയതി 31.12.2018 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 1367 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 62 ആണ്. 14 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിൽ തന്നെ ആവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ടി ലിസ്റ്റിൽ 10,000/- രൂപ ശുപാർശ ചെയ്ത 37907956474 എന്ന അക്കൗണ്ട് നമ്പർ 180420190607-2 എന്ന ഫയലിൽ 1,25,000/- രൂപയ്ക്ക് കൂടി ശുപാർശ ചെയ്ത് ആവർത്തിക്കുന്നുണ്ട്. മറ്റ് അക്കൗണ്ട് നമ്പരുകൾ വ്യത്യസ്ത ലിസ്റ്റുകളിലാണ് ആവർത്തിച്ചിട്ടുള്ളത്. ഇതേ ലിസ്റ്റിൽ ആവർത്തിക്കുന്ന 14 അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം. 9 മുതൽ 37 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(iii) ഫയൽ 311220180247-2 തീയതി 31.12.2018 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 936 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 38 ആണ്. 4 അക്കൗണ്ട് നമ്പരുകൾ ടി ലിസ്റ്റിലും ബാക്കിയുള്ളത് മറ്റ് ലിസ്റ്റുകളിലുമാണ് ആവർത്തിച്ച് വരുന്നത്. ഇതേ ലിസ്റ്റിൽ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 38 മുതൽ 45 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(iv) ഫയൽ 311220180247-3 തീയതി 31.12.2018 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 802 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ച് കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 57 ആണ്. 21 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിൽ തന്നെ ആവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ വ്യത്യസ്ത ലിസ്റ്റുകളിലായി ആവർത്തിച്ചു വരുന്നു. ഇതേ ലിസ്റ്റിൽ ആവർത്തിച്ചു വരുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 46 മുതൽ 87 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(v) ഫയൽ 030120191128 തീയതി 03.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 2923 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 157 ആണ്. ഈ ലിസ്റ്റിൽ തന്നെ 27 അക്കൗണ്ട് നമ്പരുകൾ ആവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ മറ്റ് ലിസ്റ്റുകളിൽ ആവർത്തിച്ച് വരുന്നു. ഈ ലിസ്റ്റിൽ 10,000/-

രൂപയ്ക്ക് ശുപാർശ ചെയ്ത 104053000008666 എന്ന അക്കൗണ്ട് നമ്പർ 060120200505-1 എന്ന നമ്പർ ഫയലിൽ 60,000/- രൂപയ്ക്ക് കൂടി ശുപാർശ ചെയ്ത് ആവർത്തിക്കുന്നുണ്ട്. ഈ ലിസ്റ്റിൽ ആവർത്തിച്ചു വരുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 88 മുതൽ 142 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(vi) ഫയൽ 030120190259-2 തീയതി 03.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 1406 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 79 ആണ്. 14 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിൽ ആവർത്തിച്ചിട്ടുണ്ട്. അതിൽ 70234529119001 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 79, 80, 81, 82 എന്നായി Jasmine Ibrahimkutty എന്ന പേരിൽ 4 പ്രാവശ്യം ഉൾപ്പെടുത്തി കാണുന്നു. കൂടാതെ 770702010003692 എന്ന അക്കൗണ്ട് നമ്പർ Pradeep.K.N പേരിൽ 5 പ്രാവശ്യം ഇതേ ലിസ്റ്റിലും 20.05.2019 ലെ 200520190420-8 എന്ന ഫയലിൽ ക്രമ നം 179 ആയും ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അക്കൗണ്ട് നമ്പരുകൾ മറ്റ് ഫയലുകളിൽ ആവർത്തിച്ച് വരുന്നു. ഇതേ ലിസ്റ്റിൽ തന്നെ ആവർത്തിച്ചിട്ടുള്ള അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 143 മുതൽ 176 വരെയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**(vii) ഫയൽ 030120190259-3 തീയതി 03.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 1514 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 851 ആണ്. 26 അക്കൗണ്ട് നമ്പരുകൾ ഈ ലിസ്റ്റിലും ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ മറ്റ് ലിസ്റ്റുകളിലുമായിട്ടാണ് ആവർത്തിക്കുന്നത്. ഈ ലിസ്റ്റിൽ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 177 മുതൽ 228 വരെയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**(viii) ഫയൽ 070120190142-1 തീയതി 07.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 1565 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ച് കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 66 ആണ്. 8 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. അതിൽ 484243018 എന്ന അക്കൗണ്ട് നമ്പർ ഈ ലിസ്റ്റിൽ വ്യത്യസ്ത പേരുകളിലായി 5 പ്രാവശ്യവും ഇതേ അക്കൗണ്ട് നമ്പർ 20.05.2019 ലെ 200520190420-8 എന്ന ഫയലിൽ

ക്രമ നം 507 ആയി മറ്റൊരു പേരിലും ആവർത്തിച്ച് കാണുന്നു. മറ്റ് അക്കൗണ്ട് നമ്പരുകൾ മറ്റുള്ള ഫയലുകളിലാണ് ആവർത്തിച്ചിട്ടുള്ളത്. ഈ ലിസ്റ്റിൽ ആവർത്തിച്ച് വരുന്ന അക്കൗണ്ട് നമ്പരുകളുടെ വിവരം Annexure **A4** ൽ ക്രമ നം 229 മുതൽ 248 വരെയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ix)** **ഫയൽ 070120190608-2 തീയതി 07.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 1277 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ച് കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 42 ആണ്. 13 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിലും അവശേഷിക്കുന്നവ മറ്റ് ലിസ്റ്റുകളിലുമായും ആവർത്തിക്കുന്നു. ഈ ലിസ്റ്റിൽ ആവർത്തിച്ച് വരുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 249 മുതൽ 274 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(x)** **ഫയൽ 070120190608-6 തീയതി 07.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 85 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 12920100098131 എന്ന ഒരു അക്കൗണ്ട് നമ്പർ ക്രമ നം 63 Eldho.K.V, ക്രമ നം. 64 Edlho.K.Vഎന്നിങ്ങനെ പേരിൽ മാറ്റം വരുത്തി ആവർത്തിക്കുന്നുണ്ട് (Annexure **A4** ൽ ക്രമ നം 275, 276 എന്നായി ചേർത്തിട്ടുണ്ട്).

**(xi)** **ഫയൽ 070120190608-7 തീയതി 07.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 160 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 17 ആണ്. അതിൽ 4 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യവും, 20252420836 എന്ന അക്കൗണ്ട് നമ്പർ Hussain.T.M എന്ന പേരിൽ 3 പ്രാവശ്യവും (ക്രമ നം 92, 93, 94) Shaniba എന്ന പേരിൽ (ക്രമ നം 95) ഒരു പ്രാവശ്യവും ഇതേ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന അക്കൗണ്ട് നമ്പരുകൾ വ്യത്യസ്ത ലിസ്റ്റുകളിൽ ആവർത്തിക്കുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ട ആവർത്തനങ്ങൾ Annexure **A4** ൽ ക്രമ നം 277 മുതൽ 288 വരെയായി ചേർത്തിട്ടുണ്ട്.

**(xii) ഫയൽ 110120191216-1 തീയതി 11.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 543 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 34 ആണ്. അതിൽ 6 അക്കൗണ്ട് നമ്പരുകൾ രണ്ട് തവണയും ഒരു അക്കൗണ്ട് നമ്പർ നാല് തവണയും (വ്യത്യസ്ത പേരുകളിൽ) ഇതേ ലിസ്റ്റിൽ ആവർത്തിച്ചിട്ടുണ്ട്. മറ്റ് അക്കൗണ്ട് നമ്പരുകൾ വ്യത്യസ്ത ലിസ്റ്റുകളിൽ ആവർത്തിക്കുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ട ആവർത്തനങ്ങൾ Annexure **A4** ൽ ക്രമ നം. 289 മുതൽ 304 വരെയായി ചേർത്തിട്ടുണ്ട്.

**(xiii) ഫയൽ 110120191216-2 തീയതി 11.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 749 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 48 ആണ്. 21 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിൽ ആവർത്തിക്കുന്നു. ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ മറ്റ് ലിസ്റ്റുകളിൽ ഉൾപ്പെട്ടു വരുന്നു. ഈ ലിസ്റ്റിൽ ആവർത്തിച്ച് വരുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 305 മുതൽ 346 വരെയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**(xiv) ഫയൽ 110120191216-3 തീയതി 11.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 363 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ച് കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 13 ആണ്. 2 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിൽ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. 830101013462 എന്ന അക്കൗണ്ട് നമ്പർ 3 പ്രാവശ്യം ഈ ലിസ്റ്റിൽ ക്രമ നം 82, 83, 84 എന്നിവയായി Ibi Joy യുടെ പേരിൽ ഉൾപ്പെടുത്തി കാണുന്നു. ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ മറ്റ് ലിസ്റ്റുകളിൽ ഉൾപ്പെട്ടു വരുന്നു. ഈ ലിസ്റ്റിൽ ആവർത്തിച്ച് വരുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 347 മുതൽ 351 വരെയായി ചേർത്തിട്ടുണ്ട്.

**(xv) ഫയൽ 120120191150-1 തീയതി 12.01.2019 തുക 10000/- വീതം.**

ഈ ഫയൽ പ്രകാരം 1883 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 69 ആണ്. 14 അക്കൗണ്ട് നമ്പരുകൾ ഇതേ ലിസ്റ്റിലും ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ

മറ്റ് ലിസ്റ്റുകളിലുമായി ആവർത്തിച്ച് വരുന്നു. ഈ ലിസ്റ്റിൽ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ ലിസ്റ്റ് Annexure **A4** ൽ ക്രമ നം. 352 മുതൽ 379 വരെയായി ചേർത്തിട്ടുണ്ട്.

**(xvi)** **ഫയൽ 130220190657-3 തീയതി 13.02.2019 തുക 60000/- വീതം.**

ഈ ഫയലിൽ 1015 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ച് കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 8 ആണ്. ഇതേ ലിസ്റ്റിൽ 1 അക്കൗണ്ട് നമ്പരും ബാക്കിയുള്ളത് വ്യത്യസ്ത ലിസ്റ്റുകളിലുമായി ആവർത്തിച്ച് വരുന്നു. ഈ ലിസ്റ്റിൽ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ ലിസ്റ്റ് Annexure **A4** ൽ ക്രമ നം 380, 381 എന്നായി ചേർത്തിട്ടുണ്ട്.

**(xvii)** **ഫയൽ 180420190607-3 തീയതി 18.04.2019 തുക 60000/- വീതം.**

ഈ ഫയൽ പ്രകാരം 5535 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ച് കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 191 ആണ്. ഇതേ ലിസ്റ്റിൽ 4 അക്കൗണ്ട് നമ്പരുകൾ ആവർത്തിക്കുന്നുണ്ട്. 856510110007229 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 1149, 1338 എന്നിവയായി യഥാക്രമം Susheela Vasudevan, Shaiju.C.V എന്നിവരുടെ പേരിലായി ഇതേ ലിസ്റ്റിലും, 02.04.2019 ലെ 020420190559-2 എന്ന ഫയലിൽ ക്രമ നം 388 ആയി Susheela Vasudevan എന്നവരുടെ പേരിലും ഉൾപ്പെട്ട് കാണുന്നു. 856010110013189 എന്ന അക്കൗണ്ട് നമ്പർ 373, 374 എന്ന ക്രമ നമ്പരുകളിലായി യഥാക്രമം Jayaradhakrishnan, Babu.M.K എന്നവരുടെ പേരിലായി ഇതേ ലിസ്റ്റിലും 020420190559-2 നമ്പർ ഫയലിൽ ക്രമ നം 199 ആയി Jayaradhakrishnan പേരിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 10160100178359 എന്ന അക്കൗണ്ട് നമ്പർ ക്രമ നം. 2331 ആയി Mini Benny എന്ന പേരിലും, ക്രമ നം 2332 ആയി Mercy Antony എന്നവരുടെ പേരിലുമായി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, 02.04.2019 ലെ 020420190559 നമ്പർ ഫയലിൽ ക്രമ നം 1823 ആയി Mercy Antony പേരിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 345002010008424 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 5166 ആയി Usha.C.J യുടെ പേരിലും ക്രമ നം 5167 ആയി Rosely എന്നവരുടെ പേരിലുമായി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 15.05.2019 ലെ 150520190729-1 എന്ന ഫയലിൽ ക്രമ നം 2187 ആയും, 02.04.2019 ലെ 020420190559-2 നമ്പർ ഫയലിൽ ക്രമ നം 5202 ആയും Usha.C.J യുടെ പേര് ഉൾപ്പെടുത്തി കാണുന്നു. കൂടാതെ 20760100027007 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 2427 Nibin.K.B യുടെ പേരിലും ക്രമ നം 3595 ആയി Babu.K.K എന്നയാളിന്റെ പേരിലും

ഉൾപ്പെട്ടിട്ടുള്ളതും ഇതേ അക്കൗണ്ട് നമ്പർ 02.04.2019 ലെ 020420190559-2 നമ്പർ ഫയലിൽ ക്രമ നം. 3304 ആയും 15.05.2019 ലെ 150520190729-1 നമ്പർ ഫയലിൽ ക്രമ നം 300 ആയും Babu.K.K യുടെ പേരിലും ഉൾപ്പെട്ടു കാണുന്നു. ബാക്കിയുള്ള അക്കൗണ്ട് നമ്പരുകൾ മറ്റ് ഫയലുകളിൽ ഉൾപ്പെട്ടു വരുന്നു. ഈ ഫയലിലെ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ ലിസ്റ്റ് Annexure **A4** ൽ ക്രമ നം. 382 മുതൽ 398 വരെയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**(xviii)** **<u>ഫയൽ 180420190607-4 തീയതി 18.04.2019 തുക 10000/- വീതം.</u>**

ഈ ഫയൽ പ്രകാരം 2649 ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 56 ആണ്. ഇതേ ലിസ്റ്റിൽ 856110510000130 എന്ന അക്കൗണ്ട് ക്രമ നം. 709 ആയി Seena Reghu എന്ന പേരിലും ക്രമ നം. 710 ആയി Sarasa എന്ന പേരിലും ആവർത്തിക്കുന്നു. ബാക്കി അക്കൗണ്ട് നമ്പരുകൾ മറ്റ് വ്യത്യസ്ത ലിസ്റ്റുകളിലായി ആവർത്തിക്കുന്നു. ഈ ഫയലിൽ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ ലിസ്റ്റ് Annexure **A4** ൽ ക്രമ നം 399, 400 എന്നിവയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**(xix)** **<u>ഫയൽ 310820190636-1 തീയതി 31.08.2019 തുക 60000/- വീതം.</u>**

ഈ ഫയലിൽ 477 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അയച്ചു കൊടുത്തിട്ടുള്ളത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങളുടെ എണ്ണം 15 ആണ്. ഇതേ ലിസ്റ്റിൽ 33010978960 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 248 ആയി Gracy Francis, ക്രമ നം. 249 ആയി C.P.Rajan എന്നിവരുടെ പേര് ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. അവശേഷിക്കുന്ന അക്കൗണ്ട് നമ്പരുകൾ വ്യത്യസ്ത ഫയലുകളിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ലിസ്റ്റിലെ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകൾ Annexure **A4** ൽ ക്രമ നം 401, 402 എന്നായി ചേർത്തിട്ടുണ്ട്.

മേൽ വിശദമാക്കിയ 19 ഫയലുകളിൽ ഒരേ അക്കൗണ്ട് നമ്പർ അതേ ലിസ്റ്റിൽ തന്നെ ആവർത്തിച്ച് ഉൾപ്പെടുത്തിയത് പ്രകാരം 29,95,000/- രൂപ അധികമായി നൽകുന്ന രീതിയിൽ ലിസ്റ്റ് തയ്യാറാക്കി നൽകുകയുണ്ടായി. ആദ്യമായി ഇ-മെയിൽ ആയി ലിസ്റ്റ് നൽകുന്നത് 28.12.2018 തീയതിയിലാണ് (814 ഗുണഭോക്താക്കൾ). ടി ലിസ്റ്റിൽ തന്നെ 4 അക്കൗണ്ടുകൾ ആവർത്തിച്ചിട്ടുണ്ട്. തുടർന്ന് 31.12.2018 ന് നൽകിയ ഇ-മെയിലിലെ 3

അറ്റാച്ച്മെന്റുകളായി നൽകിയ ലിസ്റ്റിൽ 43 അക്കൗണ്ട് നമ്പരുകൾ ആവർത്തിക്കുകയുണ്ടായി. സാമ്പത്തിക ഇടപാടുള്ള വിഷയത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയതിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

**ഒരേ അക്കൗണ്ട് നമ്പർ ഒരേ ലിസ്റ്റിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ലിസ്റ്റിലുമായും ആവർത്തിച്ചിട്ടുള്ള കേസുകളുടെ സംഗ്രഹം.**

| ക്രമ നം | ഫയൽ നമ്പർ | തീയതി | ഗുണഭോക്താക്കളുടെ എണ്ണം | ശുപാർശ തുക | അതേ ലിസ്റ്റിൽ ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ എണ്ണം | ആവർത്തനങ്ങളുടെ എണ്ണം | ആവർത്തനം മൂലം അധികമായി ശുപാർശ ചെയ്യപ്പെട്ട തുക (രൂപ) |
|---|---|---|---|---|---|---|---|
| 1 | 281220180641 | 28.12.2018 | 814 | 10,000/- രൂപ വീതം | 4 | 4 | 4*10,000 = **40,000** |
| 2 | 311220180247-1 (180420190607-2) | 31.12.2018 (18.04.2019) | 1367 | 10,000/- രൂപ വീതം | 14 | 15 | (14*10000)+ (1*125000) = **2,65,000** |
| 3 | 311220180247-2 | 31.12.2018 | 936 | 10,000/- രൂപ വീതം | 4 | 4 | 4*10,000 = **40,000** |
| 4 | 311220180247-3 | 31.12.2018 | 802 | 10,000/- രൂപ വീതം | 21 | 21 | 21*10,000 = **2,10,000** |
| 5 | 030120191128 (060120200505-1) | 03.01.2019 (06.01.2020) | 2923 | 10,000/- രൂപ വീതം | 27 | 28 | (27*10000)+ (1*60000) = **3,30,000** |
| 6 | 030120190259-2 | 03.01.2019 | 1406 | 10,000/- രൂപ വീതം | 14 | 20 | 20*10,000 = **2,00,000** |
| 7 | 030120190259-3 | 03.01.2019 | 1514 | 10,000/- രൂപ വീതം | 26 | 26 | 26*10,000 =**2,60,000** |
| 8 | 070120190142-1 | 07.01.2019 | 1565 | 10,000/- രൂപ വീതം | 8 | 12 | 12*10,000 = **1,20,000** |
| 9 | 070120190608-2 | 07.01.2019 | 1277 | 10,000/- രൂപ വീതം | 13 | 13 | 13*10,000 = **1,30,000** |
| 10 | 070120190608-6 | 07.01.2019 | 85 | 10,000/- രൂപ വീതം | 1 | 1 | 1*10,000 = **10,000** |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | 070120190608-7 | 07.01.2019 | 160 | 10,000/- രൂപ വീതം | 5 | 7 | 7*10,000 = **70,000** |
| 12 | 110120191216-1 | 11.01.2019 | 543 | 10,000/- രൂപ വീതം | 7 | 9 | 9*10,000 = **90,000** |
| 13 | 110120191216-2 | 11.01.2019 | 749 | 10,000/- രൂപ വീതം | 21 | 21 | 21*10,000 = **2,10,000** |
| 14 | 110120191216-3 | 11.01.2019 | 363 | 10,000/- രൂപ വീതം | 2 | 3 | 3*10,000 = **30,000** |
| 15 | 120120191150-1 | 12.01.2019 | 883 | 10,000/- രൂപ വീതം | 14 | 14 | 14*10,000 = **1,40,000** |
| 16 | 130220190657-3 | 13.02.2019 | 1015 | 60,000/- രൂപ വീതം | 1 | 1 | 1*60,000 = **60,000** |
| 17 | 180420190607-3 | 18.04.2019 | 5535 | 60,000/- രൂപ വീതം | 5 | 12 | 12*60,000 = **7,20,000** |
| 18 | 180420190607-4 | 18.04.2019 | 2649 | 10,000/- രൂപ വീതം | 1 | 1 | 1*10,000 = **10,000** |
| 19 | 310820190636-1 | 31.08.2019 | 477 | 60,000/- രൂപ വീതം | 1 | 1 | 1*60,000 = **60,000** |
| | | | | | | **ആകെ** | **29,95,000/-** |

## 2(b) വ്യത്യസ്ത ലിസ്റ്റുകളിൽ ഒരേ അക്കൗണ്ട് നമ്പരും ഒരേ തുകയും ആവർത്തിക്കുന്ന കേസുകൾ.

**(i) <u>ഒരേ തുക (Rs.10,000/-) വ്യത്യസ്ത ഫയലുകൾ.</u>**

15% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് തയ്യാറാക്കി കൊടുത്ത വ്യത്യസ്ത ലിസ്റ്റുകളിലായി 3115 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 7 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യം വീതം ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. വിശദമായ ലിസ്റ്റ് Annexure **A5** ൽ ചേർത്തിട്ടുണ്ട്.

3115 അക്കൗണ്ട് നമ്പരുകൾ ഒരു തവണ വീതം അധികം = 3115 X 10,000 = 3,11,50,000

7 അക്കൗണ്ട് നമ്പരുകൾ രണ്ട് തവണ വീതം അധികം = 14 X 10,000 = 1,40,000

ആകെ = 3,12,90,000.

(മൂന്ന് കോടി പന്ത്രണ്ട്ലക്ഷത്തിതൊണ്ണൂറായിരം രൂപ).

**(ii) ഒരേ തുക (Rs.60,000/-) വ്യത്യസ്ത ഫയലുകൾ.**

16% മുതൽ 29% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് തയ്യാറാക്കി കൊടുത്ത വ്യത്യസ്ത ലിസ്റ്റുകളിലായി 2749 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 0104053000011722 എന്ന അക്കൗണ്ട് നമ്പർ 3 പ്രാവശ്യം Sree Renjini Viswanatha Menon എന്ന പേരിലും ഒരു തവണ Sudharsanan എന്ന പേരിലും ഉൾപ്പെടുത്തിയും കാണുന്നു (Annexure **A6**).

2749 അക്കൗണ്ട് നമ്പരുകൾ ഒരു തവണ വീതം അധികം = 2749 X 60,000 = 16,49,40,000

1 അക്കൗണ്ട് നമ്പർ മൂന്ന് തവണ അധികം = 3 X 60,000 = 1,80,000

ആകെ = 16,51,20,000/-

(പതിനാറ് കോടി അമ്പത്തിയൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ).

**(iii) ഒരേ തുക (Rs.1,25,000/-) വ്യത്യസ്ത ഫയലുകൾ/ലിസ്റ്റുകൾ.**

30% മുതൽ 59% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് തയ്യാറാക്കി കൊടുത്ത വ്യത്യസ്ത ലിസ്റ്റുകളിലായി 3 അക്കൗണ്ട് നമ്പരുകൾ രണ്ട് തവണ ഉൾപ്പെടുത്തിയിട്ടുണ്ട് (Annexure **A7**).

3 അക്കൗണ്ട് നമ്പരുകൾ ഒരു തവണ വീതം അധികം = 3 X 1,25,000 = 3,75,000/-

(മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ)

**(iv) ഒരേ തുക (Rs.2,50,000/-) വ്യത്യസ്ത ഫയലുകൾ.**

60% മുതൽ 74% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് തയ്യാറാക്കി കൊടുത്ത വ്യത്യസ്ത ലിസ്റ്റുകളിലായി 6 അക്കൗണ്ട് നമ്പരുകൾ രണ്ട് തവണ ഉൾപ്പെടുത്തിയിട്ടുണ്ട് (Annexure**A8**).

6 അക്കൗണ്ട് നമ്പർ ഒരു തവണ വീതം അധികം = 6 X 2,50,000 = 15,00,000/-

(പതിനഞ്ച് ലക്ഷം രൂപ).

മേൽ പറഞ്ഞ രീതിയിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഒരേ അക്കൗണ്ട് നമ്പർ ആവർത്തിച്ച് ഉൾപ്പെടുത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയതു വഴി വിവിധ കാറ്റഗറിയിൽ സർക്കാർ ഖജനാവിന് നഷ്ടമാകാവുന്ന തുക സംബന്ധമായ വിവരത്തിന്റെ സംഗ്രഹം.

| ക്രമ നം | കാറ്റഗറി പ്രകാരമുള്ള തുക | നഷ്ടം സംഭവിക്കാനിടയുള്ള തുക (രൂപ) |
|---|---|---|
| 1 | 15% വരെ 10,000/- രൂപ. | 3,12,90,000 |
| 2 | 16% - 29% 60,000/- രൂപ. | 16,51,20,000 |
| 3 | 30% - 59% 1,25,000/- രൂപ. | 3,75,000 |
| 4 | 60% - 74% 2,50,000/- രൂപ. | 15,00,000 |
| | | **19,82,85,000/-** (പത്തൊൻപത് കോടി എൺപത്തിരണ്ട് ലക്ഷത്തി എൺപത്തിയയ്യായിരംരൂപ). |

## 2(c) ഒരേ അക്കൗണ്ട് - വ്യത്യസ്ത ഫയലുകൾ, വ്യത്യസ്ത തുകകൾ.

***ഈ കേസുകളിൽ ലഭ്യമായ ലിസ്റ്റുകളിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട തുക ഏതാണെന്ന് അറിയാൻ സാധിക്കാത്തതിനാൽ അധിക തുക എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.***

### (i) <u>Rs.10,000/- & Rs.60,000/-</u>

ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താക്കളെ 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ ഒന്നാമത്തേയും (15%) രണ്ടാമത്തേയും (16% - 29%) കാറ്റഗറികളിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ലിസ്റ്റ് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ഈ വിഭാഗത്തിൽ 275 അക്കൗണ്ട് നമ്പരുകൾ രണ്ട് തവണയും, ഒരു അക്കൗണ്ട് നമ്പർ മൂന്ന് തവണയും ആവർത്തിക്കുന്നുണ്ട്. അതിൽ 0804108059611 എന്ന അക്കൗണ്ട് നമ്പർ 17.04.2019 ലെ 170420190434-2 നമ്പർ ഫയലിൽ ക്രമ നം. 183 ആയും, 15.05.2019 ലെ 150520190729-2 നമ്പർ ഫയലിൽ ക്രമ നം. 182 ആയും K.Abdul Rahmankutty എന്ന പേരിൽ 10,000/- രൂപ നൽകുന്നതിലേക്കും, 23.01.2019 ലെ

230120191247-2 നമ്പർ ഫയലിൽ ക്രമ നം. 45 ആയി Nebeesa എന്ന പേരിൽ 60,000/- രൂപ നൽകുന്നതിലേക്കുമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് (Annexure **A9**).

**(ii) Rs.10,000/-& Rs.1,25,000/-**

ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താക്കളെ 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ ഒന്നാമത്തേയും (15%) മൂന്നാമത്തേയും (30% - 59%) കാറ്റഗറികളിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ലിസ്റ്റ് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ഈ വിഭാഗത്തിൽ 124 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (Annexure **A10**).

**(iii) Rs.10,000/- & Rs.2,50,000/-**

ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താക്കളെ 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ ഒന്നാമത്തേയും (15%) നാലാമത്തേയും (60% - 74%) കാറ്റഗറികളിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ലിസ്റ്റ് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ഈ വിഭാഗത്തിൽ 43 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (Annexure **A11**).

**(iv) Rs.60,000/- & Rs.1,25,000/-**

ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താക്കളെ 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാമത്തേയും (16% - 29%) മൂന്നാമത്തേയും (30% - 59%) കാറ്റഗറികളിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ലിസ്റ്റ് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ഈ വിഭാഗത്തിൽ 37 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (Annexure **A12**).

**(v) Rs.60,000/- & Rs. 2,50,000/-**

ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താക്കളെ 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാമത്തേയും (16% - 29%) നാലാമത്തേയും (60% - 74%) കാറ്റഗറികളിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി

ലിസ്റ്റ് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ഈ വിഭാഗത്തിൽ 24 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (Annexure **A13**).

**(vi)** <u>Rs.1,25,000/- & Rs.2,50,000/-</u>

ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താക്കളെ 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ മൂന്നാമത്തേയും (30% - 59%) നാലാമത്തേയും (60% - 74%) കാറ്റഗറികളിൽ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ലിസ്റ്റ് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ഈ വിഭാഗത്തിൽ 11 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (Annexure **A14**).

## 2(d) ഒരേ അക്കൗണ്ട് നമ്പർ – വ്യത്യസ്ത ഫയലുകൾ – സർക്കാർ കാറ്റഗറിയിൽ പരാമർശിച്ചിട്ടില്ലാത്ത തുകകൾ.

ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ തയ്യാറാക്കിയതിൽ ഒരേ അക്കൗണ്ട് നമ്പരുകളിൽ മൂന്ന് പ്രാവശ്യം വ്യത്യസ്ത ലിസ്റ്റുകളിലായി വ്യത്യസ്ത കാറ്റഗറിയിൽപ്പെട്ട തുക ലഭിക്കും പ്രകാരം 20 അക്കൗണ്ട് നമ്പരുകൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 5 അക്കൗണ്ട് നമ്പരുകളിൽ ഓരോ അക്കൗണ്ട് നമ്പരും 2 പ്രാവശ്യം ആവർത്തിക്കുകയും ആയതിൽ ഒരു പ്രാവശ്യം ഉൾപ്പെടുത്തിയിട്ടുള്ള തുക സർക്കാർ ഉത്തരവിൽ കാറ്റഗറി ചെയ്തിട്ടുള്ള തുകയുമായി ബന്ധമില്ലാത്തതുമാണ് ചേർത്തിട്ടുള്ളത് (Annexure **A15**).

മേൽ വിശദമാക്കിയ പ്രകാരം കളക്ടറേറ്റിലെ എൻ.ഐ.സി വിഭാഗത്തിൽ നിന്നും പരിഹാരം സെല്ലിലേക്ക് നൽകിയ ഗുണഭോക്താക്കളുടെ 191 ലിസ്റ്റുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

*i.* ***ഗുണഭോക്താക്കളുടെ 191 ലിസ്റ്റിൽ 136 ലിസ്റ്റുകളിൽ അക്കൗണ്ട് നമ്പരുകളുടെ ആവർത്തനം ഉണ്ടായിട്ടുണ്ട്.***

*ii.* ***ഒരേ ലിസ്റ്റിൽ തന്നെ അക്കൗണ്ട് നമ്പർ ആവർത്തിച്ച 19 ലിസ്റ്റുകൾ കണ്ടെത്തുകയുണ്ടായി (Annexure A4 ). ടി 19 ലിസ്റ്റുകളിലായി 190 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി 190 ആവർത്തിച്ച അക്കൗണ്ട് നമ്പരുകളിൽ 178 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും, 6 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും, 4 അക്കൗണ്ട് നമ്പരുകൾ 4 പ്രാവശ്യവും, 2 അക്കൗണ്ട് നമ്പരുകൾ 6 പ്രാവശ്യവും ആവർത്തിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ഒരേ ലിസ്റ്റിൽ ആവർത്തിച്ച് അക്കൗണ്ട് നമ്പരുകൾ രേഖപ്പെടുത്തി ഗുണഭോക്താക്കളുടെ***

*ലിസ്റ്റുകൾ തയ്യാറാക്കി നൽകിയത് വഴി സർക്കാർ ഖജനാവിൽ നിന്നും 29,95,000/- (ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ) നഷ്ടം സംഭവിക്കുന്ന വിധത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി.*

iii. *ഒരേ തുക വിതരണം ചെയ്യുന്നതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ള വ്യത്യസ്ത ലിസ്റ്റുകളിൽ (Annexure A5 മുതൽ A8 വരെ ) 5881 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തുകയുണ്ടായി. ടി 5881 അക്കൗണ്ട് നമ്പരുകളിൽ 5873 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും, 7 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും, 1 അക്കൗണ്ട് നമ്പർ 4 പ്രാവശ്യവും ആവർത്തിച്ച് ഉൾപ്പെടുത്തുകയുണ്ടായി. ഇപ്രകാരത്തിൽ അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയത് വഴി സർക്കാർ ഖജനാവിൽ നിന്നും 19,82,85,000/- (പത്തൊൻപത് കോടി എൺപത്തി രണ്ട് ലക്ഷത്തി എൺപത്തിയയ്യായിരം രൂപ) നഷ്ടം സംഭവിക്കുന്ന വിധത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി.*

iv. *വ്യത്യസ്ത തുകകൾ ഉൾപ്പെടുന്ന വ്യത്യസ്ത ലിസ്റ്റുകളിൽ 540 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട് (Annexure A9 മുതൽ A15 വരെ ). ടി 540 അക്കൗണ്ട് നമ്പരുകളിൽ 519 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും, 21 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.*

v. *വ്യത്യസ്ത തുകകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതിൽ ഏത് തുകയാണ് ഗുണഭോക്താവിന് അർഹതപ്പെട്ടതെന്ന് കണ്ടെത്തുവാൻ കഴിയാത്തതിനാൽ സർക്കാരിന് ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ഇത്തരത്തിൽ ആവർത്തനങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റുകളിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേക്ക് ശുപാർശ ചെയ്ത ആകെ തുക 7,07,20,000/- (ഏഴ് കോടി ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപ).*

vi. *ഇപ്രകാരം 191 ലിസ്റ്റുകളിലായി ആകെയുള്ള ആവർത്തനങ്ങൾ 6611. അതിൽ 6570 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും, 34 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും, 5 അക്കൗണ്ട് നമ്പരുകൾ 4 പ്രാവശ്യവും, 2 അക്കൗണ്ട് നമ്പരുകൾ 6 പ്രാവശ്യവും ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.*

vii. *ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ പ്രകാരം ഗുണഭോക്താക്കൾക്ക് തുക വിതരണം നടത്തണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ ഒരു അക്കൗണ്ട് നമ്പരിൽ ഒന്നിൽ കൂടുതൽ തവണ അർഹതയില്ലാത്ത തുക വിതരണം ചെയ്യുന്നതിലേക്ക് ലിസ്റ്റ് തയ്യാറാക്കി നൽകിയത് എൻ.ഐ.സി യിലെ ടി വിഷയം കൈകാര്യം ചെയ്തവരുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് കാണുന്നു.*

## 3. Bill Information and Management System (BIMS) ലിസ്റ്റുകളുടെ പരിശോധന.

കളക്ടറേറ്റിലെ NIC വിഭാഗത്തിൽ നിന്നും ഗുണഭോക്താക്കളുടെ 191 ലിസ്റ്റുകൾ MS-Excel ഫോർമാറ്റിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി കളക്ടറേറ്റിലെ പരിഹാരം സെല്ലിലെ പി2 സീറ്റിലേക്ക് ഇ-മെയിൽ ആയി അയച്ച് കൊടുത്തിട്ടുള്ളതും, പി2 സീറ്റിൽ നിന്നും ടി ലിസ്റ്റിനെ CSV (Comma Separated Values) ഫോർമാറ്റിലുള്ള 203 ലിസ്റ്റുകളാക്കി ബില്ല് തയ്യാറാക്കി നടപടിക്രമം സഹിതം ജില്ലാ കളക്ടറുടെ BIMS ലോഗിനിൽ അപ്‌ലോഡ് ചെയ്ത്, ഓരോ ബില്ലിലുമുള്ള തുകയുടെ ചെക്ക് ഉൾപ്പെടെ ട്രഷറിയിൽ നൽകിയിട്ടുള്ളതാണ്. ടി നടപടി ക്രമങ്ങളെല്ലാം തയ്യാറാക്കിയിട്ടുള്ളത് പി2/3609/2018 എന്ന ഫയൽ നമ്പർ പ്രകാരമാണ്. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിന് ഇത്തരത്തിൽ 203 ബില്ലുകൾ മാത്രമേ ട്രഷറിയിലേക്ക് നൽകിയിട്ടുള്ളുവെന്ന് എറണാകുളം ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (Annexure **B1** ). ട്രഷറിയിലേക്ക് നൽകിയ BIMS ലിസ്റ്റുകളുടെ സംഗ്രഹം ചേർക്കുന്നു (Annexure **B2** ). ടി 203 BIMS ലിസ്റ്റുകളുടെ സോഫ്റ്റ് കോപ്പി (Annexure **B3** ) ഉള്ളടക്കം ചെയ്യുന്നു.

NIC യിൽ നിന്നും നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റും BIMS ലിസ്റ്റും തമ്മിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ NIC ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 6174 അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ് (Annexure **B4** ).

ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് നൽകിയ 203 ലിസ്റ്റുകളിൽ 1,04,484 ഗുണഭോക്താക്കൾ ഉൾപ്പെട്ട് വരുകയും, ടി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേക്ക് ജില്ലാ കളക്ടറുടെ 71101400000063 നമ്പർ STSB അക്കൗണ്ടിൽ നിന്നും XY, O സീരിയൽ നമ്പരുകളിലുള്ള ചെക്ക് ലീഫുകൾ ഗുണഭോക്താക്കളുടെ ലിസ്റ്റിനോടൊപ്പം ട്രഷറിയിലേക്ക് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ടി 203 ചെക്കുകളിലായി 413,01,45,400/- രൂപ ഉൾപ്പെട്ട് വരുന്നു. മേൽ പറഞ്ഞ 203 ലിസ്റ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും അപ്പീൽ പരിശോധന നടത്തുന്നതിലേക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും ശമ്പളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട

10 ലിസ്റ്റുകളും ഉൾപ്പെട്ടു വരുന്നുണ്ട്. ടി ഇനത്തിൽ 47 ഉദ്യോഗസ്ഥർക്ക് 9,06,700/- രൂപ വിതരണം ചെയ്യുന്നതിലേക്കുള്ള ലിസ്റ്റാണ് നൽകിയിട്ടുള്ളത്.

കളക്ടറേറ്റിലെ പരിഹാരം സെല്ലിൽ നിന്നും ട്രഷറിയിലേക്ക് നൽകിയ 203 BIMS ലിസ്റ്റുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ 3(a) മുതൽ 3(g) വരെ ക്രമപ്പെടുത്തിയിട്ടുള്ളതാണ്. ഫയൽ നമ്പരായി രേഖപ്പെടുത്തിയിട്ടുള്ളത് BIMS ലെ PRN (Payment Reference Number) ആണ്.

**3(a)** **ഒരേ അക്കൗണ്ട് നമ്പർ ഒരേ ബില്ലിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ബില്ലിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ**

**3(b)** **വ്യത്യസ്ത ബില്ലിൽ വന്നിട്ടുള്ള ഒരേ തുകയുടെ ആവർത്തനങ്ങൾ.**

**3(c)** **അക്കൗണ്ട് നമ്പരിന്റെ സ്ഥാനത്ത് പൂജ്യം ആയിട്ടുള്ള കേസുകൾ.**

**3(d)** **വ്യത്യസ്ത ബില്ലിൽ വ്യത്യസ്ത തുകകൾ വന്നിട്ടുള്ള ആവർത്തനങ്ങൾ.**

**3(e)** **സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത തുക നഷ്ടപരിഹാരമായി അനുവദിച്ച കേസുകൾ.**

**3(f)** **മൂന്ന് സ്ലാബുകളിൽപ്പെട്ട തുകകൾ ഒരേ അക്കൗണ്ട് നമ്പരിൽ അനുവദിച്ച കേസുകൾ**

**3(g)** **അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെട്ട ധനസഹായ വിതരണം.**

ഇതുമായി ബന്ധപ്പെട്ട {3(a,b,c,d,e,f,g)} വിശദ വിവരങ്ങൾ ചുവടെ കുറിക്കുന്നു.

## 3(a) ഒരേ അക്കൗണ്ട് നമ്പർ ഒരേ ബില്ലിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ബില്ലിലുമായും ആവർത്തിച്ചിട്ടുള്ള കേസുകൾ (Annexure B5).

**(i)<u>ഫയൽ നമ്പർ PRN2018191101B000017005 Cheque No. O 1025961 dated 31.12.2018.</u>**

ഈ ഫയൽ പ്രകാരം 713 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 3 അക്കൗണ്ട് നമ്പർ ആവർത്തിച്ചു വരുന്നുണ്ട് (Annexure B5 ക്രമ നം 01 മുതൽ 06 വരെ).

**(ii)<u>ഫയൽ നമ്പർ PRN2018191101B000017243 Cheque No. O 1025964 dated 01.01.2019.</u>**

ഈ ഫയൽ പ്രകാരം 597 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 7 അക്കൗണ്ട് നമ്പർ ആവർത്തിച്ചു വരുന്നുണ്ട്. 37907956474 എന്ന അക്കൗണ്ട് നമ്പർ ഈ ലിസ്റ്റിൽ ക്രമ നം 200, 202 ആയും ക്രമ നം 590 ആയി 01.03.2019 ലെ **2018191101B000027386** നമ്പർ ഫയലിലും **BINU** എന്നയാളിന്റെ പേരിൽ (1,25,000/- രൂപ) ഉൾപ്പെടുത്തിയിട്ടുണ്ട് (Annexure **B5** ക്രമ നം 07 മുതൽ 21 വരെ).

**(iii)<u>ഫയൽ നമ്പർ PRN2018191101B000017190 Cheque No. O 1025963 dated 01.01.2019.</u>**

ഈ ഫയൽ പ്രകാരം 745 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 4 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യം ആവർത്തിച്ചു വരുന്നുണ്ട് (Annexure **B5** ക്രമ നം 22 മുതൽ 29 വരെ).

**(iv)<u>ഫയൽ നമ്പർ PRN2018191101B000017302 Cheque No. O 1025966 dated 03.01.2019.</u>**

ഈ ഫയൽ പ്രകാരം 827 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ Aji Varghese എന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ 2 പ്രാവശ്യം ആവർത്തിച്ചു വരുന്നുണ്ട് (Annexure **B5** ക്രമ നം 30, 31 ).

**(v)<u>ഫയൽ നമ്പർ PRN2018191101B000017411 Cheque No. O 1025974 dated 04.01.2019.</u>**

ഈ ഫയൽ പ്രകാരം 1493 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 28 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ചു വരുന്നുണ്ട്. 10480100183930 എന്ന അക്കൗണ്ട് നമ്പർ ഈ ലിസ്റ്റിൽ 2, 644, 828 എന്നീ ക്രമ നമ്പരുകളിലായി 3 പ്രാവശ്യവും, 634053000003673 എന്ന അക്കൗണ്ട് നമ്പർ ഈ ലിസ്റ്റിൽ 355, 356 എന്ന ക്രമനമ്പരായും 15.06.2019 ലെ **2018191101B000012522** എന്ന ഫയലിൽ ക്രമ നം. 220 ആയും (31500/- രൂപ) ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട് (Annexure **B5** ക്രമ നം 32 മുതൽ 89 വരെ).

**(vi)<u>ഫയൽ നമ്പർ PRN2018191101B000018226 Cheque No. O 1025988 dated 11.01.2019.</u>**

ഈ ഫയൽ പ്രകാരം 1522 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ Marshal.N.X എന്നയാളുടെ 30576649434 എന്ന അക്കൗണ്ട് നമ്പർ ക്രമ നം. 1370, 1371 ആയി ആവർത്തിച്ചു വരുന്നുണ്ട് (Annexure **B5** ക്രമ നം. 90, 91).

**(vii)<u>ഫയൽ നമ്പർ PRN2018191101B000017264 Cheque No. O 1025965 dated 02.01.2019.</u>**

ഈ ഫയൽ പ്രകാരം 798 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 17 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യം വീതം ആവർത്തിച്ചു വരുന്നുണ്ട് (Annexure **B5** ക്രമ നം. 92 മുതൽ 125 വരെ).

**(viii)<u>ഫയൽ നമ്പർ PRN2018191101B000017675 Cheque No. O 1025977 dated 05.01.2019.</u>**

ഈ ഫയൽ പ്രകാരം 1473 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 9 അക്കൗണ്ട് നമ്പരുകൾ രണ്ട് പ്രാവശ്യം വീതം ആവർത്തിച്ചു വരുന്നുണ്ട് (Annexure **B5** ക്രമ നം. 126 മുതൽ 143 വരെ).

**(ix)<u>ഫയൽ നമ്പർ PRN2018191101B000018084 Cheque No. O 1025986 dated 10.01.2019.</u>**

ഈ ഫയൽ പ്രകാരം 85 ഗുണഭോക്താക്കളുടെ ലിസ്റ്റ് ട്രഷറിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ 12920100098131 എന്ന അക്കൗണ്ട് നമ്പർ Eldho.K.V, Edlho.K.V എന്നീ പേരുകളിലായി രണ്ട് പ്രാവശ്യം ആവർത്തിച്ചു വരുന്നുണ്ട് (Annexure B5 ക്രമ നം. 144, 145).

**ഒരേ അക്കൗണ്ട് നമ്പർ ഒരേ ബില്ലിൽ ഒന്നിലധികം തവണയും, കൂടാതെ മറ്റ് ബില്ലിലുമായും ആവർത്തിച്ചിട്ടുള്ള കേസുകളുടെ സംഗ്രഹം**

| ക്രമ നം | ഫയൽ നമ്പർ | തീയതി | ചെക്ക് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | ആവർത്തിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ എണ്ണം | ആവർത്തനങ്ങളുടെ എണ്ണം | അക്കൗണ്ട് നമ്പരുകളുടെ ആവർത്തനങ്ങൾ മൂലം വിതരണത്തിനായി അംഗീകരിച്ച അധിക തുക (രൂപ) |
|---|---|---|---|---|---|---|---|
| i | PRN2018191101B000017005 | 31.12.2019 | 1025961 | 713 | 3 | 3 | 30,000 |
| ii | PRN2018191101B000017243<br>*(PRN2018191101B000027386) | 01.01.2019<br>*(01.03.2019) | 1025964<br>*(5063486) | 597 | 7 | 8 | 1,95,000<br>(70,000 +<br>1,25,000*) |
| iii | PRN2018191101B000017190 | 01.01.2019 | 1025963 | 745 | 4 | 4 | 40,000 |
| iv | PRN2018191101B000017302 | 03.01.2019 | 1025966 | 827 | 1 | 1 | 10,000 |
| v | PRN2018191101B000017411<br>*(PRN2018191101B000012522) | 04.01.2019<br>*(15.06.2019) | 1025974<br>*(5078261) | 1493 | 28 | 30 | 3,21,500<br>(2,90,000 +<br>31,500*) |

| | | | | | | | |
|---|---|---|---|---|---|---|---|
| vi | PRN2018191101B000018226 | 11.01.2019 | 1025988 | 1522 | 1 | 1 | 10,000 |
| vii | PRN2018191101B000017264 | 02.01.2019 | 1025965 | 798 | 17 | 17 | 1,70,000 |
| viii | PRN2018191101B000017675 | 05.01.2019 | 1025977 | 1473 | 9 | 9 | 90,000 |
| ix | PRN2018191101B000018084 | 10.01.2019 | 1025986 | 85 | 1 | 1 | 10,000 |
| | | | | | | **Total** | **8,76,500** |

## 3(b) വ്യത്യസ്ത ബില്ലിൽ വന്നിട്ടുള്ള ഒരേ തുകയുടെ ആവർത്തനങ്ങൾ.

എറണാകുളം ജില്ലാ കളക്ടറേറ്റിൽ 2019 ഏപ്രിൽ മാസം വരെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതിന്റെ തോത് അനുസരിച്ച് CMDRF, SDRF എന്നിവയിൽ നിന്നും നൽകുന്ന ധനസഹായം ഒന്നിച്ച് നൽകിയിരുന്നതും. മെയ് മാസം മുതൽ CMDRF വിഹിതം പരിഹാരം സെല്ലിൽ നിന്നും നേരിട്ടും, SDRF വിഹിതം വിതരണം ചെയ്യുന്നതിനായി CMDRF ലിസ്റ്റിന് സമാനമായ ലിസ്റ്റ് SDRF തുക വിതരണം ചെയ്യുന്ന സെക്ഷനിലേക്ക് കൈമാറി (ഡി സെക്ഷൻ) അവിടെ നിന്ന് ലിസ്റ്റ് പ്രകാരം ആനുപാതികമായ തുകയും ലിസ്റ്റും ബില്ല് സഹിതം ട്രഷറിയിലേക്ക് നൽകുകയുമായിരുന്നു ചെയ്തിരുന്നത്. CMDRF വിഹിതം ഗുണഭോക്താക്കൾക്ക് നൽകിയ ലിസ്റ്റിനെ അധികരിച്ചാണ് പരിശോധന നടത്തിയിട്ടുള്ളത്. **ടി ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2019 മെയ് മാസം മുതൽ SDRF വിഹിതം അടക്കം കാറ്റഗറി അനുസരിച്ചുള്ള തുക ലഭിച്ചിട്ടുണ്ടാകും എന്ന അനുമാനത്തിലാണ് നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത്**.

**(i) 15% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ.**

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 15% വരെ നാശനഷ്ടമുണ്ടായ കേസുകളിൽ SDRFൽ നിന്നും 5200/- രൂപയും CMDRF ൽ നിന്നും 4800/- രൂപയും എന്ന ക്രമത്തിൽ 10,000/- രൂപയാണ് ഒരു ഗുണഭോക്താവിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എറണാകുളം കളക്ടറേറ്റിൽ 2019 ഏപ്രിൽ മാസം വരെ SDRF, CMDRF എന്നിവ പ്രകാരമുള്ള ധനസഹായം ഒരുമിച്ച് വിതരണം ചെയ്തിരുന്നതും, 2019 മെയ് മാസം മുതൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുള്ളതായും കാണുന്നു. 15% നാശനഷ്ടം സംഭവിച്ച കെട്ടിടങ്ങൾക്ക് ജില്ലാ കളക്ടറുടെ വിവിധ നടപടിക്രമങ്ങൾ പ്രകാരം 1477 അക്കൗണ്ട് നമ്പരുകളിലേക്ക് തുക അനുവദിക്കേണ്ട സ്ഥാനത്ത് 1472 അക്കൗണ്ട്

നമ്പരുകൾക്ക് രണ്ട് പ്രാവശ്യവും, 67373859528, 67271775890 എന്നീ അക്കൗണ്ട് നമ്പരുകൾക്ക് 3 തവണയും, 85611011000243, 17490100025729, 340502010016944 എന്നീ അക്കൗണ്ട് നമ്പരുകൾക്ക് 4 തവണയും ആവർത്തിച്ച് തുക അനുവദിച്ചിട്ടുണ്ട്.

അതായത് 1477 ഗുണഭോക്താക്കൾക്ക് 1,47,70,000/- രൂപ അനുവദിക്കേണ്ട സ്ഥാനത്ത് ആവർത്തിച്ചു വന്ന അക്കൗണ്ടുകൾ ഉൾപ്പെടെ 2,96,20,000/- രൂപ അനുവദിച്ചിട്ടുള്ളതായും, അതായത് 1,48,50,000/- രൂപ അധികമായി അനുവദിച്ചിട്ടുള്ളതായും പരിശോധനയിൽ കാണുന്നു (Annexure **B6**).

**(ii) <u>16% മുതൽ 29% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ.</u>**

മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം നാശനഷ്ടത്തിന്റെ തോതനുസരിച്ച് 16% മുതൽ 29% വരെ നാശനഷ്ടമുണ്ടായ കേസുകളിൽ SDRF ൽ നിന്നും മലയോര പ്രദേശത്ത് 30500/- രൂപയും, സമതല പ്രദേശത്ത് 28500/- രൂപയും, CMDRF ൽ നിന്നും മലയോര പ്രദേശത്ത് 29500/- രൂപയും, സമതല പ്രദേശത്ത് 31500/- രൂപയും എന്ന ക്രമത്തിൽ 60,000/- രൂപയാണ് ഒരു ഗുണഭോക്താവിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 16% മുതൽ 29% വരെ നാശനഷ്ടം സംഭവിച്ച കെട്ടിടങ്ങൾക്ക് ജില്ലാ കളക്ടറുടെ വിവിധ നടപടിക്രമങ്ങൾ പ്രകാരം 545 അക്കൗണ്ട് നമ്പരുകളിലേക്ക് തുക അനുവദിക്കേണ്ട സ്ഥാനത്ത് 534 അക്കൗണ്ട് നമ്പരുകൾക്ക് രണ്ട് പ്രാവശ്യവും, 7200100129152, 7200100001782, 67041839972, 736101119766, 6901000017936, 338602010012809, 58053000012854, 67203345619, 10120100334501, 6715621502 എന്നീ അക്കൗണ്ട് നമ്പരുകൾക്ക് 3 തവണയും 67228313190 എന്ന അക്കൗണ്ട് നമ്പരിന് 4 പ്രാവശ്യവും ആവർത്തിച്ച് തുക അനുവദിച്ചിട്ടുണ്ട്.

ആയത് പ്രകാരം, 545 ഗുണഭോക്താക്കൾക്ക് 3,27,00,000/- രൂപ അനുവദിക്കേണ്ട സ്ഥാനത്ത് ആവർത്തിച്ചു വന്ന അക്കൗണ്ടുകൾ ഉൾപ്പെടെ 6,61,20,000/- രൂപ അനുവദിച്ചിട്ടുള്ളതായും, അതായത് 3,34,20,000/- രൂപ അധികമായി അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു (Annexure **B7**).

**(iii) <u>30% മുതൽ 59% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ.</u>**

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോതനുസരിച്ച് 30% മുതൽ 59% വരെ നാശനഷ്ടമുണ്ടായ കേസുകളിൽ SDRF-ൽ നിന്നും മലയോര പ്രദേശത്ത് 51,000/- രൂപയും, സമതല പ്രദേശത്ത് 47500/- രൂപയും, CMDRF - ൽ നിന്നും മലയോര

പ്രദേശത്ത് 74,000/- രൂപയും, സമതല പ്രദേശത്ത് 77,500/- രൂപയും എന്ന ക്രമത്തിൽ 1,25,000/- രൂപയാണ് ഒരു ഗുണഭോക്താവിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 30% മുതൽ 59% വരെ നാശനഷ്ടം സംഭവിച്ച കെട്ടിടങ്ങൾക്ക് ജില്ലാ കളക്ടറുടെ വിവിധ നടപടിക്രമങ്ങൾ പ്രകാരം 5 അക്കൗണ്ട് നമ്പരുകളിലേക്ക് തുക അനുവദിക്കേണ്ട സ്ഥാനത്ത് 18420100031269, 6286350658, 856010110016707, 337802010028505 എന്നീ അക്കൗണ്ട് നമ്പരുകൾക്ക് 2 തവണ തുക അനുവദിച്ചിട്ടുണ്ട്. 104053000005619 എന്ന അക്കൗണ്ട് നമ്പരിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കാറ്റഗറിയ്ക്ക് വിരുദ്ധമായി 29.01.2019, 01.02.2019 എന്നീ തീയതികളിൽ യഥാക്രമം 50,000/-, 75,000/- രൂപ അനുവദിക്കുകയും, തുടർന്ന് 01.04.2019 ന് 1,25,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ആയത് പ്രകാരം, 5 ഗുണഭോക്താക്കൾക്ക് 6,25,000/- രൂപ അനുവദിക്കേണ്ട സ്ഥാനത്ത് ആവർത്തിച്ചു വന്ന അക്കൗണ്ടുകൾ ഉൾപ്പെടെ 12,50,000/- രൂപ അനുവദിച്ചിട്ടുള്ളതായും, അതായത് 6,25,000/- രൂപ അധികമായി അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു (Annexure **B8**).

**(iv) <u>60% മുതൽ 74% വരെ നാശനഷ്ടം സംഭവിച്ച കേസുകൾ.</u>**

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോതനുസരിച്ച് 60% മുതൽ 74% വരെ നാശനഷ്ടമുണ്ടായ കേസുകളിൽ SDRF - ൽ നിന്നും മലയോര പ്രദേശത്ത് 76,500/- രൂപയും, സമതല പ്രദേശത്ത് 71,000/- രൂപയും, CMDRF - ൽ നിന്നും മലയോര പ്രദേശത്ത് 1,73,500/- രൂപയും, സമതല പ്രദേശത്ത് 1,79,000/- രൂപയും എന്ന ക്രമത്തിൽ 2,50,000/- രൂപയാണ് ഒരു ഗുണഭോക്താവിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 60% മുതൽ 74% വരെ നാശനഷ്ടം സംഭവിച്ച കെട്ടിടങ്ങൾക്ക് ജില്ലാ കളക്ടറുടെ വിവിധ നടപടിക്രമങ്ങൾ പ്രകാരം 14 അക്കൗണ്ട് നമ്പരുകളിലേക്ക് തുക അനുവദിക്കേണ്ട സ്ഥാനത്ത് 85611011 0003944, 31115300131, 6170504952, 20149039064, 856410110004385, 337802010006852, 40619101018370, 40619100000641, 19480100010423, 10480100102740, 67396699768, 67314457363, 67217432632, 856310100004270 എന്നീ അക്കൗണ്ട് നമ്പരുകൾക്ക് 2 തവണ തുക അനുവദിച്ചിട്ടുണ്ട്.

ആയത് പ്രകാരം, 14 ഗുണഭോക്താക്കൾക്ക് 35,00,000/- രൂപ അനുവദിക്കേണ്ട സ്ഥാനത്ത് ആവർത്തിച്ചു വന്ന അക്കൗണ്ട് നമ്പരുകൾ ഉൾപ്പെടെ 70,00,000/- രൂപ അനുവദിച്ചിട്ടുള്ളതായും, അതായത് 35,00,000/- രൂപ അധികമായി അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു (Annexure **B9**).

## 3(c) അക്കൗണ്ട് നമ്പരിന്റെ സ്ഥാനത്ത് പൂജ്യം ആയിട്ടുള്ള കേസുകൾ.

NIC യിൽ നിന്നും MS-Excel ഫോർമാറ്റിൽ ലഭിച്ച ഒറിജിനൽ ലിസ്റ്റ് CSV ഫോർമാറ്റിലേക്ക് മാറ്റി BIMS ലിസ്റ്റ് തയ്യാറാക്കിയപ്പോൾ 844 ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളിൽ NIC യിൽ നിന്നും നൽകിയ ലിസ്റ്റിൽ ഉണ്ടായിരുന്ന അക്കൗണ്ട് നമ്പർ രേഖപ്പെടുത്താതെ പൂജ്യം മാത്രമുള്ളതും, അഞ്ചിലധികം പൂജ്യങ്ങളിൽ അവസാനിക്കുന്നതും, യാതൊരു വിധത്തിലും ട്രാൻസാക്ഷന് സാധ്യതയില്ലാത്തതുമായ വിധത്തിൽ അക്കൗണ്ട് നമ്പരിൽ മാറ്റം വരുത്തിയിട്ടുണ്ട്. NIC യിൽ നിന്നും നൽകിയ ഒറിജിനൽ ലിസ്റ്റിൽ പൂജ്യം മാത്രമുള്ളതും, അഞ്ചിലധികം പൂജ്യങ്ങളിൽ അവസാനിക്കുന്നതുമായ ഒരു അക്കൗണ്ട് നമ്പരുകളും രേഖപ്പെടുത്തി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ BIMS ലിസ്റ്റിൽ ഇപ്രകാരം അക്കൗണ്ട് നമ്പരിൽ മാറ്റം വരുത്തിയതിലൂടെ അർഹരായ 844 ഗുണഭോക്താക്കൾക്ക് 1,83,81,300 രൂപ ദുരിതാശ്വാസ ധനസഹായം യഥാസമയം ലഭിക്കാതിരിക്കാൻ ഇടയായിട്ടുള്ളതാണ്. മാത്രവുമല്ല ദുരിതാശ്വാസ നിധിയിൽ നിന്നും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതായ 1,83,81,300 രൂപ ജില്ലാ കളക്ടറുടെ STSB അക്കൗണ്ടിൽ നിന്നും കുറവ് വരാൻ ഇടയായിട്ടുള്ളതുമാണ് (Annexure **B10**). <u>01.01.2019 മുതൽ തയ്യാറാക്കിയിട്ടുള്ള BIMS ലിസ്റ്റിൽ ഇത്തരത്തിൽ ക്രമക്കേട് വരുത്തിയിട്ടുണ്ട്. 05.01.2019 ലെ 1025977 എന്ന ചെക്ക് നമ്പരിൽ (PRN 2018191101B000017675) ഉള്ള 1473 കേസുകളിൽ മാത്രം 728 അക്കൗണ്ടുകളിൽ ഇത്തരത്തിൽ ക്രമക്കേട് ഉണ്ടായിട്ടുണ്ട്.</u>

മേൽ വിവരിച്ച പ്രകാരം BIMS ലിസ്റ്റിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളുടെ സ്ഥാനത്ത് പൂജ്യം മാത്രമുള്ളതും, അഞ്ചിലധികം പൂജ്യങ്ങളിൽ അവസാനിക്കുന്നതുമായ അക്കൗണ്ട് നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ <u>ഗുണഭോക്താക്കളുടെ പേരും ഫോൺ നമ്പരും ഉപയോഗിച്ച് പരിശോധിച്ചതിൽ NIC യിൽ നിന്നും നൽകിയ ലിസ്റ്റിൽ ശരിയായ അക്കൗണ്ട് നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയ 605 കേസുകളുടെ വിവരം ലിസ്റ്റായി ചേർക്കുന്നു (Annexure **B11**).</u>

## 3(d) വ്യത്യസ്ത ബില്ലിൽ വ്യത്യസ്ത തുകകൾ വന്നിട്ടുള്ള ആവർത്തനങ്ങൾ.

**(i) ഒന്നാം സ്ലാബും (Rs.10,000/- രൂപ) രണ്ടാം സ്ലാബും (Rs.60,000/- രൂപയും).**

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ ഒന്നാമത്തേയും (15% വരെ - 10,000/- രൂപ) രണ്ടാമത്തെയും (16% മുതൽ 29% വരെ - 60,000/- രൂപ) കാറ്റഗറിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളായി ഒരേ അക്കൗണ്ട് നമ്പരുള്ള വ്യക്തികളെ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ടി രണ്ട് തുകകളും ലഭിക്കത്തക്കവണ്ണം ജില്ലാ കളക്ടറുടെ വിവിധ തീയതികളിലെ BIMS നടപടി ക്രമങ്ങളിലൂടെ 293 അക്കൗണ്ട് നമ്പരുകൾ നൽകിയിട്ടുണ്ട്.

ടി 293 അക്കൗണ്ട് നമ്പരുകളിൽ 283 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും (ഒരു പതിനായിരവും, ഒരു അറുപതിനായിരവും) ആവർത്തിച്ചിട്ടുള്ളതും, 57043062975, 57043064564, 67152457976, 67188073806, 67319695121, 32789985628, 67202893995, 340502010009150 എന്നീ അക്കൗണ്ട് നമ്പരുകൾ 3 തവണ (2 തവണ പതിനായിരവും, ഒരു അറുപതിനായിരവും) 67031092976, 357902010021118 എന്നീ അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും (ഒരു തവണ പതിനായിരവും, 2 തവണ അറുപതിനായിരവും) ആവർത്തിച്ചിട്ടുണ്ട്. മേൽ 293 അക്കൗണ്ട് നമ്പരുകളിലേക്ക് ആകെ 2,07,10,000/- രൂപ അനുവദിച്ചിട്ടുണ്ട്. (ഒന്നാം കാറ്റഗറിയിലെ ധനസഹായ (SDRF+CMDRF) തുകയായ 10,000/- രൂപയും, രണ്ടാം കാറ്റഗറിയിലെ ധനസഹായ (SDRF+CMDRF) തുകയായ 60,000/- രൂപയും അടിസ്ഥാനപ്പെടുത്തിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്) (Annexure **B12**).

**(ii) ഒന്നാം സ്ലാബും (Rs.10,000/- രൂപ) മൂന്നാം സ്ലാബും (Rs.1,25,000/- രൂപയും).**

26.10.2018 ലെ ജി.ഒ(എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ ഒന്നാമത്തേയും (15% വരെ - 10,000/- രൂപ) മൂന്നാമത്തെയും (30% മുതൽ 59% വരെ - 1,25,000/- രൂപ) കാറ്റഗറിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളായി ഒരേ അക്കൗണ്ട് നമ്പരുള്ള വ്യക്തികളെ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ടി രണ്ട് തുകകളും ലഭിക്കത്തക്കവണ്ണം ജില്ലാ കളക്ടറുടെ വിവിധ തീയതികളിലെ BIMS നടപടിക്രമങ്ങളിലൂടെ 134 അക്കൗണ്ടുകൾ നമ്പരുകൾ നൽകിയിട്ടുണ്ട്.

ടി 134 അക്കൗണ്ടുകളിൽ 130 അക്കൗണ്ടുകൾ 2 പ്രാവശ്യവും (ഒരു പതിനായിരവും, ഒരു 1,25,000/- രൂപയും), 10532404856, 6280627505, 67343268393, 67241857702 എന്നീ അക്കൗണ്ട് നമ്പരുകൾ 3 തവണയും ( 2 തവണ പതിനായിരവും, ഒരു തവണ 1,25,000/-

രൂപയും) ആവർത്തിച്ചിട്ടുണ്ട്. മേൽ 134 അക്കൗണ്ട് നമ്പരുകളിലേക്ക് ആകെ 1,81,30,000/- രൂപ അനുവദിച്ചിട്ടുണ്ട്. (ഒന്നാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 10,000/- രൂപയും, മൂന്നാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 1,25,000/- രൂപയും അടിസ്ഥാനപ്പെടുത്തിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്) (Annexure **B13**).

**(iii) ഒന്നാം സ്ലാബും (Rs.10,000/- രൂപ) നാലാം സ്ലാബും (Rs.2,50,000/- രൂപയും).**

26.10.2018 ലെ ജി.ഒ(എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ ഒന്നാമത്തേയും (15% വരെ - 10,000/- രൂപ) നാലാമത്തെയും (60% മുതൽ 74% വരെ - 2,50,000/- രൂപ) കാറ്റഗറിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളായി ഒരേ അക്കൗണ്ട് നമ്പരുള്ള വ്യക്തികളെ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ടി രണ്ട് തുകകളും ലഭിക്കത്തക്കവണ്ണം ജില്ലാ കളക്ടറുടെ വിവിധ തീയതികളിലെ BIMS നടപടിക്രമങ്ങളിലൂടെ 95 അക്കൗണ്ടുകൾ നൽകിയിട്ടുണ്ട്. ടി 95 അക്കൗണ്ടുകളിൽ 93 അക്കൗണ്ടുകൾ 2 പ്രാവശ്യവും (ഒരു പതിനായിരവും, ഒരു 2,50,000/- രൂപയും), 337802010024080, 856010100004686 എന്ന അക്കൗണ്ട് നമ്പരുകൾ 3 തവണയും ( 2 തവണ പതിനായിരവും, ഒരു തവണ 2,50,000/- രൂപയും) ആവർത്തിച്ചിട്ടുണ്ട്. മേൽ 95 അക്കൗണ്ട് നമ്പരുകളിലേക്ക് ആകെ 2,47,20,000/- രൂപ അനുവദിച്ചിട്ടുണ്ട്. (ഒന്നാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 10,000/- രൂപയും, നാലാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 2,50,000/- രൂപയും അടിസ്ഥാനപ്പെടുത്തിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്) (Annexure **B14**).

**(iv) രണ്ടാം സ്ലാബും (Rs.60,000/- രൂപ) മൂന്നാം സ്ലാബും (Rs.1,25,000/- രൂപയും).**

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാമത്തെയും (16% മുതൽ 29% വരെ - 60,000/-) മൂന്നാമത്തെയും (30% മുതൽ 59% വരെ - 1,25,000/- രൂപ) കാറ്റഗറിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളായി ഒരേ അക്കൗണ്ട് നമ്പരുള്ള വ്യക്തികളെ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ടി രണ്ട് തുകകളും ലഭിക്കത്തക്കവണ്ണം ജില്ലാ കളക്ടറുടെ വിവിധ തീയതികളിലെ BIMS നടപടിക്രമങ്ങളിലൂടെ 44 അക്കൗണ്ടുകൾ നൽകിയിട്ടുണ്ട്. ടി 44 അക്കൗണ്ടുകളിൽ 43 അക്കൗണ്ടുകൾ2 പ്രാവശ്യവും (ഒരു 60,000/-, ഒരു 1,25,000/- രൂപയും), 32895055963 എന്ന അക്കൗണ്ട് നമ്പർ 3 തവണയും (2 തവണ 60,000/-, ഒരു തവണ 1,25,000/- രൂപയും) ആവർത്തിച്ചിട്ടുണ്ട്. മേൽ 44 അക്കൗണ്ട് നമ്പരുകളിലേക്ക് ആകെ 82,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. (രണ്ടാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുക

യായ 60,000/- രൂപയും, മൂന്നാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 1,25,000/- രൂപയും അടിസ്ഥാനപ്പെടുത്തിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്) (Annexure **B15**).

**(v) <u>രണ്ടാം സ്ലാബും (Rs.60,000/- രൂപ) നാലാം സ്ലാബും (Rs.2,50,000/- രൂപയും).</u>**

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാമത്തെയും (16% മുതൽ 29% വരെ - 60,000/- രൂപ) നാലാമത്തെയും (60% മുതൽ 74% വരെ - 2,50,000/- രൂപ) കാറ്റഗറിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളായി ഒരേ അക്കൗണ്ട് നമ്പരുള്ള വ്യക്തികളെ വ്യത്യസ്ത ലിസ്റ്റുകളിലായി ഉൾപ്പെടുത്തി ടി രണ്ട് തുകകളും ലഭിക്കത്തക്കവണ്ണം ജില്ലാ കളക്ടറുടെ വിവിധ തീയതികളിലെ BIMS നടപടിക്രമങ്ങളിലൂടെ 57 അക്കൗണ്ടുകൾ നൽകിയിട്ടുണ്ട്. ടി 57 അക്കൗണ്ടുകളിൽ 55 അക്കൗണ്ടുകൾ 2 പ്രാവശ്യവും (ഒരു 60,000/-, ഒരു 2,50,000/- രൂപയും), 32231736450, 857010110003108 എന്നീ അക്കൗണ്ട് നമ്പരുകൾ 3 തവണയും ( 2 തവണ 60,000/-, ഒരു തവണ 2,50,000/- രൂപയും) ആവർത്തിച്ചിട്ടുണ്ട്. മേൽ 57 അക്കൗണ്ട് നമ്പരുകളിലേക്ക് ആകെ 1,77,90,000/- രൂപ അനുവദിച്ചിട്ടുണ്ട്. (രണ്ടാംകാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 60,000/- രൂപയും, നാലാം കാറ്റഗറിയിലെ ധനസഹായ (SDRF + CMDRF) തുകയായ 2,50,000/- രൂപയും അടിസ്ഥാനപ്പെടുത്തിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്) (Annexure **B16**).

**(vi) <u>മൂന്നാം സ്ലാബും (Rs.1,25,000/-രൂപ) നാലാം സ്ലാബും (Rs.2,50,000/-രൂപയും).</u>**

15 അക്കൗണ്ടുകളിലേക്ക് മൂന്നാം കാറ്റഗറിയിലെ (30% മുതൽ 59% വരെ) നാശനഷ്ടത്തിന്റെ തുകയായ 1,25,000/- രൂപയും, നാലാം കാറ്റഗറിയിലെ (60% മുതൽ 74% വരെ) നാശനഷ്ടത്തിന്റെ തുകയായ 2,50,000/- രൂപയും അനുവദിച്ചിട്ടുള്ളതായും പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ടി രണ്ടു തുകകളും 15 അക്കൗണ്ടിലേക്ക് അനുവദിച്ചത് വഴിയുള്ള ആകെ തുക 56,25,000/- രൂപയാണെന്ന് കാണുന്നു (Annexure **B17**).

## 3(e) സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത തുക നഷ്ടപരിഹാരമായി അനുവദിച്ച കേസുകൾ.

26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോതനുസരിച്ച് വിവിധ

കാറ്റഗറികളിലായി വ്യത്യസ്ത തുകകൾ നഷ്ടപരിഹാരമായി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത നഷ്ട പരിഹാര തുകകളായ ഒരു ലക്ഷം, ഒന്നര ലക്ഷം എന്നീ തുകകൾ ചേർത്ത് രണ്ടര ലക്ഷം രൂപ 33 അക്കൗണ്ടുകളിലേക്ക് വിവിധ നടപടിക്രമങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം, സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന കാറ്റഗറിയ്ക്ക് വിരുദ്ധമായി 82,50,000/- രൂപ അനുവദിച്ചതായി പരിശോധനയിൽ കാണുന്നു (Annexure **B18**)

സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത നഷ്ടപരിഹാരത്തുകകളായ 50,000/-, 75,000/- എന്നീ തുകകൾ ചേർത്ത് 1,25,000/- രൂപ 236 അക്കൗണ്ടുകളിലേക്ക് വിവിധ നടപടിക്രമങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 2,97,50,000/- രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നു (Annexure **B19** ).

520101030159365 എന്ന അക്കൗണ്ട് നമ്പരിലേക്ക് 1,90,000/ രൂപയും, 60,000/- രൂപയും അനുവദിച്ചിട്ടുള്ളതായും, കൂടാതെ 2774101011865 എന്ന അക്കൗണ്ട് നമ്പരിലേക്ക് 77,500/-, 6,00,000/- എന്നീ തുകകളും അനുവദിച്ചിട്ടുള്ളതായും കാണുന്നു (Annexure **B20**).

## 3(f) മൂന്ന് കാറ്റഗറികളിൽപ്പെട്ട തുകകൾ ഒരേ അക്കൗണ്ട് നമ്പരിൽ അനുവദിച്ച കേസുകൾ.

12910100042072 എന്ന അക്കൗണ്ട് നമ്പരിലേക്ക് 2,50,000/-, 31,500/-, 10,000/- എന്നീ തുകകളും, 30994751098 എന്ന അക്കൗണ്ട് നമ്പരിലേക്ക് 60,000/-, 2,50,000/-, 1,25,000/- എന്നീ തുകകളും 856010110014701 എന്ന അക്കൗണ്ട് നമ്പരിലേക്ക് 2,50,000/-, 60,000/-, 4,800/- എന്നീ തുകകളും അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു (Annexure **B21**)

## 3(g) അയ്യനാട് കോ – ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെട്ട ധനസഹായ വിതരണം.

11.12.2018 തീയതിയിലെ സ.ഉ.(സാധാ) 671/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 2018 ലെ പ്രകൃതി ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾ പുനർനിർമ്മാണം നടത്തുന്നതിന് തുക അനുവദിക്കുമ്പോൾ ടി തുക ഡി.ബി.റ്റി (ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ) മുഖാന്തിരം മാത്രമേ നൽകാവൂയെന്ന് ഉത്തരവായിരിക്കെ, എറണാകുളം കളക്ടറേറ്റിൽ നിന്നും 2018 ലെ പ്രകൃതി ക്ഷോഭത്തിൽ

നാശനഷ്ടം സംഭവിച്ച വീടുകൾക്കുള്ള ധനസഹായം അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേന നൽകിയിട്ടുള്ളതായും കാണുന്നു. സർക്കാർ നൽകുന്ന ധനസഹായം വ്യക്തികൾക്ക് യഥാസമയം കൈമാറുക എന്ന ലക്ഷ്യം അട്ടിമറിച്ചു കൊണ്ട് അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 10340100011624 എന്ന അക്കൗണ്ട് നമ്പരിലേക്ക് അഞ്ച് പ്രാവശ്യമായി 10,54,000/- രൂപ നൽകിയിട്ടുള്ളതായി കാണുന്നു. മേൽ തുക യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിച്ചിട്ടുണ്ടോയെന്നും അതോ അനർഹർ ആരെങ്കിലും കൈപ്പറ്റിയിട്ടുണ്ടോ എന്നും കണ്ടെത്തുവാൻ കഴിയുന്നില്ല (Annexure **B22**).

മേൽ വിശദമാക്കിയ പ്രകാരം 203 BIMS ലിസ്റ്റുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുള്ളതാണ്.

*i.* ***ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിനോടൊപ്പം ചേർത്തിട്ടുള്ള ഒരേ ലിസ്റ്റിൽ തന്നെ അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട് (Annexure B5). അപ്രകാരത്തിൽ 9 ബില്ലുകളിൽ 71 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. ആയതിൽ 68 അക്കൗണ്ട് നമ്പർ 2 പ്രാവശ്യവും 3 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്രകാരത്തിൽ തുക അനുവദിച്ചതിൽ സർക്കാർ ഖജനാവിന് 8,76,500/- (എട്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ് രൂപ) നഷ്ടം സംഭവിക്കുവാൻ ഇടയായിട്ടുള്ളതാണ്.***

*ii.* ***ഒരേ കാറ്റഗറിയിലുള്ള തുക ആവർത്തിച്ച് ഒരേ അക്കൗണ്ട് നമ്പരിലേക്ക് ലഭിക്കുന്ന വിധത്തിൽ വ്യത്യസ്ത ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട് (Annexure B6 മുതൽ B9 വരെ). ഇത്തരത്തിൽ 2041 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2024 അക്കൗണ്ട് നമ്പരുകളിൽ 2 പ്രാവശ്യവും, 13 അക്കൗണ്ട് നമ്പരുകളിൽ 3 പ്രാവശ്യവും, 4 അക്കൗണ്ട് നമ്പരുകളിൽ 4 പ്രാവശ്യവും തുക അനുവദിക്കുകയുണ്ടായി. 2041 അക്കൗണ്ട് നമ്പരുകൾക്ക് ഒരേ തുക ആവർത്തിച്ച് അനുവദിച്ചത് വഴി സർക്കാർ ഖജനാവിൽ നിന്നും 5,23,95,000/- (അഞ്ച് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) നഷ്ടം സംഭവിക്കുവാൻ ഇടയായിട്ടുള്ളതാണ്.***

*iii.* ***വ്യത്യസ്ത കാറ്റഗറികളിലെ തുക ഒരേ അക്കൗണ്ട് നമ്പരുള്ള ഗുണഭോക്താവിന് ആവർത്തിച്ച് കിട്ടത്തക്ക വിധം ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്***

*(Annexure B12 മുതൽ B17 വരെ). ഇത്തരത്തിൽ 638 അക്കൗണ്ട് നമ്പരുകളിലേക്ക് ആവർത്തിച്ച് തുക അനുവദിക്കുകയുണ്ടായി. അതിൽ 619 അക്കൗണ്ട് നമ്പരുകൾക്ക് 2 പ്രാവശ്യവും, 19 അക്കൗണ്ട് നമ്പരുകൾക്ക് 3 പ്രാവശ്യവും തുക അനുവദിക്കുകയുണ്ടായി. ഇപ്രകാരത്തിൽ ഒരേ അക്കൗണ്ട് നമ്പരിലേക്ക് ആവർത്തിച്ച് തുക അനുവദിച്ചത് വഴി സർക്കാർ ഖജനാവിൽ നിന്നും 9,51,75,000/- (ഒൻപത് കോടി അൻപത്തിയൊന്ന് ലക്ഷത്തിഎഴുപത്തിയയ്യായിരം രൂപ) നഷ്ടം സംഭവിക്കുവാൻ ഇടയായിട്ടുണ്ട്.*

iv. *സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടില്ലാത്ത കാറ്റഗറിയിൽ 286 അക്കൗണ്ട് നമ്പരുകളിൽ 2 പ്രാവശ്യം തുക അനുവദിച്ചിട്ടുണ്ട് (Annexure B18 മുതൽ B20 വരെ). ഈ വിഭാഗത്തിൽ 3,89,27,500/- (മൂന്ന് കോടി എൺപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) ആകെ അനുവദിച്ചിട്ടുണ്ട്.*

v. *3 അക്കൗണ്ട് നമ്പരുകളിലേക്ക് മൂന്ന് വ്യത്യസ്ത കാറ്റഗറികളിലെ തുക വ്യത്യസ്ത ബില്ലുകളിലായി അനുവദിച്ചിട്ടുണ്ട് (Annexure B21). ഈ വിഭാഗത്തിൽ 9,95,000/- (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) സർക്കാർ ഖജനാവിന് നഷ്ടം സംഭവിക്കുവാൻ ഇടയായിട്ടുണ്ട്.*

vi. *എൻ.ഐ.സി നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റിലെ അക്കൗണ്ട് നമ്പരുകൾക്ക് പകരം പൂജ്യം മാത്രമുള്ളതും അഞ്ചിലധികം പൂജ്യങ്ങളിൽ അവസാനിക്കുന്നതുമായ അക്കൗണ്ട് നമ്പരുകൾ നൽകി BIMS ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. ഇപ്രകാരം ചെയ്തത് വഴി അർഹരായ 844 ഗുണഭോക്താക്കൾക്ക് യഥാസമയം നഷ്ടപരിഹാരം ലഭിക്കാതിരിക്കുന്നതിന് ഇടയായിട്ടുണ്ടാകാം.*

vii. *ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ പ്രകാരം ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 10340100011624 എന്ന അക്കൗണ്ട് നമ്പരിലേക്ക് അഞ്ച് പ്രാവശ്യമായി 10,54,000/- രൂപ മാറ്റിയിട്ടുണ്ട്.*

## 4. ട്രഷറി രേഖകളുടെ പരിശോധന.

2018 ഓഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാ പ്രളയത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 5 കാറ്റഗറികളായി തിരിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് 26.10.2018 ലെ ജി.ഒ (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുളള കാറ്റഗറികൾ ചുവടെ ചേർക്കുന്നു.

| കാറ്റഗറി | വീടുകളുടെ നാശനഷ്ടത്തിന്റെ തോത് | SDRF (Rs) | | CMDRF (Rs) | | TOTAL (Rs) |
|---|---|---|---|---|---|---|
| | | മലയോരം | സമതലം | മലയോരം | സമതലം | |
| 1 | 15% വരെ | 5200 | | 4800 | | 10,000 |
| 2 | 16% – 29% വരെ | 30500 | 28500 | 29500 | 31500 | 60,000 |
| 3 | 30% - 59% വരെ | 51000 | 47500 | 74000 | 77500 | 1,25,000 |
| 4 | 60% – 74% വരെ | 76500 | 71000 | 173500 | 179000 | 2,50,000 |
| 5 | 75% – 100% വരെ | 101900 | 95100 | 298100 | 304900 | 4,00,000 |

| 7 | 12910100042072 | 31500/ 10000/ 250000 | 1 | 2393 | 4 | 6 | 60000 | 260000 |
| 8 | 32789985628 | 60000/ 4800/ 10000 | 1 | 9558 | 7 | 6 | 60000 | 20000 |

<table>
<tr><td>9</td><td>357902010021118</td><td>10000/<br>31500/<br>31500</td><td>1</td><td>33018</td><td>7</td><td>6</td><td>60000</td><td>70000</td></tr>
<tr><td>10</td><td>37907956474</td><td>10000/<br>10000/<br>125000</td><td>1</td><td>3852</td><td>4</td><td>5</td><td>125000</td><td>20000</td></tr>
<tr><td>11</td><td>30994751098</td><td>60000/<br>125000/<br>250000</td><td>1</td><td>2200</td><td>4</td><td>5</td><td>125000</td><td>310000</td></tr>
<tr><td rowspan="2">12</td><td rowspan="2">856010110014701</td><td rowspan="2">250000/<br>4800/<br>60000</td><td rowspan="2">2</td><td>879</td><td>7</td><td>6</td><td rowspan="2">10000</td><td rowspan="2">310000</td></tr>
<tr><td>1215</td><td>4</td><td>7</td></tr>
<tr><td>13</td><td>520191029141407</td><td>60000/<br>31500/<br>31500</td><td colspan="4">No Appeal</td><td>60000</td><td>120000</td></tr>
<tr><td>14</td><td>58053000012854</td><td>60000/<br>31500/<br>31500</td><td colspan="4">No Appeal</td><td>60000</td><td>120000</td></tr>
<tr><td>15</td><td>6102352405190700</td><td>10000/<br>10000/<br>4800</td><td>1</td><td>10280</td><td>7</td><td>7</td><td>10000</td><td>20000</td></tr>
<tr><td>16</td><td>67031092976</td><td>10000/<br>31500/<br>31500</td><td>1</td><td>17254</td><td>7</td><td>6</td><td>60000</td><td>70000</td></tr>
<tr><td>17</td><td>67188073806</td><td>10000/<br>10000/<br>31500</td><td colspan="4">No Appeal</td><td>10000</td><td>70000</td></tr>
<tr><td>18</td><td>634053000003673</td><td>10000/<br>10000/<br>31500</td><td colspan="4">No Appeal</td><td>10000</td><td>70000</td></tr>
<tr><td>19</td><td>67041839972</td><td>60000/<br>31500/<br>31500</td><td colspan="4">No Appeal</td><td>60000</td><td>120000</td></tr>
<tr><td>20</td><td>67152457976</td><td>31500/<br>10000/<br>10000</td><td colspan="4">No Appeal</td><td>10000</td><td>70000</td></tr>
<tr><td>21</td><td>67202893995</td><td>60000/<br>10000/<br>4800</td><td>1</td><td>9539</td><td>7</td><td>6</td><td>60000</td><td>20000</td></tr>
</table>

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 22 | 67203345619 | 60000/ 31500/ 31500 | No Appeal | | | | 60000 | 120000 |
| 23 | 67241857702 | 77500/ 10000/ 10000 | 1 | 5096 | 7 | 5 | 125000 | 20000 |
| 24 | 856010100004686 | 10000/ 250000/ 4800 | 1 | 1138 | 4 | 7 | 10000 | 260000 |
| 25 | 7200100001782 | 31500/ 31500/ 60000 | No Appeal | | | | 60000 | 120000 |
| 26 | 736101119766 | 60000/ 31500/ 31500 | No Appeal | | | | 60000 | 120000 |
| 27 | 857010110003108 | 250000/ 31500/ 31500 | 1 | 4054 | 4 | 6 | 60000 | 310000 |
| 28 | 7200100129152 | 60000/ 31500/ 31500 | No Appeal | | | | 60000 | 120000 |
| 29 | 67343268393 | 10000/ 10000/ 125000 | 1 | 7887 | 7 | 5 | 125000 | 20000 |
| 30 | 67319695121 | 10000/ 10000/ 31500 | No Appeal | | | | 10000 | 70000 |
| 31 | 57043062975 | 10000/ 10000/ 31500 | 1 | 5380 | 7 | 6 | 60000 | 20000 |
| 32 | 67043116292 | 10000/ 10000/ 10000/ 10000 | No Appeal | | | | 10000 | 30000 |
| 33 | 57043064564 | 10000/ 10000/ 31500 | No Appeal | | | | 10000 | 70000 |
| | | | | | | | Total | 39,00,000/- |

മേൽ പറഞ്ഞ രീതിയിൽ ട്രഷറി ക്രഡിറ്റ് ഡീറ്റെയിൽസ് പരിശോധിച്ചതിൽ 2683 അക്കൗണ്ട് നമ്പരുകളിൽ ആവർത്തിച്ച് തുക നൽകിയത് വഴി 10,46,75,000/- (പത്ത് കോടി നാൽപ്പത്തിയാറ് ലക്ഷത്തി എഴുപത്തിയയ്യായിരം രൂപ) സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കുന്നു. ഇതിൽ CMDRF വിഹിതത്തിനോടൊപ്പം SDRF വിഹിതവും അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ള നിഗമനത്തിന്റെയും, ഒന്നിലധികം തുക ക്രഡിറ്റ് ആയ കേസുകളിൽ യഥാർത്ഥ അർഹതപ്പെട്ട തുക പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കാത്തതിനാൽ കുറഞ്ഞ സ്ലാബിന് ഗുണഭോക്താവിന് അർഹതപ്പെട്ടതെന്ന അനുമാനത്തിലുമാണ് ടി തുകയിൽ എത്തിച്ചേർന്നിട്ടുള്ളത്.

ട്രഷറി ഡേറ്റ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. *1503 അക്കൗണ്ട് നമ്പരുകളിലേക്ക് പ്രളയ ദുരിതാശ്വാസ ധനസഹായത്തിന്റെ ഒന്നാം സ്ലാബിലെ (10,000/-) തുക ആവർത്തിച്ച് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. അതിൽ 1487 അക്കൗണ്ട് നമ്പരുകളിലേക്ക് 2 പ്രാവശ്യവും, 4 അക്കൗണ്ട് നമ്പരുകളിലേക്ക് 3 പ്രാവശ്യവും, 12 അക്കൗണ്ട് നമ്പരുകളിലേക്ക് 4 പ്രാവശ്യവും തുക ക്രഡിറ്റ് ആയിട്ടുണ്ട്. ആയത് പ്രകാരം സർക്കാർ ഖജനാവിൽ നിന്നും 1,53,10,000/- (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി പതിനായിരം രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട് (Annexure C7 മുതൽ C9 വരെ). CMDRF വിഹിതമായ 4800/- രൂപ ലിസ്റ്റിൽ കാണുന്ന കേസുകളിൽ SDRF വിഹിതമായ 5200/- രൂപ ടി അക്കൗണ്ടുകളിൽ ക്രഡിറ്റ് ആയിട്ടുണ്ടാകും എന്ന അനുമാനത്തിലാണ് സ്ലാബ് അടിസ്ഥാനത്തിൽ (Rs.10,000/-) നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത്.*
2. *483 അക്കൗണ്ട് നമ്പരുകളിലേക്ക് പ്രളയ ദുരിതാശ്വാസ ധനസഹായത്തിന്റെ രണ്ടാം സ്ലാബിലെ (60,000/-) തുക ആവർത്തിച്ച് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 482 അക്കൗണ്ട് നമ്പരുകളിൽ 2 പ്രാവശ്യവും, 1 അക്കൗണ്ട് നമ്പരിൽ 3 പ്രാവശ്യവും തുക Deliver ആയിട്ടുണ്ട്. ആയത് പ്രകാരം സർക്കാരിന് 2,90,40,000/- (രണ്ട് കോടി തൊണ്ണൂറ് ലക്ഷത്തി നാല്പതിനായിരം രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്. CMDRF വിഹിതമായ 31,500/- രൂപ ലിസ്റ്റിൽ കാണുന്ന കേസുകളിൽ SDRF വിഹിതമായ 28,500/- രൂപ ടി അക്കൗണ്ടുകളിൽ ക്രഡിറ്റ് ആയിട്ടുണ്ടാകും എന്ന അനുമാനത്തിലാണ് സ്ലാബ് അടിസ്ഥാനത്തിൽ (Rs.60,000/-) നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത് (Annexure C10 മുതൽ C12 വരെ).*
3. *4 അക്കൗണ്ട് നമ്പരുകളിലേക്ക് പ്രളയ ദുരിതാശ്വാസ ധനസഹായത്തിന്റെ മൂന്നാം സ്ലാബിലെ (1,25,000/-) തുക 2 പ്രാവശ്യം ആവർത്തിച്ച് Deliver ആയിട്ടുണ്ട്. ആയത് പ്രകാരം സർക്കാരിന് 5,00,000/- (അഞ്ച് ലക്ഷം രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്. CMDRF വിഹിതമായ 77,500/- രൂപ ലിസ്റ്റിൽ കാണുന്ന കേസുകളിൽ SDRF വിഹിതമായ 47,500/- രൂപ ടി അക്കൗണ്ടുകളിൽ ക്രഡിറ്റ് ആയിട്ടുണ്ടാകും എന്ന അനുമാനത്തിലാണ് സ്ലാബ്*

അടിസ്ഥാനത്തിൽ (Rs.1,25,000/-) നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത് (Annexure C13, C14 ).

4. 15 അക്കൗണ്ട് നമ്പരുകളിലേക്ക് പ്രളയ ദുരിതാശ്വാസ ധനസഹായത്തിന്റെ നാലാം സ്ലാബിലെ (2,50,000/-) തുക 2 പ്രാവശ്യം ആവർത്തിച്ച് Deliver ആയിട്ടുണ്ട്. ആയത് പ്രകാരം സർക്കാരിന് 37,50,000/- (മുപ്പത്തിയേഴ് ലക്ഷത്തിഅൻപതിനായിരം രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്. CMDRF വിഹിതമായ 1,79,000/- രൂപ ലിസ്റ്റിൽ കാണുന്ന കേസുകളിൽ SDRF വിഹിതമായ 71,000/- രൂപ ടി അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആയിട്ടുണ്ടാകും എന്ന അനുമാനത്തിലാണ് സ്ലാബ് അടിസ്ഥാനത്തിൽ (Rs.2,50,000/-) നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത് (Annexure C15 മുതൽ C17 വരെ).

5. 41 അക്കൗണ്ട് നമ്പരുകളിൽ രണ്ട് പ്രാവശ്യം തുക ക്രെഡിറ്റ് ചെയ്യപ്പെട്ടെങ്കിലും ടി അക്കൗണ്ട് നമ്പരുകളിൽ ഒരു പ്രാവശ്യം മാത്രം ഗുണഭോക്താവിന് തുക അക്കൗണ്ടിലേക്ക് Deliver ആകുകയും ഒരു തുക Return ആകുകയും ചെയ്തിട്ടുണ്ട്. ടി രണ്ട് അക്കൗണ്ട് നമ്പരുകളിൽ വ്യത്യസ്ത തുക ക്രെഡിറ്റ് ചെയ്ത കേസുകൾ അപ്പീൽ ഡേറ്റയുമായി പരിശോധിച്ചതിൽ 4 കേസുകളിൽ അപ്പീലിൽ അനുവദിച്ചതിനെക്കാൾ തുക അക്കൗണ്ടിൽ Deliver ആയി കാണുന്നു. ആയത് പ്രകാരം സർക്കാരിന് 6,05,000/- (ആറ് ലക്ഷത്തി അയ്യായിരം രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട് (Annexure C19).

6. വ്യത്യസ്ത സ്ലാബുകളിൽപ്പെട്ട തുക ഒരേ അക്കൗണ്ട് നമ്പരുകളിലേക്ക് രണ്ട് പ്രാവശ്യം ആവർത്തിച്ച് Deliver ആയിട്ടുള്ള 737 അക്കൗണ്ട് നമ്പരുകളുണ്ട്. ആയത് പ്രകാരം 5,08,20,000/- (അഞ്ച് കോടി എട്ട് ലക്ഷത്തി ഇരുപതിനായിരം രൂപ) സർക്കാർ ഖജനാവിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ട്. ലിസ്റ്റിൽ CMDRF വിഹിതം കാണിച്ചിട്ടുള്ള കേസുകളിൽ SDRF വിഹിതവും അക്കൗണ്ട് നമ്പരുകളിൽ Deliver ആയിട്ടുണ്ടാകും എന്ന നിഗമനത്തിലാണ് നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത്. വ്യത്യസ്ത സ്ലാബുകളിലെ തുക ഒരേ അക്കൗണ്ട് നമ്പരുകളിൽ Deliver ആയിട്ടുള്ളതിനാൽ അപ്പീൽ ഡേറ്റയുമായി ടി അക്കൗണ്ട് നമ്പരുകൾ പരിശോധന നടത്തിയുമാണ് തുക തിട്ടപ്പെടുത്തിയിട്ടുള്ളത് (Annexure C20 മുതൽ C43 വരെ).

7. 32 അക്കൗണ്ട് നമ്പരുകളിൽ വ്യത്യസ്ത സ്ലാബുകളിലെ തുക മൂന്ന് പ്രാവശ്യവും, 1 അക്കൗണ്ട് നമ്പരിൽ 4 പ്രാവശ്യവും തുക Deliver ആയിട്ടുണ്ട്. ഇപ്രകാരത്തിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം 39,00,000/- (മുപ്പത്തിയൊൻപത് ലക്ഷം) രൂപയാണ്. ലിസ്റ്റിൽ CMDRF വിഹിതം കാണിച്ചിട്ടുള്ള കേസുകളിൽ SDRF വിഹിതവും അക്കൗണ്ട് നമ്പരുകളിൽ Deliver ആയിട്ടുണ്ടാകും എന്ന നിഗമനത്തിലാണ് നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളത്. വ്യത്യസ്ത സ്ലാബുകളിലെ തുക ഒരേ അക്കൗണ്ട് നമ്പരുകളിൽ Deliver ആയിട്ടുള്ളതിനാൽ അപ്പീൽ ഡേറ്റയുമായി ടി

അക്കൗണ്ട് നമ്പരുകൾ പരിശോധന നടത്തിയുമാണ് തുക തിട്ടപ്പെടുത്തിയിട്ടുള്ളത് *(Annexure C44).*

8. *BIMS ലിസ്റ്റിൽ ഉൾപ്പെടാത്ത 2703 അക്കൗണ്ട് നമ്പരുകളിലേക്ക് ട്രഷറിയിൽ നിന്നും തുക ക്രഡിറ്റ് ചെയ്തതായി എറണാകുളം കളക്ടറേറ്റ് മുഖാന്തിരം ലഭ്യമാക്കിയ ട്രഷറി ഡേറ്റ പരിശോധിച്ചതിൽ കാണുന്നു.അത്തരത്തിൽ ട്രഷറി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളിലെ ആദ്യത്തേയോ അവസാനത്തേയോ ഒന്നോ രണ്ടോ ഡിജിറ്റുകൾ ഒഴിവാക്കി റാൻഡം പരിശോധന നടത്തിയതിൽ ടി അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിലെ അക്കൗണ്ട് നമ്പരുമായി ഏകദേശം സാമ്യം കാണുകയുണ്ടായി. അത്തരം കേസുകളിലെ UTR നമ്പർ BIMS Portal ൽ പരിശോധന നടത്തിയതിൽ BIMS ലിസ്റ്റിൽ ഉൾപ്പെട്ട അതേ അക്കൗണ്ട് നമ്പരുകളിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ട്രഷറി ലിസ്റ്റിൽ അക്കൗണ്ട് നമ്പർ എന്ന ഫീൽഡിൽ രേഖപ്പെടുത്തി കാണുന്നതും മേൽ വിശദമാക്കിയ പ്രകാരം UTR search നടത്തുമ്പോൾ കിട്ടുന്ന അക്കൗണ്ട് നമ്പരിൽ കാണുന്ന വ്യത്യാസവും ഫിനാൻസ് വിഭാഗം മുഖേന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന് കാണുന്നു. ബില്ലുകൾ ട്രഷറിയിൽ ഇ സബ്മിഷൻ നടത്തിയതിന് ശേഷം വരുത്തിയിട്ടുള്ള മാറ്റങ്ങൾ സംബന്ധിച്ച എഡിറ്റഡ് ലിസ്റ്റ് ട്രഷറിയിൽ നിന്നും ലഭ്യമാകാത്തതിനാൽ ബിംസ് ലിസ്റ്റ് നൽകിയ ശേഷം അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്തതാണോ എന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.*

9. *സർക്കാർ നിശ്ചയിച്ചിരുന്ന സ്ലാബുകളിൽ ഉൾപ്പെടാത്ത തുക 2 പ്രാവശ്യവും സ്ലാബിൽപ്പെട്ട തുക 1 പ്രാവശ്യവും ഗുണഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഓരോ അക്കൗണ്ട് നമ്പരിലും 3 പ്രാവശ്യം ആവർത്തിച്ച് തുക Deliver ആയിട്ടുള്ള 4 കേസുകളുണ്ട്. അപ്പീൽ ഡേറ്റയുമായി പരിശോധിച്ചതിൽ അപ്പീലിൽ അനുവദിച്ചതിനെക്കാൾ തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയത് പ്രകാരം 7,50,000/- (ഏഴ് ലക്ഷത്തി അൻപതിനായിരം) രൂപ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട് (Annexure C6).*

## 5. അപ്പീൽ ഡേറ്റ പരിശോധന.

2018 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ തകർന്ന വീടുകളുടെ നാശനഷ്ടം കണക്കാക്കിയത് കൃത്യമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപ്പീൽ അപേക്ഷകളിൽ കെട്ടിട പരിശോധന നടത്തുന്നതിന് 16.02.2019 ലെ സ.ഉ. (സാധാ) 551/2019/റവന്യൂ നമ്പർ ഉത്തരവിന് വിധേയമായി 07.03.2019 ലെ ഡി2/5069/18 നമ്പർ നടപടിക്രമം പ്രകാരം ജില്ലാ കളക്ടർ റിട്ടയർ ചെയ്ത 6 ഓവർസിയർമാരെ നിയമിച്ചിരുന്നു (Annexure D1). 2018 ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് എറണാകുളം കളക്ടറേറ്റിൽ നിന്നും ലഭ്യമായ ഡേറ്റ പ്രകാരം ആകെ 33,310 അപ്പീൽ അപേക്ഷകളാണ് ലഭിച്ചിരുന്നത് (പുതിയ അപേക്ഷകൾ 21577 + Partial അപ്പീൽ 11733 (നഷ്ടപരിഹാരത്തിന് ഉൾപ്പെടുത്തിയ കാറ്റഗറി സംബന്ധിച്ച് ആക്ഷേപമുള്ള കേസ്) = ആകെ 33,310) ടി അപ്പീൽ കേസുകളിൽ 30135 (പുതിയ അപേക്ഷകൾ 19514 + Partial അപ്പീൽ 10621 = 30135) എണ്ണം അനുവദിച്ചിട്ടുള്ളതും അവശേഷിക്കുന്നത് (3175 എണ്ണം) നിരസിച്ചിട്ടുള്ളതുമാണ്.

***ഒരേ അക്കൗണ്ട് നമ്പരിൽ ഒന്നിലധികം തുക ട്രഷറിയിൽ നിന്നും ക്രഡിറ്റ് ചെയ്തിട്ടുള്ള കേസുമായി ബന്ധപ്പെട്ട് അപ്പീൽ ഡേറ്റ പരിശോധിച്ചതിൽ ഒരേ അക്കൗണ്ട് നമ്പരിലുള്ള ഗുണഭോക്താവിന്റെ അപ്പീൽ ഒന്നിലധികം തവണ പരിഗണിച്ചിട്ടുള്ളതായും, അതിൽ തന്നെ വ്യത്യസ്ത തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. ഇതിൽ നിന്നും അപ്പീൽ കേസുകൾ പരിശോധിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ കൃത്യവിലോപം സംഭവിച്ചിട്ടുണ്ടെന്ന് സ്പഷ്ടമാണ്.***

62

## 6. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ.

28.12.2018 മുതൽ 31.01.2020 വരെയുള്ള കാലയളവിൽ 1,06,799 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി എൻ.ഐ.സി നൽകിയ 191 ലിസ്റ്റുകൾ പരിശോധിച്ചതിൽ 136 ലിസ്റ്റുകളിൽ അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

- ഇപ്രകാരത്തിൽ ആവർത്തിച്ചിട്ടുള്ളത് 6611 അക്കൗണ്ട് നമ്പരുകളാണ്.
- ഇതിൽ 6570 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും, 34 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും, 5 അക്കൗണ്ട് നമ്പരുകൾ 4 പ്രാവശ്യവും, 2 അക്കൗണ്ട് നമ്പരുകൾ 6 പ്രാവശ്യവും ആവർത്തിക്കുന്നുണ്ട്.
- എൻ.ഐ.സി.യിൽ നിന്നും നൽകിയ 191 ലിസ്റ്റുകളിൽ 19 ലിസ്റ്റുകളിൽ 178 അക്കൗണ്ട് നമ്പരുകൾ 2 പ്രാവശ്യവും, 6 അക്കൗണ്ട് നമ്പരുകൾ 3 പ്രാവശ്യവും, 4 അക്കൗണ്ട് നമ്പരുകൾ 4 പ്രാവശ്യവും, 2 അക്കൗണ്ട് നമ്പരുകൾ 6 പ്രാവശ്യവും ഒരേ ലിസ്റ്റിൽ തന്നെ ആവർത്തിച്ചിട്ടുള്ളതാണ്.
- 814 ഗുണഭോക്താക്കളടങ്ങിയ 28.12.2018 ലെ ആദ്യ ലിസ്റ്റിൽ തന്നെ 4 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഇപ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകൾ ഒന്നിലധികം തവണ ഉൾപ്പെടുത്തിയത് വഴി സർക്കാർ ഖജനാവിൽ നിന്നും **10,23,90,000/-** രൂപ നഷ്ടപ്പെടുവാൻ ഇടയായിട്ടുള്ളതാണ്.
- ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായത്തിൽ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്ന സംവിധാനത്തിൽ അക്കൗണ്ട് നമ്പരുകൾ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടത് പരമപ്രധാനമായ ഉത്തരവാദിത്വമായിരിക്കെ ആയത് പോലും പരിശോധിക്കാതെ സർക്കാർ ഖജനാവിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന വിധത്തിൽ ലിസ്റ്റുകൾ തയ്യാറാക്കിയതും ഫലപ്രദമായ ഡീഡ്യൂപ്ലിക്കേഷൻ സംവിധാനം ഒരുക്കാത്തതും എൻ.ഐ.സി യുടെ ഭാഗത്ത് നിന്നുണ്ടായ പോരായ്മയാണ്.

## 7. എറണാകുളം കളക്ടറേറ്റിലെ പരിഹാരം സെല്ലിൽ നടത്തിയിട്ടുള്ള ക്രമക്കേടുകൾ / വീഴ്ചകൾ.

- 2018 ലെ പ്രളയ ദുരിതാശ്വാസ ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുടെ CMDRF, SDRF വിഹിതം സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ള 26.10.2018 ലെ ജി.ഒ. (എം.എസ്) 24/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിന് വിരുദ്ധമായി എറണാകുളം കളക്ടറേറ്റിൽ 2018 ഡിസംബർ മാസം മുതൽ 2019 ഏപ്രിൽ മാസം വരെ പ്രളയത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം CMDRF ൽ നിന്നും മാത്രമായി ഒന്നായി നൽകിയിട്ടുള്ളതാണ്.
- 26.10.2018 ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത സ്ലാബുകൾ (75,000/-, 50,000/-), (1,00,000/-, 1,50,000/-), (1,90,000/-, 60,000/-) എന്നീ വിധത്തിൽ തുകകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി.
- NIC യിൽ നിന്നും MS-Excel ഫോർമാറ്റിൽ ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിലേക്ക് CSV ഫോർമാറ്റിലേക്ക് മാറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ

  (a) NIC ലിസ്റ്റിൽ ഉൾപ്പെടാത്ത 6811 അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെടുത്തി. ഈയിനത്തിൽ 24,44,12,200/- രൂപ ഉൾപ്പെട്ടിട്ടുള്ളതാണ്. (Annexure D2).

  (b) NIC ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന അക്കൗണ്ട് നമ്പർ മാറ്റി പകരം `0` എന്ന അക്കൗണ്ട് നമ്പരും, മൂന്ന് നാല് അക്കങ്ങൾക്ക് ശേഷം അഞ്ചിലധികം പൂജ്യങ്ങൾ ചേർത്ത് (ഉദാ:- 520191000000000, 702702000000000...) ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കാതിരിക്കും വിധം BIMS ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള 844 അക്കൗണ്ടുകളിലായി 1,83,81,300/- രൂപ ഉൾപ്പെട്ടിട്ടുള്ളതാണ്.

  (c) പരിഹാരം സെല്ലിൽ പി2 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ.വിഷ്ണു പ്രസാദ് ടിയാന്റെ വിവിധ ബാങ്കുകളിലെ അക്കൗണ്ട് നമ്പരുകൾ (ICICI ബാങ്ക് - 091901515063, HDFC - 50100215770096, Union Bank of India –022546000000010) BIMS ലിസ്റ്റിൽ ഉൾപ്പെടുത്തി 9,65,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ്.

- ട്രഷറിയിലേക്ക് നൽകുന്നതിന് തയ്യാറാക്കിയിട്ടുള്ള നടപടിക്രമത്തിലും അതോടൊപ്പം ചേർത്തിട്ടുള്ള ചെക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും വ്യത്യസ്തമായ കേസുകൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

a) 24.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമത്തിൽ 661 ഗുണഭോക്താക്കൾക്ക് 10,000/- രൂപ ക്രമത്തിൽ 66,10,000/- രൂപ നൽകുന്നതിനാണ് നടപടിക്രമം തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചെക്കിലെ തുക 67,10,000/- രൂപ. (Annexure D3- Soft copy) അധികമായി ചെക്കിൽ ഉൾപ്പെടുത്തിയ തുകയായ 1,00,000/- രൂപ പി2 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.വിഷ്ണുപ്രസാദിന്റെ HDFC ബാങ്ക് അക്കൗണ്ട് നമ്പരായ 50100215770096 ലേക്ക് ലഭിക്കത്തക്കവിധം ടി ലിസ്റ്റിൽ ക്രമ നം. 343 ആയി ശ്രീ.വിഷ്ണുപ്രസാദിന്റെ പേര് അനധികൃതമായി ഉൾപ്പെടുത്തി ലിസ്റ്റിലെ ആകെ ഗുണഭോക്താക്കളുടെ എണ്ണം 662 ആക്കി മാറ്റിയിട്ടുള്ളതുമാണ്.

b) 14.01.2019 തീയതിയിലെ പി2/3609/2018 നമ്പർ നടപടിക്രമത്തിൽ 729 ഗുണഭോക്താക്കൾക്ക് 10,000/- രൂപ ക്രമത്തിൽ 72,90,000/- രൂപ നൽകുന്നതിനാണ് നടപടിക്രമം തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചെക്കിലെ തുക 74,70,000/- രൂപ (Annexure D4- Soft copy ). NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ, ടി നടപടിക്രമത്തിനോടൊപ്പമുള്ള ലിസ്റ്റിൽ ക്രമ നം. 635 ആയി Ratheesh എന്നവരുടെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ 607902010006498 നമ്പർ അക്കൗണ്ടിലേക്ക് 1,00,000/- രൂപയും, ക്രമ നം 644 ആയി പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ ICICI ബാങ്ക് അക്കൗണ്ട് നമ്പരായ 09190515063 ലേക്ക് 1,00,000/- രൂപയും അനധികൃതമായി മാറ്റിയിട്ടുള്ളതാണ്.

c) ജില്ലാ കളക്ടറുടെ 24.01.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 789 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ, NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 091901515063 എന്ന പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ ICICI ബാങ്ക് അക്കൗണ്ട് നമ്പർ ക്രമ നം.

276, 278 എന്നിങ്ങനെ അനധികൃതമായി ഉൾപ്പെടുത്തി 20,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ് (Annexure D5 - Soft copy ).

d) ജില്ലാ കളക്ടറുടെ 05.01.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 1473 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ, NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 091901515063 എന്ന പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ ICICI ബാങ്ക് അക്കൗണ്ട് നമ്പർ ക്രമ നം. 1352, 1364 എന്നിങ്ങനെ അനധികൃതമായി ഉൾപ്പെടുത്തി 20,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ് (Annexure D6 - Soft copy ).

e) ജില്ലാ കളക്ടറുടെ 25.01.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 1000 ഗുണഭോക്താക്കൾക്ക് 10,000/- രൂപ ക്രമത്തിൽ 1,00,00,000/- രൂപ നൽകുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം 1,00,90,000/- രൂപയുടെ നടപടിക്രമവും ചെക്കും തയ്യാറാക്കുകയും, (Annexure D7 - Soft copy ). NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 091901515063 എന്ന പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ ICICI ബാങ്ക് അക്കൗണ്ട് നമ്പർ ക്രമ നം 309 ആയി അനധികൃതമായി ഉൾപ്പെടുത്തി 1,00,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ്.

f) ജില്ലാ കളക്ടറുടെ 01.03.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 375 ഗുണഭോക്താക്കൾക്ക് 10,000/- രൂപ ക്രമത്തിൽ 37,50,000/- രൂപ നൽകുന്ന തിനായി ലിസ്റ്റ് തയ്യാറാക്കിയതിൽ, NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 857210110000522 എന്ന പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ Bank of India യിലെ അക്കൗണ്ട് നമ്പർ ക്രമ നം 179 ആയി അനധികൃതമായി ഉൾപ്പെടുത്തി 10,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ് (Annexure D8 - Soft copy ).

g) ജില്ലാ കളക്ടറുടെ 01.03.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 525 ഗുണഭോക്താക്കൾക്ക് 1,25,000/- രൂപ ക്രമത്തിൽ 6,56,25,000/- രൂപ നൽകുന്നതിനായി ലിസ്റ്റ് തയ്യാറാക്കിയതിൽ, NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 091901515063 എന്ന പി2 സെക്ഷൻ

ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ ICICI ബാങ്ക് അക്കൗണ്ട് നമ്പർ ക്രമ നം. 416 ആയി അനധികൃതമായി ഉൾപ്പെടുത്തി 1,25,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ് (Annexure D9 - Soft copy ).

h) ജില്ലാ കളക്ടറുടെ 28.03.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 382 ഗുണഭോക്താക്കൾക്ക് 2,50,000/- രൂപ ക്രമത്തിൽ 9,55,00,000/- രൂപ നൽകുന്നതിനായി ലിസ്റ്റ് തയ്യാറാക്കിയതിൽ, NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 5010021577096 എന്ന പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ HDFC ബാങ്ക് അക്കൗണ്ട് നമ്പർ ക്രമ നം. 145 ആയി അനധികൃതമായി ഉൾപ്പെടുത്തി 2,50,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ് (Annexure D10 - Soft copy ).

i) ജില്ലാ കളക്ടറുടെ 01.04.2019 ലെ പി2/3609/2018 നമ്പർ നടപടിക്രമം പ്രകാരം 2002 ഗുണഭോക്താക്കൾക്ക് 1,25,000/- രൂപ ക്രമത്തിൽ 25,02,50,000/- രൂപ നൽകുന്നതിനായി ലിസ്റ്റ് തയ്യാറാക്കിയതിൽ, NIC യിൽ നിന്നും നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്റെ Union Bank of India യിലെ 022546000000010 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 556 ആയും, ICICI ബാങ്കിലെ 091901515063 എന്ന അക്കൗണ്ട് നമ്പർ ക്രമ നം 640 ആയും അനധികൃതമായി ഉൾപ്പെടുത്തി 2,50,000/- രൂപ തട്ടിയെടുത്തിട്ടുള്ളതാണ് (Annexure D11 - Soft copy ).

- കളക്റേറ്റിലെ പരിഹാരം സെല്ലിൽ അലോട്ട്മെന്റ് രജിസ്റ്റർ 12.06.2017 തീയതി വരെ മാത്രമേ പരിപാലിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നത്. സർക്കാരിൽ നിന്നുള്ള CMDRF സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന പരിഹാരം സെല്ലിൽ അലോട്ട്മെന്റ് രജിസ്റ്ററോ, ചെക്ക് ഇഷ്യു രജിസ്റ്ററോ തയ്യാറാക്കി നാളതീകരിച്ച് പരിപാലിച്ചിട്ടില്ലെന്നത് ഗുരുതരമായ കൃത്യവിലോപമാണ്.
- എറണാകുളം കളക്ടറേറ്റിലെ പരിശോധനാ വേളയിൽ `പരിഹാരം സെല്ലിലെ` ലഭ്യമായ രേഖകൾ പരിശോധിക്കുകയുണ്ടായി. BIMS പ്രൊസീഡിംഗ്സിന്റെ കോപ്പികൾ പരിശോധിക്കുന്ന സമയം ചുവടെ പറയുന്ന രണ്ട് TSB ചെക്കുകൾ 5.4.2019 തീയതി എഴുതി തയ്യാറാക്കി വച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത ചെക്കുകൾ ട്രഷറിയിൽ സമർപ്പിച്ചതായോ അല്ലെങ്കിൽ ആയവ റദ്ദ് ചെയ്തതായോ രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത ചെക്കുകളിൽ PAID BY TRANSFER എന്ന ഒരു സീൽ രണ്ടാമത്തെ ചെക്കിന്മേൽ

പതിച്ചിട്ടുണ്ടെങ്കിലും മറ്റു നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നു. ഇത്തരത്തിൽ ട്രഷറിയിൽ സമർപ്പിക്കാതെ ചെക്ക് എഴുതി ലിസ്റ്റ് ഉൾപ്പെടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ചെക്കിലും ലിസ്റ്റിലും ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം നൽകിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് ആവശ്യമായ രേഖപ്പെടുത്തലുകൾ കാണുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററോ, അലോട്ട്മെന്റ് രജിസ്റ്ററോ എഴുതി സൂക്ഷിക്കാത്തതിനാൽ മേൽ വിവരം കണ്ടെത്താനും കഴിയുകയില്ല. ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട മേലധികാരികളാരും തന്നെ പരിശോധിച്ചതായും കാണുന്നില്ല (Annexure D12 ).

<u>ചെക്കുകളുടെ വിവരം</u>

| ചെക്ക് നമ്പർ | തുക | തീയതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| SB/XY 5078214 | 159420000/- | 5.4.2019 | 2657 |
| SB/XY 5078216 | 107000000/- | 5.4.2019 | 428 |
| | **26,64,20,000/-** | | |

- അപ്പീൽ സമർപ്പിച്ചതിലൂടെ ഉയന്ന സ്ലാബിലുള്ള നഷ്ടപരിഹാരത്തിന് അർഹരായ ഗുണഭോക്താക്കൾക്ക് ആദ്യം അനുവദിച്ച തുകയ്ക്ക് പുറമേ അപ്പീലിലൂടെ അർഹമായ ഉയർന്ന തുകയും അനുവദിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ ഇത്തരം കേസുകളിൽ ആദ്യം അനുവദിച്ച തുകയ്ക്ക് ഉപരിയായി രണ്ടാമത് അനുവദിച്ച ഉയർന്ന തുകയുടെ ബാക്കി തുക കൂടി ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകുന്നതിന് പകരം രണ്ടാമത് അനുവദിച്ച ഉയർന്ന തുക മുഴുവനും ഗുണഭോക്താവിന് നൽകുകയും, തുടർന്ന് കുറച്ച് കേസുകളിൽ ആദ്യം അനുവദിച്ച തുക തിരികെ രസീതി നൽകി കളക്ടറേറ്റിൽ സ്വീകരിക്കുകയാണുണ്ടായതെന്ന് അന്വേഷണത്തിൽ അറിയുന്നു. എന്നാൽ ശ്രീ.വിഷ്ണുപ്രസാദ് പോലീസ് കസ്റ്റഡിയിലായതിനാലും, കളക്ടറേറ്റിലെ ബന്ധപ്പെട്ട രേഖകൾ പോലീസ് കസ്റ്റഡിയിലായതിനാലും ഇത്തരത്തിൽ തിരികെ സ്വീകരിച്ച തുകകൾ എത്രയാണെന്നോ, അതിൽ സർക്കാരിലേക്ക് / ട്രഷറിയിലേക്ക് തിരിച്ചടച്ച തുക എത്രയാണെന്നോ, ഈയിനത്തിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്നോ കൃത്യമായി കണക്കാക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

## 8. പി2 സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണു പ്രസാദിന്റെ അക്കൗണ്ടിലേക്ക് അനധികൃതമായി മാറ്റിയിട്ടുള്ള തുകകൾ.

2018 ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം വിതരണം ചെയ്യുന്നതിനായി എറണാകുളം NIC ൽ നിന്നും അയച്ചു കൊടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം തുടർനടപടികൾ സ്വീകരിച്ചിരുന്നത് കളക്ടറേറ്റിലെ പി 2 സീറ്റ് ക്ലാർക്ക് ശ്രീ.വിഷ്ണുപ്രസാദ് എന്നവരാണ്. NIC ൽ നിന്നും അയച്ചു കൊടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ 191 ലിസ്റ്റുകളും ആയതിന്റെ അടിസ്ഥാനത്തിൽ കളക്ടറേറ്റിലെ പി2 സീറ്റിൽ നിന്നും തയ്യാറാക്കിയ BIMS ലിസ്റ്റും പരിശോധിച്ചതിൽ, NIC യുടെ ലിസ്റ്റിൽ ഇല്ലാത്തതും എന്നാൽ BIMS ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ Vishnu, Vishnuprasad എന്നീ പേരുകൾ പരിശോധിക്കുകയും, അതിൽ പി2 സീറ്റ് ക്ലാർക്കായ ശ്രീ.വിഷ്ണു പ്രസാദ് സ്വന്തം പേര് വിവിധ ലിസ്റ്റുകളിൽ അനധികൃതമായി ഉൾപ്പെടുത്തി ചുവടെ പറയുന്ന തുകകൾ സ്വന്തം പേരിലുള്ള അക്കൗണ്ടുകളിലേക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു. NIC ൽ നിന്നും ലഭ്യമായിട്ടുള്ള Excel ഫയൽ CSV ഫോർമാറ്റിലേക്ക് മാറ്റിയപ്പോൾ ശ്രീ.വിഷ്ണു പ്രസാദ് സ്വന്തം പേര് തിരുകിക്കയറ്റി ധനസഹായം തട്ടിയെടുക്കുകയാണെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

| ഫയൽ നമ്പർ | തീയതി | ഫയലിലെ ക്രമ നം | തുക (രൂപ) | അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 2018191101B000017675 | 05.01.2019 | 1352 | 10,000 | 91901515063 |
| 2018191101B000017675 | 05.01.2019 | 1364 | 10,000 | 91901515063 |
| 2018191101B000018658 | 14.01.2019 | 644 | 1,00,000 | 91901515063 |
| 2018191101B000020484 | 24.01.2019 | 276 | 10,000 | 91901515063 |
| 2018191101B000020484 | 24.01.2019 | 278 | 10,000 | 91901515063 |
| 2018191101B000020727 | 25.01.2019 | 309 | 1,00,000 | 91901515063 |
| 2018191101B000027572 | 01.03.2019 | 416 | 1,25,000 | 91901515063 |
| 2019201101B000000110 | 01.04.2019 | 640 | 1,25,000 | 91901515063 |

| | | | | |
|---|---|---|---|---|
| 2018191101B000020429 | 24.01.2019 | 343 | 1,00,000 | 50100215770096 |
| 2018191101B000036787 | 28.03.2019 | 145 | 2,50,000 | 50100215770096 |
| 2019201101B000000110 | 01.04.2019 | 556 | 1,25,000 | 22546000000010 |
| | | | **9,65,000** | |

എറണാകുളം ലീഡ് ബാങ്ക് മാനേജർ മുഖാന്തിരം ലഭ്യമാക്കിയിട്ടുള്ള, പി2 സെക്ഷൻ ക്ലാർക്കായ വിഷ്ണു പ്രസാദ് / വിഷ്ണു എന്നയാളുടെ എറണാകുളം ജില്ലയിലുള്ള ബാങ്ക് ശാഖകളിലെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക കൈമാറ്റം ചെയ്ത വിശദാംശങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ശ്രീ.വിഷ്ണു പ്രസാദിന് എറണാകുളം ജില്ലയ്ക്ക് പുറത്തുള്ള ജില്ലകളിലോ സംസ്ഥാനത്തിന് പുറത്തുള്ള ബാങ്കുകളിലോ അക്കൗണ്ടുകൾ ഉണ്ടോയെന്നുള്ള വിശദാംശങ്ങൾ (പാൻ കാർഡ് നമ്പർ / ആധാർ നമ്പർ എന്നിവയെ അടിസ്ഥാനമാക്കി) സ്റ്റേറ്റ് ലീഡ് ബാങ്ക് മാനേജർ / ധനകാര്യ വിഭാഗം വഴി ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്. ആയത് പോലെ ബിനാമി പേരിൽ അക്കൗണ്ടുകൾ ഉണ്ടോയെന്നും പരിശോധിക്കാവുന്നതാണ്.

## 9. ട്രഷറിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കണക്കാക്കാവുന്നവ.

എറണാകുളം ജില്ലാ കളക്ടറേറ്റിൽ നിന്നും പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിനായി ട്രഷറിയിലേക്ക് നൽകിയിട്ടുള്ള 203 BIMS നടപടിക്രമത്തിനോടൊപ്പം ചേർത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ ട്രഷറിയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള Credited details ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളുമായി ഒത്തുനോക്കിയതിൽ 2723 അക്കൗണ്ട് നമ്പരുകൾ യോജിക്കുന്നില്ലായെന്ന് കാണുന്നു. അതിൽ 20 അക്കൗണ്ട് നമ്പരുകൾ തഹസിൽദാർമാർക്ക് തുക അലോട്ട് ചെയ്തതുമായി ബന്ധപ്പെട്ടതാണ്. ടി 2723 അക്കൗണ്ട് നമ്പരുകൾ കൂടാതെ 680 അക്കൗണ്ട് നമ്പരുകൾ scientific / exponential ഫോർമാറ്റിലാണ്. അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ ട്രഷറിയിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ BIMS ലിസ്റ്റിലുള്ള അക്കൗണ്ട് നമ്പരിൽ നിന്നും വ്യത്യസ്തമായ അക്കൗണ്ട് നമ്പരിൽ ട്രഷറിയിൽ നിന്നും ക്രെഡിറ്റ് ചെയ്തത് വഴി യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ അർഹമായ ധനസഹായം ലഭിച്ചിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. അത്തരത്തിലുള്ള ഓരോ കേസും ഫിനാൻസ് വിഭാഗം മുഖാന്തിരം പരിശോധിച്ച് ഉറപ്പു വരുത്താവുന്നതും, അനർഹമായി തുക കൈപ്പറ്റിയിട്ടുള്ള പക്ഷം ആയത് സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടേണ്ടതും അനിവാര്യമാണ്. കൂടാതെ ട്രഷറിയിൽ നിന്നും ലഭ്യമായ Credited details ലിസ്റ്റിലുള്ള അക്കൗണ്ട് നമ്പരുകളുടെ UTR സ്റ്റാറ്റസ് റാൻഡം ആയി പരിശോധിച്ചതിൽ UTR സ്റ്റാറ്റസിലുള്ള അക്കൗണ്ട് നമ്പരും Credited details ൽ ഉള്ള അക്കൗണ്ട് നമ്പരും വ്യത്യസ്തമാണെന്നും കാണുന്നു. ഇതും വിശദമായ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

# 10. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ

പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് എറണാകുളം കളക്ടറേറ്റിൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | സെക്ഷൻ | കാലയളവ് |
|---|---|---|---|---|
| 1 | വിഷ്ണുപ്രസാദ് | ക്ലാർക്ക് | പി2 | 05.04.2017 – നിലവിൽ സസ്പെൻഷനിൽ. |
| 2 | ധനേഷ് രാജ്.എസ് | ക്ലാർക്ക് | പി3 | 08.12.2017 മുതൽ 09/2019 (പരിഹാരം സെൽ). |
| 3 | റോണി ഫെലിക്സ് | ക്ലാർക്ക് | പി1 | 10.06.2017 – തുടരുന്നു (പി.ജി.സെൽ). |
| 4 | ചിത്ര.എം.എസ് | ക്ലാർക്ക് | റീബിൽഡ് അപ്പീൽ സെൽ | 12/2018 – 17.10.2019 |
| 5 | നിജി കുര്യാക്കോസ് | ക്ലാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം) | റീബിൽഡ് അപ്പീൽ സെൽ | 29.11.2018 – 19.06.2019<br>02.07.2019– 30.10.2019 |
| 6 | ഷബ്ന | ഹെഡ് ക്ലാർക്ക് | റീബിൽഡ് അപ്പീൽ സെൽ | 07.11.2018 – 21.10.2019 |
| 7 | നൂറുള്ളാഖാൻ | ജൂനിയർ സൂപ്രണ്ട് (റിട്ട) | ദുരന്തനിവാരണം | 2017 – 2019 |
| 8 | മീനാകുമാരി.എ.എസ് | ജൂനിയർ സൂപ്രണ്ട് | പരിഹാരം സെൽ | 25.04.2017 – 16.04.2018 |
| 9 | അഷ്റഫ്.പി.എ | ജൂനിയർ സൂപ്രണ്ട് | ദുരന്തനിവാരണം | 08.08.2019 – തുടരുന്നു. |
| 10 | ഷീലാദേവി.പി.ഡി | ഡെപ്യൂട്ടി കളക്ടർ (റിട്ട) | ദുരന്തനിവാരണം | 09/2017 – 07/2019. |
| 11 | സന്ധ്യാദേവി.കെ.ടി | ഡെപ്യൂട്ടി കളക്ടർ | ദുരന്തനിവാരണം | 16.09.2019 – തുടരുന്നു. |
| 12 | ചന്ദ്രശേഖരൻ നായർ | അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് | | 01.02.2019 – തുടരുന്നു. |
| 13 | ഹരികുമാർ.ജി | ഫിനാൻസ് ഓഫീസർ | | 28.12.2017– തുടരുന്നു. |

ടി കാലയളവിൽ എറണാകുളം ജില്ലാ കളക്ടർമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളത് ശ്രീ.മുഹമ്മദ്.വൈ.സഫീറുള്ള ഐ.എ.എസ് (10.08.2016 മുതൽ 20.06.2019 വരെ), ശ്രീ.എസ്.സുഹാസ് ഐ.എ.എസ് (20.06.2019 – തുടരുന്നു) എന്നിവരാണ്.

എറണാകുളം ജില്ലയിൽ പ്രളയദുരിതാശ്വാസ ധനസഹായ വിതരണത്തിനായി അഡീഷണൽ ഡിസ്ട്രിക്റ്റ് ഇൻഫർമാറ്റിക്സ് ഓഫീസറായ ശ്രീ.ജോർജ്ജ് ഈപ്പന്റെ മേൽനോട്ടത്തിൽ എൻ.ഐ.സി യിൽ നിന്നും തയ്യാറാക്കി നൽകിയ 191 ലിസ്റ്റുകളിൽ 136 ലിസ്റ്റുകളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളിൽ ആവർത്തനങ്ങൾ ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ 6611 അക്കൗണ്ട് നമ്പരുകൾ ആവർത്തിച്ച് ഉൾപ്പെടുത്തിയത് പ്രകാരം സർക്കാർ ഖജനാവിൽ നിന്നും 20,12,80,000/- രൂപ നഷ്ടം സംഭവിക്കുന്നതിന് ഇടയായിട്ടുണ്ട്. ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായത്തിൽ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്ന സംവിധാനത്തിൽ അക്കൗണ്ട് നമ്പരുകൾ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടത് ഗുണഭോക്താക്കളുടെ ടി ലിസ്റ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥരുടെ പരമപ്രധാനമായ ഉത്തരവാദിത്വമായിരിക്കെ ഫലപ്രദമായ ഡീഡ്യൂപ്ലിക്കേഷൻ സംവിധാനം ഒരുക്കാതിരുന്നത് എൻ.ഐ.സി യുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

പ്രളയദുരിതാശ്വാസ ധനസഹായ വിതരണത്തിന്റെ ചുമതലയുണ്ടായിരുന്ന ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദ് മുൻ ഖണ്ഡിക 7, 8 എന്നിവയിൽ വിശദമാക്കിയത് പ്രകാരമുള്ള ക്രമക്കേടുകൾ നടത്തിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള ക്രമക്കേടുകൾ വിഷ്ണുപ്രസാദ് നടത്തുന്നതിന് ഒരു ഘടകമായിട്ടുള്ളത് ബന്ധപ്പെട്ട മേലുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള മേൽനോട്ട വീഴ്ചയാണെന്നുള്ളത് (Supervisory Lapse) അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്. സെക്ഷൻ ക്ലാർക്ക് പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട ഫയൽ ജില്ലാ കളക്ടർക്ക് നേരിട്ട് സമർപ്പിക്കുകയായിരുന്നു പതിവെന്ന് മേലുദ്യോഗസ്ഥർ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ മൊഴി നൽകിയെങ്കിലും, നടപടിക്രമങ്ങൾ പരിശോധിച്ചതിൽ 27 ഓളം നടപടിക്രമങ്ങൾ സൂപ്രണ്ടിന്റെ ചുരുക്കൊപ്പ് സഹിതമാണ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.

എറണാകുളം കളക്ടറേറ്റിൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫയൽ റൂട്ടിംഗ് ഡിസ്ട്രിക്റ്റ് ഓഫീസ് മാന്വലിൽ നിഷ്ക്കർഷിച്ച പ്രകാരത്തിൽ നടന്നിട്ടില്ലായെന്ന് വ്യക്തമാണ്. സെക്ഷൻ ക്ലാർക്ക് നേരിട്ട് ജില്ലാ കളക്ടർക്ക് ഫയൽ

സമർപ്പിക്കുകയും ഉത്തരവ് വാങ്ങുകയും ചെയ്ത നിരവധി കേസുകൾ കണ്ടെത്തിയിട്ടുണ്ട്. സെക്ഷൻ ക്ലാർക്കിന്റെ ടി പ്രവർത്തി ശരിയല്ലായെന്ന് ടിയാന്റെ തൊട്ടു മുകളിലെ ഉദ്യോഗസ്ഥനായ ജൂനിയർ സൂപ്രണ്ട് മുതൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ) വരെയുള്ള ഒരു മേലധികാരിയും സെക്ഷൻ ക്ലാർക്കിനെ അറിയിക്കുകയോ രേഖാമൂലം നോട്ട് കൊടുക്കുകയോ ചെയ്തു കാണുന്നില്ല. പ്രളയ ദുരിതാശ്വാസ വിതരണത്തിൽ ഗുരുതരമായ ക്രമക്കേട് ഉണ്ടായപ്പോൾ ടി ഉദ്യോഗസ്ഥർ ഫയൽ കണ്ടിട്ടില്ലായെന്ന വാദഗതി ഉന്നയിക്കുകയാണുണ്ടായത്. സെക്ഷന്റെ ചുമതലയുള്ള ജൂനിയർ സൂപ്രണ്ടോ, യൂണിറ്റ് ഓഫീസറായ ഡെപ്യൂട്ടി കളക്ടർമാരോ, ജില്ലയിലെ സാമ്പത്തിക ഇടപാടുകളിൽ ശ്രദ്ധ പതിപ്പിക്കേണ്ട ഫിനാൻസ് ഓഫീസറോ ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടു വരികയുണ്ടായിട്ടില്ല. മാത്രവുമല്ല ജില്ലാ കളക്ടർ ഫയൽ ജൂനിയർ സൂപ്രണ്ട് / യൂണിറ്റ് ഓഫീസർ മുഖേന സമർപ്പിക്കണമെന്ന നിലപാട് സ്വീകരിച്ചതായും കാണുന്നില്ല.

അതു പോലെ അപ്പീൽ അനുവദിച്ചതിലൂടെ ഉയർന്ന തുകയ്ക്കുള്ള ധനസഹായത്തിന് അർഹരായവരിൽ നിന്നും ആദ്യം അനുവദിച്ച തുക കുറച്ച് ബാക്കി തുക നൽകാതെ, ആദ്യം അനുദിച്ച തുക തിരികെ വാങ്ങി രണ്ടാമത് അനുവദിച്ച തുക നൽകിയതും, അപ്രകാരം സെക്ഷൻ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവർ കൈപ്പറ്റ് രശീതി നൽകി തിരികെ വാങ്ങിയ തുക നടപടിക്രമങ്ങൾ പാലിച്ച് സർക്കാരിലേക്ക് / ട്രഷറിയിലേക്ക് തിരിച്ചടയ്ക്കാതിരുന്നതും ഗുരുതരമായ വീഴ്ചയാണ്.

കോടിക്കണക്കിന് രൂപയുടെ ധനസഹായ വിതരണം നടക്കുന്ന പരിഹാരം സെല്ലിൽ അലോട്ട്മെന്റ് രജിസ്റ്ററോ, ചെക്ക് ഇഷ്യൂ രജിസ്റ്ററോ പരിപാലിച്ചിട്ടില്ലെന്നത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും, പ്രസ്തുത രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടോയെന്ന് യഥാസമയം പരിശോധന നടത്താതിരുന്നത് ബന്ധപ്പെട്ട സൂപ്രണ്ടിന്റെയും, ഡെപ്യൂട്ടി കളക്ടറുടേയും, ഫിനാൻസ് ഓഫീസറുടേയും ഭാഗത്ത് നിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയാണ്.

06.05.1992 ലെ ജി.ഒ (പി) 388/92/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ ഫിനാൻസ് ഓഫീസറുടെ ചുമതലകളും അധികാരങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് എറണാകുളം കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ പ്രവർത്തിച്ചിട്ടില്ലായെന്ന് കാണുന്നു. അപ്പീൽ സംബന്ധമായ മേൽ പരിശോധനയ്ക്കായി നിയമിച്ചിരുന്ന വിരമിച്ച ഉദ്യോഗസ്ഥർ ഒരേ അക്കൗണ്ട് നമ്പരിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട്

വ്യത്യസ്ത തുകകൾ അനുവദിക്കുന്നതിലേയ്ക്കായി ശുപാർശ ചെയ്തിട്ടുള്ളതും, രണ്ട് തുകകൾ അനുവദിച്ചിട്ടുള്ളതുമായ കേസുകളും പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. അപ്പീൽ കേസുകളിൽ ഇത്തരത്തിൽ നിരുത്തരവാദിത്തപരമായി റിപ്പോർട്ട് സമർപ്പിച്ചത് വഴി പ്രസ്തുത ഉദ്യോഗസ്ഥരുടെ ഭാഗത്തും വീഴ്ചകൾ ഉണ്ടായിട്ടുള്ളതാണ്.

അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്ക് വഴി തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ പരാതി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ വന്നതിനെത്തുടർന്ന് 2018 ലെ പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട ഒരു പ്രാഥമിക പരിശോധന ജില്ലാ കളക്ടർ നടത്തുകയും, അതിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

# 11. ശുപാർശകൾ

കേരളം മുൻപൊരിക്കലും ദർശിച്ചിട്ടില്ലാത്ത വിധത്തിലുള്ളതായിരുന്നു 2018 ലെ പ്രളയവും അത് മൂലമുണ്ടായ നാശനഷ്ടങ്ങളും. എറണാകുളം ജില്ലയിൽ വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിച്ച രീതിയിൽ ദുരന്തബാധിതരായ 1,06,799 കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളും, അനുവദിച്ച ധനസഹായത്തിന്മേൽ ലഭിച്ച 33,310 അപ്പീൽ അപേക്ഷകളും എറണാകുളം കളക്ടറേറ്റിൽ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടിയിരുന്നു. ആയത് സുതാര്യമായും സമയബന്ധിതമായും തീർപ്പാക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖാന്തിരം സോഫ്റ്റ്വെയർ തയ്യാറാക്കി ദുരിതാശ്വാസ ധനസഹായം എറണാകുളം കളക്ടറേറ്റിൽ കേന്ദ്രീകൃത സംവിധാനത്തിൽ വിതരണം ചെയ്യുകയാണുണ്ടായത്. ഈ അടിയന്തിര സാഹചര്യത്തിൽ ടി ആവശ്യത്തിലേയ്ക്കായി തയ്യാറാക്കിയ സോഫ്റ്റ്വെയറിൽ ചില പോരായ്മകളുണ്ടായിരുന്നതും, ആയത് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും 2019 ഫെബ്രുവരി മാസത്തിൽ ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും (എൻ.ഐ.സി യുടെ പരിശോധനാ സംഘത്തിന്റെ 30.03.2019 ലെ റിപ്പോർട്ട് - Annexure E18), ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ട്, അധിക തുക അനുവദിച്ചത് എന്നീ കേസുകളിൽ എറണാകുളം അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ച് പ്രസ്തുത തുക തിരിച്ചു പിടിക്കുന്നതിനും ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുള്ളതായും, ടി വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായും ശ്രീ. മുഹമ്മദ്. വൈ. സഫീറുള്ള ഐ.എ.എസ് സമർപ്പിച്ച സ്റ്റേറ്റ്മെന്റ് മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനയിൽ NIC, BIMS, ട്രഷറി എന്നിവയിലൂടെ നടന്ന ദുരിതാശ്വാസ വിതരണത്തിൽ ക്രമപ്രശ്നങ്ങൾ മുഴുവനായും പരിഹരിച്ചിട്ടില്ലെന്ന് കാണാൻ സാധിച്ചിട്ടുള്ളതാണ്. സോഫ്റ്റ്വെയറിലുള്ള പോരായ്മകളെ ചൂഷണം ചെയ്ത് കൊണ്ട് 2018 ഡിസംബർ മാസം മുതൽ ശ്രീ.വിഷ്ണു പ്രസാദ് നടത്തിയ തട്ടിപ്പുകളാണ് കൂടുതലും ഈ ക്രമക്കേടുകൾക്ക് വഴി തെളിച്ചത്. 2019 ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജില്ലാ കളക്ടർക്കും സംഘത്തിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വന്നിട്ടുള്ളതും, ധനസഹായ വിതരണം അടിയന്തിരമായി പൂർത്തിയാക്കേണ്ട സാഹചര്യവും സംജാതമായിട്ടുള്ളതുമായിരുന്നു.

2018 ലെ പ്രളയ ദുരിതാശ്വാസ ധനസഹായ ഇനത്തിൽ നാനൂറ് കോടിയിലധികം രൂപയാണ് ചുരുങ്ങിയ കാലയളവിനുള്ളിൽ എറണാകുളം കളക്ടറേറ്റ് മുഖാന്തിരം വിതരണം ചെയ്യേണ്ടി വന്നത്. എന്നാൽ ഓൺലൈൻ സംവിധാനം കൂടി വന്നപ്പോൾ ധനസഹായ വിതരണം സംബന്ധിച്ച് പൊതുവേ പ്രയോഗത്തിലുള്ള checks and balances മുറപ്രകാരം കൃത്യമായി നടപ്പിൽ വരുത്തി കാണുന്നില്ല. ബിംസ് ലിസ്റ്റ് സംബന്ധിച്ച് ട്രഷറിയുടെ ഭാഗത്ത് നിന്നും കൃത്യമായ അനുരഞ്ജനം നടന്നിട്ടില്ലാത്തതാണ്. ആയത് മൂലം ധനസഹായ ഇനത്തിൽ വിതരണം ചെയ്തത്, നിരസിക്കപ്പെട്ടത്, പൂൾ അക്കൗണ്ടിലേക്ക് മാറ്റപ്പെട്ടത് എന്നീ തുകകൾ സംബന്ധിച്ച് ഓരോ ബില്ല് തോറുമുള്ള

അനുരഞ്ജനം നടത്തുന്നതിന് എറണാകുളം കളക്ടറേറ്റിൽ സാധിക്കാതെ വന്നിട്ടുള്ളതാണ്.

പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിലുള്ള ക്രമക്കേടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന് മാത്രമാണ് കുറ്റകരമായ ഉദ്ദേശ്യം (criminal intention) അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടുള്ളത്. ടിയാനെതിരെ ക്രിമിനൽ കേസും നടന്നു വരുന്നതാണ്. എറണാകുളം കളക്ടറേറ്റിലെ ഉദ്യോഗസ്ഥരിൽ ശ്രീ.വിഷ്ണു പ്രസാദിന് മാത്രമാണ് പോലീസ് ക്രൈം കേസിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുള്ളത് എന്ന് അറിയുന്നു. പി2/SDRF/CMDRF സെക്ഷനിലും, സൂപ്പർവൈസറി തട്ടിലും മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് മേൽനോട്ട വീഴ്ച സംഭവിച്ചിട്ടുള്ളതാണ്. എന്നാൽ മന:പ്പൂർവ്വമായതോ / ക്രിമിനൽ സ്വഭാവമുള്ളതോ ആയ പ്രവർത്തനങ്ങൾ ടി ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.. ഓൺലൈൻ checks and balances ന്റെ അഭാവവും, സോഫ്റ്റ്വെയറിന്റെ ചില പോരായ്മകളും, സൂപ്രണ്ട് തലത്തിലുള്ള മേൽനോട്ട വീഴ്ചയും ഇത്തരത്തിൽ തട്ടിപ്പ് നടത്തുന്നതിന് ശ്രീ.വിഷ്ണുപ്രസാദിന് സഹായകരമായി തീർന്നു. ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുന്നതിന് സെക്ഷൻ സൂപ്രണ്ട് തലത്തിൽ സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരുന്നു.

എറണാകുളം ജില്ലയിൽ ദുരിതാശ്വാസ ധനസഹായ വിതരണം ഐ.റ്റി അധിഷ്ഠിതമാക്കിയത് കൊണ്ട് ലഭിച്ച electronic trail ധനസഹായ വിതരണത്തിന് ശേഷമുള്ള ഈ പരിശോധനയ്ക്ക് വളരെയോറെ സഹായകരമായിട്ടുള്ളതാണ്. ഭാവിയിൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം മുഖേന ഗുണഭോക്താക്കൾക്ക്/ദുരിതബാധിതർക്ക് ധനസഹായ വിതരണം നടത്തുന്ന കേസുകളിൽ റവന്യൂ, ദുരന്തനിവാരണം, ട്രഷറി, ധനകാര്യ വകുപ്പുകൾ ഈ സംവിധാനത്തിൽ നിലവിലുണ്ടായിരുന്ന പിഴവുകൾ ഒഴിവാക്കുന്നതിനും, കൂടുതൽ ശക്തിമത്തായ സംവിധാനം ഒരുക്കുന്നതിനും ഈ സംഭവത്തിൽ നിന്നും വെളിവായ പാഠം ഉൾക്കൊണ്ട് നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

ആധാർ അധിഷ്ഠിതമായ ധനസഹായ വിതരണത്തിനെക്കുറിച്ച് ആലോചിച്ചിരുന്നെങ്കിലും പ്രളയത്തിൽ ആധാർ കാർഡുകൾ നഷ്ടപ്പെട്ടത് കണക്കിലെടുത്തും, ആധാർ കാർഡ് ദുരിതാശ്വാസ ധനസഹായ വിതരണത്തിന് നിർബന്ധമാക്കുന്നതിനുള്ള നിയമ പ്രശ്നങ്ങളും, നഷ്ടപ്പെട്ട ആധാർ കാർഡ് തിരികെ ഉണ്ടാക്കുന്നതിന് പ്രത്യേക ക്യാമ്പുകൾ വേണ്ടി വരും തുടങ്ങിയ കാര്യങ്ങളും കണക്കിലെടുത്ത് ആധാർ അധിഷ്ഠിതമായി ദുരിതാശ്വാസ ധനസഹായം വിതരണം ചെയ്യുന്നത് (Aadhar enabled payment system) നിർബന്ധമാക്കുന്നതിൽ നിന്നും പിൻമാറിയതായി ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

എറണാകുളം ജില്ലാ കളക്ടറായിരുന്ന ശ്രീ. മുഹമ്മദ്. വൈ. സഫീറുള്ളയും അദ്ദേഹത്തിന്റെ റവന്യൂ - ദുരന്തനിവാരണ സംഘവും മാതൃകാപരമായ ദുരന്ത

നിവാരണ പ്രവർത്തനങ്ങളാണ്. കേരളം നൂറ് വർഷത്തിനിടയിൽ കണ്ടിട്ടില്ലാത്ത പ്രളയത്തിൽ കാഴ്ച വച്ചിട്ടുള്ളതെന്നത് നിസ്തർക്കമാണ്. രക്ഷാപ്രവർത്തനങ്ങൾ, ദുരിതാശ്വാസം, ദുരിതാശ്വാസ കിറ്റ് വിതരണം, ദുരിതാശ്വാസ ക്യാമ്പ് നടത്തിപ്പ്, അടിയന്തിര ഘട്ടത്തിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് സുതാര്യതയും ഉത്തരവാദിത്തവും എന്നിവ ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി ഐ.റ്റി അധിഷ്ഠിത സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കൽ, ധനം/ധനേതര ദുരിതാശ്വാസ ധനസഹായങ്ങളുടെ കണക്കെടുപ്പും വിതരണവും, സഹായ വിതരണങ്ങളുടെ വിവരം സുതാര്യതയ്ക്കും അറിവിലേയ്ക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തൽ, വീടുകളുടെ നാശനഷ്ടം തിട്ടപ്പെടുത്തൽ, പുനർനിർമ്മാണത്തിനുള്ള ധനസഹായ വിതരണം, ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്തൽ, ഭവന നിർമ്മാണം, അപ്പീലുകളുടെ തീർപ്പാക്കൽ, അവലോകനവും, വിവിധ വകുപ്പുകൾ / stake holders - കളുടെ ഏകോപന യോഗങ്ങൾ (Annexure E18), ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട മീഡിയാ റിലീസുകൾ എന്നിവ പൊതുവിൽ ഏറെ പ്രശംസനീയമാണ്. ദുരന്തമുഖത്ത് നിന്നുള്ള പൊതു സമൂഹത്തിന്റെ സമ്മർദ്ദത്തിനിടയിലും ഇത്തരത്തിലുള്ള മാതൃകാപരമായ അധ്വാനം ടി ധനസഹായ വിതരണത്തിൽ വന്നിട്ടുള്ള വീഴ്ചകൾ കൊണ്ട് മാത്രം കുറച്ച് കാണാൻ സാധിക്കുകയില്ല. എന്നാൽ SDRF, CMDRF എന്നിവയിൽ നിന്നും ശ്രീ.വിഷ്ണുപ്രസാദ് തട്ടിയെടുത്തിട്ടുള്ള തുകകളും, അനർഹർക്ക് വിതരണം ചെയ്യപ്പെട്ടിട്ടുള്ള തുകകളും അവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശദമായ ശുപാർശകൾ അക്കമിട്ട് ചുവടെ ചേർക്കുന്നു.

1. ***ജില്ലാ കളക്ടർ അംഗീകരിച്ച് BIMS ലിസ്റ്റ് ട്രഷറിയിൽ നൽകി കഴിഞ്ഞാൽ പ്രസ്തുത ലിസ്റ്റിൽ അക്കൗണ്ട് നമ്പർ ശരിയല്ലാത്തത് കൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ reject ആകുന്ന കേസുകളിൽ rejected ലിസ്റ്റ് ജില്ലാ കളക്ടർക്ക് ലഭ്യമാക്കേണ്ടതും, അത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള തുക പൂൾ അക്കൗണ്ടിൽ നിലനിർത്താതെ ജില്ലാ കളക്ടറുടെ സ്പെഷ്യൽ TSB അക്കൗണ്ടിൽ തിരികെ വരുന്നതിനുള്ള സംവിധാനം ഒരുക്കുന്നത് ഉചിതമായിരിക്കും. ഇതിലൂടെ കണക്കുകളുടെ അനുരഞ്ജനം എളുപ്പവും സുതാര്യവും ആകുന്നതാണ്.***
2. ***ഇപ്രകാരം reject ആകുന്ന കേസുകളിൽ വിവരം ഫയലിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട സൂപ്രണ്ട്, ഡെപ്യൂട്ടി കളക്ടർ, ഫിനാൻസ് ഓഫീസർ എന്നിവർ വഴി പ്രസ്തുത ഫയൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ കളക്ടറുടെ അംഗീകാരത്തോടെ തെറ്റായ വിവരങ്ങൾ എഡിറ്റ് ചെയ്ത് രേഖപ്പെടുത്തലുകൾ കൃത്യമാക്കി നടപടിക്രമം സഹിതം ട്രഷറിയിൽ പുന:സമർപ്പിക്കുവാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്. നിലവിൽ ബിംസ് സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്തിട്ടുള്ള ഒറിജിനൽ ബില്ലിൽ ഉള്ള rejected കേസുകളിൽ കളക്ടറേറ്റ് /***

ട്രഷറിയിൽ നിന്നുള്ള എഡിറ്റ് ഓപ്ഷൻ സംവിധാനം ഒഴിവാക്കിയാൽ അത് മൂലമുള്ള ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്.

3. ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ റേഷൻ കാർഡ് നമ്പരും, ആധാർ നമ്പരും, വാർഡ് നമ്പരും (standard LSGD code) മാൻഡേറ്ററി ഫീൽഡുകളായി ഉൾപ്പെടുത്തേണ്ടതാണ്.

4. ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇരട്ടിപ്പ് കർശനമായും ഒഴിവാക്കേണ്ടതാണ്. ഇതിനായി, ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ, റേഷൻ കാർഡ് നമ്പർ, ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ ഒന്നിലധികം തവണ രേഖപ്പെടുത്തുവാൻ സാധിക്കാത്ത വിധത്തിൽ സോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

5. ബിൽ ഇ-സബ്മിഷൻ വഴി ട്രഷറിയിൽ സമർപ്പിക്കുന്നതിനായി DDO യ്ക്ക് OTP ലഭ്യമാക്കുന്നതും, തുക അക്കൗണ്ടിൽ ക്രഡിറ്റ് ആകുമ്പോൾ പ്രസ്തുത വിവരം ഗുണഭോക്താവിന് മൊബൈൽ അലർട്ട് വഴി ലഭ്യമാകുന്ന സംവിധാനവും ഏർപ്പെടുത്താവുന്നതാണ്.

6. സോഷ്യൽ ഓഡിറ്റിങ്ങിനായി ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിന് മുൻപും, തുക അനുവദിച്ച ശേഷവും ഗുണഭോക്താവിന്റെ പേര്, വിലാസം, നഷ്ടപരിഹാരത്തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താവുന്നതാണ്. അത്തരത്തിൽ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ അക്കൗണ്ട് നമ്പർ, ആധാർ നമ്പർ മുതലായവ മാസ്ക് ചെയ്യേണ്ടതാണ്. ഒരു സമയത്ത് ഒരു ഗുണഭോക്താവിന്റെ വിവരങ്ങൾ മാത്രം ലഭിക്കുന്ന വിധത്തിലുള്ള സെർച്ച് ഓപ്ഷൻ കൊണ്ട് സോഷ്യൽ ഓഡിറ്റിംഗ് നടക്കുകയില്ല. ആയത് കൊണ്ട് വാർഡ് തിരിച്ചുള്ള ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടത് സോഷ്യൽ ഓഡിറ്റിംഗിന് അനിവാര്യമാണ്.

7. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിന് മുൻപ് വരെ വ്യക്തിഗത വിവരങ്ങളും, അക്കൗണ്ട് നമ്പരുകളും ശരിയാണോയെന്ന് ഗുണഭോക്താക്കൾക്ക് OTP അധിഷ്ഠിത വ്യക്തിഗത വിവര പരിശോധന ഓൺലൈനായി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

8. സാമ്പത്തിക ഇടപാടുകളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറും BIMS സോഫ്റ്റ്‌വെയറും തമ്മിൽ integration ഉണ്ടായിരിക്കേണ്ടതാണ്.

9. ഓൺലൈൻ സംവിധാനങ്ങളിലൂടെ സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കേരള ഫിനാൻഷ്യൽ/ ട്രഷറി കോഡിലെ Checks & balances - മായി ബന്ധപ്പെട്ട അടിസ്ഥാന വ്യവസ്ഥകൾ (ഉദാ- Bill preparing authority and Bill passing authority shall not be the same individual) നിലനിർത്തേണ്ടത് അനിവാര്യമാണ്.

10. സമയാസമയങ്ങളിൽ ട്രഷറി കണക്കുകൾ അനുരഞ്ജനം നടത്തേണ്ടതാണ്. **Bill amount, disbursed / credited, rejected and returned or rejected and retained in pool account** എന്നിവ ബില്ല് തോറും ഓട്ടോമേറ്റഡ് രീതിയിൽ അനുരഞ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

11. സാമ്പത്തിക സഹായം നൽകുന്ന വിഷയത്തിൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖാന്തിരം തുക അനുവദിക്കുമ്പോൾ നിയമാനുസൃതമായ തവണകളായി തുക അനുവദിക്കുന്ന കേസുകളിൽ ആയവ അനുവദിക്കുന്ന തരത്തിലും, നിയമവിധേയമല്ലാത്ത തവണകളോ സംശയാസ്പദമായ ഇടപാടുകളോ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർക്ക് മടക്കി റീ-കൺഫർമേഷൻ ലഭിച്ച ശേഷം തുക അനുവദിക്കുന്ന രീതിയിൽ ട്രഷറി സംവിധാനത്തിൽ ഫലപ്രദമായ ഡീഡ്യൂപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

12. *BIMS* നടപടിക്രമത്തിൽ ആകെ തുക ഓട്ടോമാറ്റിക് ആയി ലിസ്റ്റിൽ നിന്നും ജനറേറ്റ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ നടപടിക്രമത്തിലുള്ള ആകെ തുക മാന്വലായി ആണ് രേഖപ്പെടുത്തി വരുന്നത്. ആയത് കൊണ്ട് ഇപ്പോൾ മന:പ്പൂർവ്വമായും അല്ലാതെയും നടപടിക്രമത്തിലും ഗുണഭോക്താക്കളുടെ / ഡി.ബി.റ്റി ലിസ്റ്റിലും ആകെ തുകയിൽ വ്യത്യാസം കണ്ടു വരുന്നുണ്ട്.

13. ട്രഷറി സംവിധാനത്തിൽ പോരാമയ്മകളുണ്ടോയെന്നുള്ളത് സംബന്ധിച്ച് ധനകാര്യ വിഭാഗത്തിനെ കൊണ്ട് വിശദമായ പരിശോധന നടത്തേണ്ടതും, അത്തരത്തിൽ പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

14. എല്ലാ പണമിടപാടുകളും സംബന്ധിച്ച് **electronic trail** ഉണ്ടായിരിക്കേണ്ടത് ഏതെങ്കിലും തരത്തിലുള്ള മേൽപരിശോധനകൾക്ക് സഹായകരമാകുന്നതാണ്.

15. ഒരേ അക്കൗണ്ട് നമ്പരിൽ ഒന്നിൽ കൂടുതൽ തവണ തുക ക്രെഡിറ്റ് ചെയ്തിട്ടുള്ള കേസുകളിൽ അനർഹമായി ഗുണഭോക്താവിന് ലഭിച്ച തുക നിയമാനുസൃതം തിരിച്ചു പിടിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുവുന്നതാണ്.

16. അക്കൗണ്ട് നമ്പർ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ എൻ.ഐ.സി യിൽ നിന്നും നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 6811 അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഈയിനത്തിൽ 24,44,12,200/- രൂപ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇത്രയും ഗുണഭോക്താക്കൾ എപ്രകാരമാണ് ബിംസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നത് സംബന്ധിച്ച് ഒരോ കേസും എറണാകുളം കളക്ടറേറ്റിൽ ഒരു പ്രത്യേക ടീം രൂപീകരിച്ച് പരിശോധിക്കേണ്ടതും, അനർഹർക്ക് (ഒന്നിൽ കൂടുതൽ തവണ ലഭിച്ചത് ഉൾപ്പെടെ) തുക ലഭിച്ചിട്ടുള്ള പക്ഷം പ്രസ്തുത തുക സർക്കാരിലേക്ക് നിയമാനുസൃതം തിരിച്ചു പിടിക്കേണ്ടതുമാണ്.

17. BIMS ലിസ്റ്റിൽ ഉൾപ്പെടാത്ത 2703 അക്കൗണ്ട് നമ്പരുകളിലേക്ക് ട്രഷറിയിൽ നിന്നും തുക ക്രഡിറ്റ് ചെയ്തതായി എറണാകുളം കളക്ടറേറ്റ് മുഖാന്തിരം ലഭ്യമാക്കിയ ട്രഷറി ഡേറ്റ പരിശോധിച്ചതിൽ കാണുന്നു.അത്തരത്തിൽ ട്രഷറി ലിസ്റ്റിൽ ഉൾപ്പെട്ട അക്കൗണ്ട് നമ്പരുകളിലെ ആദ്യത്തേയോ അവസാനത്തേയോ ഒന്നോ രണ്ടോ ഡിജിറ്റുകൾ ഒഴിവാക്കി റാൻഡം പരിശോധന നടത്തിയതിൽ ടി അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിലെ അക്കൗണ്ട് നമ്പരുമായി ഏകദേശം സാമ്യം കാണുകയുണ്ടായി. അത്തരം കേസുകളിലെ UTR നമ്പർ BIMS Portal ൽ പരിശോധന നടത്തിയതിൽ BIMS ലിസ്റ്റിൽ ഉൾപ്പെട്ട അതേ അക്കൗണ്ട് നമ്പരുകളിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ട്രഷറി ലിസ്റ്റിൽ അക്കൗണ്ട് നമ്പർ എന്ന ഫീൽഡിൽ രേഖപ്പെടുത്തി കാണുന്നതും മേൽ വിശദമാക്കിയ പ്രകാരം UTR search നടത്തുമ്പോൾ കിട്ടുന്ന അക്കൗണ്ട് നമ്പരിൽ കാണുന്ന വ്യത്യാസവും ഫിനാൻസ് വിഭാഗം മുഖേന സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

18. ഒരേ അക്കൗണ്ട് നമ്പരിലുള്ള ഗുണഭോക്താവിന്റെ അപ്പീൽ ഒന്നിലധികം തവണ പരിഗണിച്ചിട്ടുള്ളതായും, അതിൽ തന്നെ വ്യത്യസ്ത തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതായും പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള ഓരോ കേസും എറണാകുളം ജില്ലാ കളക്ടർ മുഖേന പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്.

19. പി2 സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.വിഷ്ണു പ്രസാദ് 05.01.2019 മുതൽ 01.04.2019 വരെയുള്ള കാലയളവിൽ ടിയാന്റെ വിവിധ ബാങ്കുകളിലെ അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെടുത്തി 9,65,000/- രൂപ തട്ടിയെടുക്കുകയും, മാത്രവുമല്ല എൻ.ഐ.സി ലിസ്റ്റിൽ ഉൾപ്പെടാത്ത അക്കൗണ്ട് നമ്പരുകൾ BIMS ലിസ്റ്റിൽ ഉൾപ്പെടുത്തി തട്ടിയെടുത്ത തുകയും തിരിച്ചു പിടിക്കുന്നതിനുള്ള നടപടി എറണാകുളം ജില്ലാ കളക്ടർ മുഖാന്തിരം നടത്തേണ്ടതാണ്. കൂടാതെ ശ്രീ.വിഷ്ണുപ്രസാദിന് സ്വന്തം പേരിലോ ബിനാമി പേരുകളിലോ കേരളത്തിലോ പുറത്തുള്ള സംസ്ഥാനങ്ങളിലോ ബാങ്ക് അക്കൗണ്ടുകൾ ഉണ്ടോയെന്നും, അതിലേക്ക് തുക വകമാറ്റിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും വിശദമായ അന്വേഷണം നടത്താവുന്നതാണ്.

20. അപ്പീൽ അനുവദിച്ചത് വഴി ഉയർന്ന സ്ലാബിലെ നഷ്ടപരിഹാരത്തിന് അർഹരായവർക്ക് മുൻപ് അനുവദിച്ച താഴ്ന്ന സ്ലാബിലെ തുക കഴിച്ച് ബാക്കി തുക അനുവദിക്കുന്നതിന് പകരം ആദ്യം അനുവദിച്ച തുക തിരികെ വാങ്ങുകയാണുണ്ടായത്. ഇത്തരത്തിൽ തിരികെ വാങ്ങിയ തുകയിൽ ട്രഷറിയിൽ ഒടുക്കിയിട്ടില്ലാത്ത തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി എറണാകുളം ജില്ലാ കളക്ടർ മുഖാന്തിരം നടത്താവുന്നതാണ്.

21. സോഫ്റ്റ്‌വെയറിലെ തകരാർ മൂലം അധിക തുക വിതരണം ചെയ്തിട്ടുള്ള കേസുകളിൽ തിരിച്ചു പിടിക്കേണ്ട തുക അടിയന്തിരമായി തിരിച്ചു പിടിക്കുന്ന

*നടപടികൾ സ്വീകരിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ്.*

**22.** *അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്തത് സംബന്ധിച്ച ലിസ്റ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ട്രഷറി ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്ത് അനർഹമായ അക്കൗണ്ടുകളിലേക്ക് മാറ്റപ്പെട്ട തുക എത്രയാണെന്ന് കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാതാണ്. ഈ സാഹചര്യത്തിൽ ടി വിഷയം ധനകാര്യ വിഭാഗം മുഖാന്തിരം പരിശോധിപ്പിക്കാവുന്നതാണ്.*

**23.** *അയ്യനാട് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖാന്തിരം നൽകിയ തുക യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിച്ചിട്ടുണ്ടോയെന്നും, അതോ അനർഹർ ആരെങ്കിലും കൈപ്പറ്റിയിട്ടുണ്ടോയെന്നും എറണാകുളം ജില്ലാ കളക്ടർ മുഖാന്തിരം പരിശോധിപ്പിക്കാവുന്നതാണ്.*

**24.** *ദുരിതാശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള reliefrevenue.kerala.gov.in എന്ന വെബ് ആപ്ലിക്കേഷനിൽ ഈ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ ഇല്ലെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.*

**ഡോ: എ. കൗശിഗൻ. ഐ.എ.എസ്.**
**ജോയിന്റ് കമ്മിഷണർ (I/C)**
**ലാന്റ് റവന്യൂ, തിരുവനന്തപുരം.**

# 12. അനക്ഷറുകൾ

പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അനക്ഷറുകൾ വാല്യം 2 (അനക്ഷർ എ, ബി), വാല്യം 3 (അനക്ഷർ സി, ഡി, ഇ), സോഫ്റ്റ് കോപ്പി എന്നിവയായി റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

REV-DRF-A3/37/2022-REV

5917401/2022/REV

**K. S. AJAYAKUMAR**
**ADDITIONAL SECRETARY TO GOVERNMENT**

**FINANCE DEPARTMENT**
**GOVERNMENT SECRETARIAT**
**THIRUVANANTHAPURAM-695 001**
Phone { Office : 0471-2517446
Mobile : 9744774466
E-mail : ajay100972@kerala.gov.in

DRF (A) 3

**14.02.2022**

അർദ്ധ ഔദ്യോഗിക കത്ത് നം.ഐ.ഡബ്ല്യ-ബി2/14/2021-ധന

പ്രിയപ്പെട്ട സർ,-

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച സംഭാവനകൾ സംബന്ധിച്ച് എറണാകുളം ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. റിപ്പോട്ടിൽ പറഞ്ഞിരിക്കുന്ന ശുപാർശകളിന്മേൽ 20/08/1992 -ലെ സർക്കാർ ഉത്തരവ് (പി) നം. 506/ 1992/ധന, 25/11/1998- ലെ സർക്കാർ ഉത്തരവ് (പി) നം. 2981/98/ധന എന്നീ ഉത്തരവുകളിലെയും 30/08/2008- ലെ 56/ എഫ്.ഐ.ഡബ്ല്യ - ജി/08/ധന, 31/07/2018 – ലെ 71/2018/ധന നമ്പർ സർക്കുലറുകളിലെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി യഥാസമയം നടപടി സ്വീകരിച്ച് ന്യൂനത പരിഹാര റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളും സർക്കുലറുകളും www.finance.kerala.gov.in ൽ കാണാവുന്നതാണ്.

പ്രസ്തുത റിപ്പോർട്ടിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്.

ആത്മാർത്ഥതയോടെ,

(അജയകുമാർ. കെ.എസ്)

ഡോ. എ. ജയതിലക് ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി,

# GOVERNMENT OF KERALA

No.IW-B2/14/2021-FIN

Finance Inspection (NT-B2) Department
Thiruvananthapuram
Dated:20/12/2021

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനകൾ സംബന്ധിച്ച് എറണാകുളം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകൾ ഇ-ഫണ്ട്സ് സോഫ്റ്റ്‌വെയറിൽ കൃത്യമായി എൻട്രി വരുത്തി ബാങ്കിൽ നൽകുന്നുണ്ടോയെന്നും, സ്വർണ്ണ ഉരുപ്പടികൾ ക്വട്ടേഷൻ വിളിച്ച് വില്പന നടത്തി തുക ദുരിതാശ്വാസ നിധിയിലേക്ക് വരവുവെച്ചിട്ടുള്ളത് സംബന്ധിച്ചും വിശദമായി പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് 05.02.2021 ലെ നം.1/ധ.പ.വി-എ1/2021/ധന നമ്പർ കത്തിലൂടെ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും 2019 ലെ പ്രളയത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയ തുകയുടെ വ്യക്തതയുമായി ബന്ധപ്പെട്ട് എറണാകുളം ജവാൻ ക്രോസ്സ്റോഡ് അസോസിയേഷൻ ഭാരവാഹികൾ സമർപ്പിച്ച നിവേദനത്തിന്മേലുമുള്ള തുടർ നടപടികളുടെ ഭാഗമായും എറണാകുളം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് എറണാകുളം കളക്ടേറ്റിലും ജില്ലയിലെ വിവിധ താലൂക്ക് ഓഫീസുകളിലും ഇത് സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. പരിശോധനയിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. കളക്ടറേറ്റ്, എറണാകുളം</u>

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിലെ വിവരങ്ങളാണ് സ്ക്വാഡ് പരിശോധനാ വിധേയമാക്കിയത്. എറണാകുളം കളക്ടറേറ്റിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 01/04/2018 മുതൽ 03/02/2020 വരെ ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല, സംഭാവന സ്വീകരിച്ച് ദാതാവിന് നൽകിയ രസീതുകളുടെ പകർപ്പും പരിശോധനക്ക് ലഭ്യമാക്കിയില്ല. ടി കാലയളവിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്നവർ സംഭാവനകളുടെ വിവരങ്ങൾ

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല' എന്നാണ് ഇത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് അധികൃതർ മറുപടി നൽകിയിട്ടുള്ളത്. 2018, 2019 വർഷങ്ങളിലെ പ്രളയം ഗുരുതരമായി ബാധിച്ച എറണാകുളം ജില്ലയിൽ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധാരാളം സംഭാവനകൾ ലഭിച്ചിരുന്നു. 05/09/2018 ലെ 50/Funds-2/2018/Fin. നമ്പർ സർക്കാർ പരിപത്രത്തിൽ സംഭാവന പണമായി സ്വീകരിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നുണ്ടെങ്കിലും, താലൂക്ക് ഓഫീസുകളിൽ അടക്കം സംഭാവന പണമായി സ്വീകരിച്ചിട്ടുണ്ട്. കളക്ടേറ്റിൽ നേരിട്ട് ലഭിച്ച സംഭാവനകൾ കൂടാതെ താലൂക്ക് ഓഫീസുകളിൽ പണമായും, ചെക്ക്/ഡി.ഡിയായും മറ്റും ലഭിച്ച സംഭാവനകളും കളക്ടേറ്റിലേക്ക് നൽകിയിട്ടുണ്ട് (ഉദാ:-പറവൂർ താലൂക്കിൽ 14/09/2018 തീയതിയിൽ പണമായി സ്വീകരിച്ച് 03/10/2018 തീയതിയിൽ കളക്ടേറ്റിലേക്ക് നൽകിയിട്ടുള്ള 15,506/-രൂപ). ഇത്തരത്തിൽ ലഭിച്ച മുഴുവൻ സംഭാവനകൾ സംബന്ധിച്ചും ടി സംഭാവനകൾ സി.എം.ഡി.ആർ.എഫ് ന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ചും എറണാകുളം കളക്ടറേറ്റിൽ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1, ആർട്ടിക്കിൾ 8(1) പ്രകാരം തനിക്ക് ഉത്തരവാദിത്വമുള്ള ഗവൺമെന്റിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ചും കൃത്യമായ അക്കൗണ്ടുകൾ പാലിച്ചു പോരുന്നുണ്ടെന്നുള്ള കാര്യം എല്ലാ ഗവൺമെന്റ് ജീവനക്കാരും ഉറപ്പു വരുത്തേണ്ടതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി 15 ദിവസത്തിലൊരിക്കൽ ധനകാര്യവകുപ്പിന്റെ സി.എം.ഡി.ആർ.എഫ് സെല്ലിലേക്ക് നൽകുന്നതിന് 28/08/2018ലെ ഫണ്ട്സ് 2/50/2018/ധന നമ്പർ പരിപത്രത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശാനുസരണമുള്ള യാതൊരു നടപടിയും എറണാകുളം കളക്ടറേറ്റിൽ സ്വീകരിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകൾ സ്വീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലാർക്ക് മുതൽ ഡെപ്യൂട്ടി കളക്ടർ വരെയുള്ള തസ്തികകളിലെ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ആരാഞ്ഞും, സി.എം.ഡി.ആർ.എഫ് ലേക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തത് സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ആരാഞ്ഞ് 20/04/2021 ന് അന്വേഷണക്കുറിപ്പ് നൽകുകയും നിരന്തരം നേരിട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും വിവരങ്ങൾ

ലഭ്യമാക്കിയിരുന്നില്ല. 'ടി കാലയളവിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്നവർ സംഭാവനകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല' എന്ന ഒഴുക്കൻ മറുപടി മാത്രമാണ് ലഭ്യമാക്കിയിരുന്നത്. തുടർന്ന് സ്കാഡിൻെറ ഇടപടലിലൂടെ 07.09.2021 ൽ ഉത്തരവാദികളായ ക്ലാർക്ക് മുതൽ ഡെപ്യൂട്ടി കളക്ടർ വരെയുള്ളവരുടെ പേര് വിവരങ്ങൾ കളക്ടറേറ്റിൽ നിന്നും ലഭ്യമാക്കി. ടി.ഉദ്യോഗസ്ഥർ ലഭ്യമാക്കിയ വിശദീകരണം പരിശോധിച്ചതിൽ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. വിഷ്ണുപ്രസാദ് (വിജിലൻസ് അന്വേഷണത്തെ തുടർന്ന് ഇപ്പോൾ സസ്പെൻഷനിൽ കഴിയുന്നു) 01/04./2018മുതൽ ലഭിച്ച സംഭാവനകളുടെ വിശദ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ താൻ തയ്യാറാക്കിയിരുന്നതാണെന്നും, ടി രജിസ്റ്റർ കളക്ടറെ അടക്കം കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും 2020 ഫെബ്രുവരി മാസം 24 ന് താൻ സസ്പെൻഷനിൽ ആയതിനുശേഷം ടി രേഖകളെ സംബന്ധിച്ച് യാതൊരു വിവരവും തനിക്കില്ലെന്നും ബോധിപ്പിച്ചിരിക്കുന്നു.

01.04.2018 മുതൽ 30.09.2019 വരെ ജൂനിയർ സൂപ്രണ്ടായി ചുമതല വഹിച്ചിരുന്ന ശ്രീമതി. മീനാകുമാരി. എ. എസ്, തനിക്ക് 17.04.2018 മുതൽ സി.എം.ഡി.ആർ.എഫ് സെക്ഷൻെറ അധിക ചുമതലയുണ്ടായിരുന്നതാണെന്നും, പ്രസ്തുത കാലയളവിൽ 'സീറ്റിലെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും, പരിശോധനയ്ക്കായി മേലുദ്യോഗസ്ഥന്മാർക്ക സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട ക്ലാർക്കിൻെറ ഉത്തരവാദിത്വമായിരിക്കെ പി2 സീറ്റിൽ ക്ലാർക്കായ വിഷ്ണുപ്രസാദ് ആ ഉത്തരവാദിത്വം നിർവ്വഹിച്ചില്ലെന്നും തന്നിൽ അർപ്പിതമായ ചുമതല ഉപയോഗിച്ച് പി2 ക്ലാർക്കിനോട് രജിസ്റ്ററുകൾ സമയബന്ധിതമായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും അപ്പോഴെല്ലാം അധിക ജോലി പറഞ്ഞു സമയം നീട്ടി ചോദിച്ചിരുന്നുവെന്നും വിശദീകരണം ലഭ്യമാക്കിയിരിക്കുന്നു..

18.09.2017 മുതൽ 30.01.2019 വരെ ഡെപ്യൂട്ടി കളക്ടർ ചുമതല വഹിച്ചിരുന്ന ശ്രീ. എം. കെ.കബീർ തനിക്ക് സി. എം.ഡി.ആർ.എഫ് സെക്ഷൻെറ ചാർജ്ജ് ഉണ്ടായിരുന്ന കാലയളവിൽ സംഭാവനകൾ എഴുതി വന്നിരുന്ന രജിസ്റ്ററുകൾ കണ്ടിട്ടുണ്ടെന്നും ശ്രീ. വിഷ്ണുപ്രസാദ് അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള കാലയളവിലാകാം രജിസ്റ്ററുകൾ കാണാതാവുകയോ, നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടുള്ളതെന്നുമാണ് അദ്ദേഹം വിശദീകരിക്കുന്നത്.

07.08.2019 മുതൽ 15.06.2020 വരെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. അഷറഫ് പി എ പറഞ്ഞിരിക്കുന്നത്, '2019 നവംബർ മുതലാണ് സി.എം.ഡി.ആർ.എഫ് മേൽനോട്ടം തന്നിൽ വന്നതെന്നും ആ സമയത്തു ബഹുമാനപ്പെട്ട ഹൈക്കോടതിയും, നിയമസഭാ സമിതിയും വീക്ഷിക്കുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ ഉൾപ്പെടെ 12 subjects ഇടതടവില്ലാതെ സമയബന്ധിതമായി തീർക്കുവാനുള്ള കഠിനമായ യത്നത്തിലായിരുന്നു താനെന്നും ആകയാൽ 2016 നവംബർ മാസത്തിൽ സി.എം.ഡി.ആർ.എഫിൻെറ

ചാർജ് വെങ്കിലും തനിക്ക് ജോലി തിരക്കുമൂലം 2020 ജനുവരി അവസാനത്തോടെ മാത്രമാണ്, ഈ സെക്ഷനിൽ 2018 ഏപ്രിൽ മുതലുള്ള Entryകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്താൻ കഴിഞ്ഞതെന്നുമാണ്. ഉടനെ തപാൽ സെക്ഷനിലെ സെക്യൂരിറ്റി രജിസ്റ്ററിൽ ഉൾപ്പെടെ രജിസ്റ്ററിൽ Maintain ചെയ്യുവാനും നടപടികൾ സ്വീകരിക്കുകയും, 2020 ഫെബ്രുവരി ആദ്യവാരത്തിൽ തന്നെ തപാൽ സെക്ഷനിലെ സെക്യൂരിറ്റി രജിസ്റ്ററിൽ ഉൾപ്പെടെ സി.എം.ഡി.ആർ.എഫ് രജിസ്റ്ററിൽ Entry ഉറപ്പാക്കുകയും ചെയ്യെന്നും 2020 ജൂൺ മാസത്തിൽ ഡിസാസ്റ്റർമാനേജ്മെൻറ് വിഭാഗത്തിൽ നിന്നും പോരുന്നതുവരെ സി.എം.ഡി.ആർ.എഫ് രജിസ്റ്റർ proper ആയി maintain ചെയ്യുന്നുണ്ടെന്ന് ഞാൻ ഉറപ്പു വരുത്തിയിട്ടുള്ളതാണും ടിയാൻ വിശദീകരിക്കുന്നു.

01.02.2019 മുതൽ 15.06.2020 വരെയുള്ള ഡെപ്യൂട്ടി കളക്ടറുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ ചന്ദ്രശേഖരൻനായർ പറഞ്ഞിരിക്കുന്നത് കമ്പ്യൂട്ടർ പരിജ്ഞാനമുണ്ടായിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീ. വിഷ്ണുപ്രസാദാണ് ഈ സെക്ഷൻ കൈകാര്യം ചെയ്ത് വന്നിരുന്നതും ജില്ലാ കളക്ടറുമായി നേരിട്ട് ഫയൽ വിവരങ്ങൾ കൈമാറി വന്നിരുന്നതുന്നും പിന്നീട് പ്രളയദുരിതാശ്വാസനിധി വെട്ടിപ്പുമായി ബന്ധപ്പെട്ട് ശ്രീ. വിഷ്ണുപ്രസാദിനെ പോലീസ് അറസ്റ്റ് ചെയ്ത് കേസെടുത്തിട്ടുണ്ടെന്നുമാണ്. ഇതിൻെറ ഭാഗമായി പോലീസ് കംപ്യൂട്ടർ സിസ്റ്റമടക്കമുള്ള രേഖകൾ ബന്തവസ്സിലെടുത്തിട്ടുണ്ടെന്നും കുശാഗ്ര ബുദ്ധിക്കാരനും, തട്ടിപ്പ് വീരനുമായ ശ്രീ. വിഷ്ണുപ്രസാദ് താൻ പിടിക്കപ്പെട്ടുമെന്ന് അറിഞ്ഞ വേളയിൽ രജിസ്റ്ററുകൾ നശിപ്പിക്കുകയോ, സിസ്റ്റത്തിൽ കൃത്രിമം ചെയ്തിട്ടുള്ളതോ ആകാമെന്നും വിശദീകരണം നൽകിയിരിക്കുന്നു.

മേൽ സൂചിപ്പിച്ച പ്രകാരമുള്ള വിശദീകരണങ്ങളിൽ 2019 നവംബർ മുതൽ 2020 ജൂൺ വരെ സി.എം.ഡി.ആർ.എഫ് ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. അഷറഫ് പി.എ നൽകിയിട്ടുള്ള മറുപടി ഏറെക്കുറെ തൃപ്തികരമാണ്. ടിയാളുടെ കാലയളവിൽ, 01.04.2020 മുതൽ രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി തുടർന്നു വരുന്നുണ്ട്. മറ്റു നാല് ഉദ്യോഗസ്ഥരും കൃത്യമായ മറുപടി നൽകാതെ പരസ്പരാരോപണവും അനുമാനങ്ങളും ഉന്നയിച്ചുകൊണ്ട് തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ ഡെപ്യൂട്ടി കളക്ടറായിരുന്ന ശ്രീ. കബീർ എം.കെ 31.03.2019 –ൽ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതും മറ്റുള്ളവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമാണ്. ആയതിനാൽ ഇവർക്കെതിരെ ഉചിതമായ വകുപ്പ് തല അച്ചടക്ക നടപടി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

04/02/20 മുതൽ 31/03/2020 വരെ 4 വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് പണമായി ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 01/04/2020 മുതൽ ലഭിച്ച ചെക്ക്/ഡി.ഡി കളുടെ

വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 01/04/2020 മുതൽ 28/12/20 വരെ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും 171 ചെക്ക് /ഡി.ഡി കൾ ലഭിച്ചിട്ടുണ്ട്.

എറണാകുളം കളക്ടറേറ്റിൽ CI.0701, CI.07FO എന്നീ ഇ-ഫണ്ട്സ് ലോഗിനുകൾ മുഖേനെയാണ് ഇവിടെ ലഭിച്ച ചെക്ക്/ഡി.ഡി വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുള്ളത്. 01/04/2018 മുതൽ 31/03/2020 വരെ CI.0701 ലോഗിൻ മുഖേന 2 1 എൻട്രികൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. ടി ലോഗിൻ മുഖേന 01/04/2020 മുതൽ 31/03/2021 വരെ 170 ചെക്ക്/ഡിഡികളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ട്. 14/05/20 ന് ലഭിച്ച സെക്രട്ടറി സഫ്ദർ ഹാഷ്മി സാംസ്കാരിക കേന്ദ്രം ചെക്ക് നം.1197 തീയതി 05/05/2020-പ്രകാരമുള്ള 10,000/- രൂപയുടെ ചെക്ക് ഇ–ഫണ്ട്സ് ലോഗിനിൽ അപ്ലോഡ് ചെയ്തിട്ടില്ല. കൂടാതെ താഴെപ്പറയുന്ന ചെക്കുകളിൽ സംഭാവന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ തുകകളാണ് ഇ-ഫണ്ട്സിൽ അപ്ലോഡ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ നം. | പേര് / വിലാസം | ചെക്ക് നം.;തീയതി; തുക | ഫണ്ട്സ് ഐ.ഡി | ഇ-ഫണ്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള തുക |
|---|---|---|---|---|
| 1. | KAMCO Employees Co-operative credit Society Ltd No.E335 Athani P.O. | No.124037; തീയതി: 23/04/20; 1,00,000/-രൂപ | 1000071548 | 2,00,000/- |
| 2. | Bright Electricals | No.014413; തീയതി: 24/04/20 25,000/-രൂപ | 1000071748 | 2,500/- |

CI.07FO എന്ന ഇ-ഫണ്ട്സ് ലോഗിൻ മുഖേന 07/09/2018 മുതൽ 21/03/2019 വരെ 186 ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ബഹു ഭൂരിഭാഗവും താലൂക്ക് ഓഫീസുകളിൽ നിന്നും കളക്ടറേറ്റിലേക്ക് നൽകിയിട്ടുള്ളതാണ്. ടി ചെക്ക്/ഡി.ഡികൾ താലൂക്കുകളുടെ ഇ-ഫണ്ട്സ് ലോഗിനിലും എഫ്.ഒ യുടെ ലോഗിനിലും ഒരേ ഫണ്ട് ഐ.ഡിയിൽ വന്നിട്ടുണ്ട്.

സി.എം.ഡി.ആർ.എഫ്-ലേക്ക് സംഭാവനയായി കളക്ടറേറ്റുകളിൽ ലഭിച്ച സ്വർണ്ണാഭരണങ്ങൾ കളക്ടറേറ്റുകളിൽ തന്നെ നിലവിലുള്ള നിയമങ്ങൾ പാലിച്ച് വില്പന നടത്തി തുക സി.എം.ഡി.ആർ.എഫ്-ലേക്ക് ഒടുക്കിയശേഷം ആയത് സംബന്ധിച്ച വിവരങ്ങൾ ധനകാര്യവകുപ്പിലേക്ക് ലഭ്യമാക്കണമെന്ന് ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ 12/02/2019, 01/01/20 എന്നീ തീയതികളിലെ ഫണ്ട്സ് 04/01/2019/ധന. നമ്പർ

കത്തുകളിലൂടെ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിരുന്നു. എറണാകുളം കളക്ടറേറ്റിൽ ലഭിച്ച സ്വർണ്ണ ഉരുപ്പടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തൂക്കം | നൽകിയ വ്യക്തി / സ്ഥാപനം |
|---|---|---|---|
| 1. | നെക്ലസ് | 176.300 g | മഞ്ഞുമ്മൽ അമലോത്ഭവ മാതാ ദേവാലയം |
| 2. | നെക്ലസ് | 20.650 g | മഞ്ഞുമ്മൽ അമലോത്ഭവ മാതാ ദേവാലയം |
| 3. | സ്വർണ്ണ മോതിരം | 5.770 g | ആലുവ താലൂക്കിൽ നിന്നും കൈമാറിയത് |
| 4. | സ്വർണ്ണവള | 8.050 g | ആലുവ താലൂക്കിൽ നിന്നും കൈമാറിയത് |
| 5. | സ്വർണ്ണ മോതിരം | 1.550 g | കോതമംഗലം താലൂക്ക് ഓഫീസിൽ നിന്നും കൈമാറിയത് |
| 6. | സ്വർണ്ണ മോതിരം | 3.130g | സിറിയക് കെ സി |

സ്വർണ്ണ ഉരുപ്പടികൾ വില്പന നടത്തുന്നതിന് 27/12/2018, 10/03/20 തീയതികളിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ക്വട്ടേഷൻ സ്ഥിരപ്പെടുത്താനായില്ല. പിന്നീട്, 2016-17 കാലഘട്ടത്തിൽ സിവിൽസ്റ്റേഷനിൽ നിന്നും കളഞ്ഞ്കിട്ടിയ 9.220 ഗ്രാം മാല(ലോക്കറ്റ് ഉൾപ്പെടെ) അടക്കം വില്പന നടത്തുന്നതിന് 16/07/2021 ൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് ഗ്രാമിന് 4,402/- രൂപ നിരക്കിൽ ശ്രീ. രാജൻകര്യൻ, Cliff gold & Videos, മൂവാറ്റുപുഴ എന്ന വ്യക്തിക്ക് ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിച്ച് വില്പന സ്ഥിരപ്പെടുത്തുന്നതിനായി ധനകാര്യ (ഫണ്ട്സ്) വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ചെക്ക്/ക്യാഷ്/ഡി.ഡി എന്നീ രൂപത്തിൽ ലഭിക്കുന്ന സംഭാവനകളുടെ വിവരങ്ങൾ അവ സി.എം.ഡി.ആർ.എഫ്-ന്റെ അക്കൗണ്ടിൽ ഒടുക്കിയ വിവരങ്ങൾ അടക്കം പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സംഭാവനകളുടെ വിവരങ്ങൾ ഇ-ഫണ്ട്സ് സോഫ്റ്റ് വെയറിൽ അതാത് ദിവസം തന്നെ രേഖപ്പെടുത്തുന്നതിനും, സംഭാവനയായി ലഭിക്കുന്ന സ്വർണ്ണാഭരണങ്ങൾ അവയുടെ തൂക്കം, മാറ്റ് എന്നിവ കണക്കാക്കി ദാതാവിന് രസീത് ഉടൻ തന്നെ നൽകേണ്ടതാണെന്നും ടി രസീത് മുഖ്യമന്ത്രിയുടെ ഓഫീസിനും ധനകാര്യ വകുപ്പിനും അയച്ച് കൊടുക്കേണ്ടതും ടി വസ്തുക്കൾ നിലവിലുള്ള നിയമങ്ങൾ പാലിച്ച് വിറ്റതിന് ശേഷം ലഭിച്ച തുക ഉടൻ തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവ് വരുത്തേണ്ടതും ദാതാവിന് ഒറിജിനൽ രസീത് നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും 16/06/2020ലെ 36/2020/ധന സർക്കാർ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് കർശനമായി പാലിക്കുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

2.താലൂക്ക് ഓഫീസ്, പറവൂർ

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിലെ വിവരങ്ങളാണ് സ്ക്വാഡ് പരിശോധനാ വിധേയമാക്കിയത് .പറവൂർ താലൂക്ക് ഓഫീസിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിലേക്ക് 13/08/2018 മുതൽ ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി തഹസിൽദാർ ഇൻഷ്യൽ ചെയ്തിട്ടുണ്ട്. സംഭാവനകൾ സ്വീകരിച്ച് ദാതാവിന് നൽകിയ രസീതുകളുടെ പകർപ്പും സംഭാവനകൾ /സി.എം.ഡി.ആർ.എഫ് ന്റെ അക്കൗണ്ടിൽ ഒടുക്കിയ ചലാനുകളുടെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പണമായും ചെക്ക്/ഡി.ഡി എന്നിവയായും സംഭാവനകൾ സ്വീകരിച്ചിട്ടുണ്ട്. 13/08/2018 മുതൽ 27/10/2020 വരെ 168 വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ ലഭിച്ചിട്ടുണ്ട്. 46 സംഭാവനകൾ പണമായും, 122 സംഭാവനകൾ ചെക്ക്/ഡി.ഡി രൂപത്തിലുമായാണ് ലഭിച്ചത്. ഇതിൽ പണമായി ലഭിച്ച 2 സംഭാവനകൾ അടക്കം 1 1 1 വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സംഭാവനകൾ കളക്ട്രേറ്റിലേക്ക് അയച്ച് നൽകിയിട്ടുണ്ട്. മറ്റ് സംഭാവനകൾ സി.എം.ഡി.ആർ.എഫ്-ന്റെ എസ്.ബി.ഐയിലെ 67319948232 നമ്പർ അക്കൗണ്ടിലും, 79901010091475 നമ്പർ ടി.എസ്.ബി അക്കൗണ്ടിലും നല്കിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു.

പറവൂർ താലൂക്കിൽ നിന്നും ഇ-ഫണ്ട്സ് സോഫ്റ്റ് വെയറിൽ ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടില്ല. കളക്ടറേറ്റിലേക്ക് നൽകിയിട്ടുള്ള ഏതാനും ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ CI.07FO എന്ന ഇ-ഫണ്ട്സ് ഐഡിയിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. പറവൂർ താലൂക്കിൽ ലഭിച്ച താഴെ പറയുന്ന ചെക്ക്/ഡി.ഡികൾ ഇ-ഫണ്ട്സിൽ വ്യത്യസ്ത ഫണ്ട് ഐഡിയിൽ ഒന്നിലധികം തവണ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതായി കാണുന്നു.

1. സെക്രട്ടറി, പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിലുള്ള 669551 നമ്പർ തീയതി 13/08/2018 ലെ 25 ലക്ഷം രൂപയുടെ ചെക്കിൻെറ രേഖപ്പെടുത്തലുകൾ ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | ക്രമ നം.ഇ-ഫണ്ട്സ് | ഫണ്ട് ഐ .ഡി | തീയതി | തുക |
|---|---|---|---|---|
| 1. | 33553 | 1000043610 | 12.08.2018 | 25 ലക്ഷം |
| 2. | 40641 | 1000050701 | 13.08.2018 | 25 ലക്ഷം |
| 3. | 40878 | 1000050938 | 13.08.2018 | 25 ലക്ഷം |
| 4. | 41096 | 1000051156 | 13.08.2018 | 25 ലക്ഷം |
| 5. | 41425 | 1000051485 | 13.08.2018 | 25 ലക്ഷം |
| 6. | 41453 | 1000051513 | 13.08.2018 | 25 ലക്ഷം |

| | | | | |
|---|---|---|---|---|
| 7. | 41455 | 1000051515 | 13.08.2018 | 10,000 |

മേൽപ്പടി പേരിലുള്ള ചെക്ക് J-252 നമ്പറിൽ 13/08/2018 തീയതിയിൽ 6,69,551/- രൂപ ഇ-ഫണ്ട്സിൽ ക്രമ നം. 41457 ൽ ഫണ്ട് ഐ ഡി നമ്പർ 1000051517 ൽ രജിസ്റ്റർ ചെയ്ത് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും ഫയലും പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു ചെക്ക് ലഭിച്ചതായി കാണുന്നില്ല.ചെക്ക് നമ്പരാണ് (669551) ഇവിടെ തുകയായി കാണിച്ചിട്ടുള്ളതെന്ന് കാണുന്നു.

2. പറവൂർ ICICI ബാങ്ക് സ്റ്റാഫിന്റെ പേരിലുളള നം.002552 തീയതി 21/08/2018 തുക 55,000/- യുടെ ഡി.ഡി-യും രണ്ട് പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ക്രമ നം. ഇ- ഫണ്ട്സ് | ഫണ്ട് ഐ.ഡി | തീയതി | തുക |
|---|---|---|---|---|
| 1. | 40680 | 1000050740 | 27.08.2018 | 55,000/- |
| 2. | 40862 | 1000050922 | 27.08.2018 | 55,000-/- |

പറവൂർ താലൂക്ക് ഓഫീസിൽ ലഭിച്ച താഴെ പറയുന്ന ചെക്ക്/ഡി.ഡികൾ ഇ-ഫണ്ട്സിൽ അപ്ലോഡ് ചെയ്തിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നം. | ലഭിച്ച തീയതി | നൽകിയവരുടെ പേര് വിലാസം | ചെക്ക് / ഡി.ഡി നം. തീയതി | ബാങ്ക് | തുക | ബാങ്കിൽ നൽകിയ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | 04/09/2018 | സാമൂഹ്യ സേവാ സംഘം, കെടാമംഗലം | ചെക്ക് 42446 04.09.2018 | പറവൂർ സഹകരണ ബാങ്ക് - 1759 | 5,000/- | 03.10.2018 ൽ കളക്ടറേറ്റിലേക്ക് നൽകി |
| 2. | 18/12/2018 | SNDP കെടാമംഗലം നം.165 കുമാരനാശാൻ പ്രാർത്ഥന കുടുംബയൂണിറ്റ് | ഡിഡി നം.033742 17.12.2018 | S B I, വടക്കൻപറവൂർ | 16,600-/- | 24.01.2019 ന് കളക്ടറേറ്റിലേക്ക് നൽകി. |
| 3. | 03/12/2018 | നായർ ക്ഷേമ സമിതി കെടാമംഗലം | ചെക്ക് നം.010691 09.10.2018 | കേരള ഗ്രാമീൺ ബാങ്ക്, വടക്കൻ പറവൂർ | 10,000/- | |
| 4. | - | നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് | ചെക്ക് നം. 634535 | EDCB കുനമ്മാവ് ബ്രാഞ്ച് | 33,743-/- | |

| | | | | | | |
|---|---|---|---|---|---|---|
| 5. | 11/03/2019 | സഹകരണ ബാങ്ക് സ്റ്റാഫ് ആലങ്ങാട് | ചെക്ക് നം. 017361 11.03.2019 | ആലുവ ജയിൽ ബ്രാഞ്ച് | 2,71,400/- | 14.03.19 ന് കളക്ടറേറ്റിലേക്ക് നൽകി. |
| 6. | 10/05/2019 | HIL (INDIA) Ltd | ചെക്ക് നം. 148883 26.03.2019 | യൂണിയൻ ബാങ്ക് കളമശ്ശേരി | 3,00,643-/- | 67319948232 അക്കൗണ്ടിൽ 15.05.2019 ന് നൽകി. |
| 7. | 10/08/2019 | പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് | ചെക്ക് നം.673712 10.08.2019 | EDCBവടക്കൻ പറവൂർ മെയിൻ ബ്രാഞ്ച് | 15,00,000/- | 67319948232 അക്കൗണ്ടിൽ 17.08.2019 ന് നൽകി. |
| 8. | 13/08/2019 | പറവൂർ താലൂക്ക് റ്റോഡി വർക്കേഴ്സ് യൂണിയൻ | ചെക്ക് നം. 516715 13.08.2019 | E D C B ചോറ്റാനിക്കര | 2,00,000-/- | 67319948232 അക്കൗണ്ടിൽ 13.08.2019 ന് നൽകി. |
| 9. | 26/08/2019 | പുഷ്പ കൃഷി വികസന സമിതി പറവൂർ | ചെക്ക് നം. 955630 26.08.2019 | EDCBവടക്കൻ പറവൂർ ഈവനിംഗ് ബ്രാഞ്ച് | 10,000/- | 67319948232 അക്കൗണ്ടിൽ 26.08.2019ന് നൽകി. |
| 10. | 26/08/2019 | ഫാത്തിമാത് സുഹറ എം എ കരുമാല്ലൂർ | ഡി ഡി 297274 19.08.2019 | എസ് ബി ഐ, വടക്കൻ പറവൂർ, | 3,500/- | 67319948232 അക്കൗണ്ടിൽ 31.08.2019 ന് നൽകി. |
| 11. | 26/08/2019 | അബൂബക്കർ എം, കരുമാല്ലൂർ | ചെക്ക് നം:932073 19.08.2019 | SBI, മെയിൻ റോഡ് നോർത്ത് പറവൂർ | 9,000-/- | 67319948232 അക്കൗണ്ടിൽ 27.08.2019ന് നൽകി. |
| 12. | 26/08/2019 | കദീജ കെ എ, കരുമാല്ലൂർ | ചെക്ക് നം. 576205 19.08.2019 | SBI, മെയിൻ റോഡ് നോർത്ത് പറവൂർ | 10,000/- | 67319948232 അക്കൗണ്ടിൽ 27.08.2019ന് നൽകി. |

| | | | | | | |
|---|---|---|---|---|---|---|
| 13. | 29/08/2019 | AKMDSI & WA പറവൂർ യൂണിറ്റ്, പറവൂർ | ചെക്ക് നം.000005<br><br>29.08.2019 | ബാങ്ക് ഓഫ് ബറോഡ, നോർത്ത് പറവൂർ | 25,000/- | 67319948232 അക്കൗണ്ടിൽ 29.08.2019ന് നൽകി. |
| 14. | 04/09/2019 | അയൽക്കൂട്ടം സൗഹൃദവേദി റെസിഡൻസ് അസോസിയേഷൻ, ചേന്ദമംഗലം | ഡി ഡി നം.002428<br><br>04.09.2019 | എച്ച് ഡി എഫ് സി ബാങ്ക്, പറവൂർ | 5,000/- | 67319948232 അക്കൗണ്ടിൽ 05.09.2019ന് നൽകി. |
| 15. | 07/09/2019 | പി എസ് ആർ റെസിഡൻസ് അസോസിയേഷൻ, മന്നാന്നം, പറവൂർ | ഡി ഡി നം. 382351<br><br>07.09.2019 | | 11,500-/- | 67319948232 അക്കൗണ്ടിൽ 07.09.2019ന് നൽകി |
| 16. | 25/09/2019 | എ.എം. അബൂബക്കർ കരുമാല്ലൂർ | ഡി ഡി നം.297366<br><br>24.09.2019 | SBI, മെയിൻ റോഡ്, നോർത്ത് പറവൂർ | 18,500/- | 67319948232 അക്കൗണ്ടിൽ 27.09.2019ന് നൽകി |
| 17. | 30/09/2019 | പുനർജനി സംഘടന, കരുമാല്ലൂർ | ചെക്ക് നം. 116381<br><br>28.09.2019 | ഫെഡറൽ ബാങ്ക്, കരുമാല്ലൂർ | 25,000-/- | 67319948232 അക്കൗണ്ടിൽ 30.09.2019ന് നൽകി |
| 18. | 05/11/2019 | ഉണർവ് സ്വയം സഹായ സംഘം ശാന്തി നഗർ, ചിറക്കകം, വരാപ്പുഴ | ചെക്ക് നം. 297937<br><br>01.11.2019 | കോർപ്പറേഷൻ ബാങ്ക്, വരാപ്പുഴ | 5,000/- | 67319948232 അക്കൗണ്ടിൽ 05.11.2019ന് നൽകി |
| 19. | 06/03/2020 | ആലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് നം. ഇ - 661 | ചെക്ക് നം. 644551<br><br>06.03.2020 | E D C B പറവൂർ ഈവനിംഗ് ബ്രാഞ്ച് | 78,240-/- | 67319948232 അക്കൗണ്ടിൽ 05.11.2019ന് നൽകി |

മുകളിൽ സൂചിപ്പിച്ച ചെക്ക്/ഡി.ഡികൾ സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**3.** <u>താലൂക്ക് ഓഫീസ്, മൂവാറ്റുപുഴ</u>

മൂവാറ്റുപുഴ താലൂക്ക് ഓഫീസിൽ 18/08/2018 മുതൽ 20/02/21 വരെ 27 വ്യക്തികളിൽ നിന്നും ക്യാഷായും, 110

വ്യക്തികളിൽ നിന്നും ചെക്ക്/ഡിഡിയായും സംഭാവനകൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2.550 ഗ്രാം തൂക്കമുള്ള രണ്ട് സ്വർണ്ണ മോതിരങ്ങളും .സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിച്ചിട്ടുണ്ട്. സ്വർണ്ണ മോതിരങ്ങൾ മൂവാറ്റുപുഴ സബ് ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതായും ഇതിന്റെ വില നിർണ്ണയിക്കുന്നതിന് 30/09/2019 ൽ ജില്ലാകളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും തഹസിൽദാർ അറിയിച്ചു. ടി സ്വർണ്ണ ഉരുപ്പടികൾ പണമാക്കി സി.എം.ഡി.ആർ.എഫ്-ന്റെ അക്കൗണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ക്യാഷായി ലഭിച്ച സംഭാവനകളും, ചെക്ക്/ഡി.ഡി ഇനത്തിൽ ലഭിച്ച 106 സംഭാവനകളും സി.എം.ഡി.ആർ.എഫ്-ന്റെ 67319948232 നമ്പർ അക്കൗണ്ടിലും, ട്രഷറി ചെക്കായി ലഭിച്ച 4 സംഭാവനകൾ 701010200000080 നമ്പർ T P A അക്കൗണ്ടിലുമാണ് അടവാക്കിയിട്ടുള്ളത്. സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സംഭാവനകൾ സ്വീകരിച്ച് ദാതാവിന് നൽകിയ രസീതിന്റെ പകർപ്പുകളും, സംഭാവനകൾ ബാങ്കിൽ നൽകിയതിന്റെ ചലാനുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഇ-ഫണ്ട്സിൽ CI.0705 ലോഗിൻ ഐ.ഡി യിലാണ് മൂവാറ്റുപുഴ താലൂക്കിൽ നിന്നും അപ്‌ലോഡ് ചെയ്തിട്ടുള്ളത്. ആകെ ലഭിച്ച 110 ചെക്ക്/ഡി.ഡികളിൽ 107 ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ ടി ഐഡിയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. താഴെ പറയുന്ന 3 ചെക്കുകളുടെ വിവരങ്ങൾ ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടില്ല

| ക്രമ നം. | ചെക്ക് നൽകിയ വ്യക്തി/ സ്ഥാപനം | ചെക്ക് നം.; തീയതി; തുക | ബാങ്ക് |
|---|---|---|---|
| 1. | സെക്രട്ടറി വെള്ളൂർകുന്നം മഹാദേവ ദേവസ്വം ട്രസ്റ്റ്, മൂവാറ്റുപുഴ | No. 25830; 13/09/2018; 10,000/- രൂപ | ബാങ്ക് ഓഫ് ഇൻഡ്യ മൂവാറ്റുപുഴ |
| 2. | ഗിരിനഗർറെസിഡൻസ് അസോസിയേഷൻ, മൂവാറ്റുപുഴ | No.379102; 08/09/2019; 10,000/-രൂപ | അർബൻ കോപ്പറേറ്റീവ് ബാങ്ക്, മൂവാറ്റുപുഴ |
| 3. | ചന്ദ്ര ബാബു റ്റി | No.102144; 02/05/20/; 25,000/- രൂപ | യൂണിയൻ ബാങ്ക്, മൂവാറ്റുപുഴ |

മുകളിൽ സൂചിപ്പിച്ച ചെക്ക്/ഡി.ഡികൾ സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഇവിടെ നിന്നും അപ്‌ലോഡ് ചെയ്ത ചുവടെ പറയുന്ന 4 ചെക്കുകൾ ഇ-ഫണ്ട്സിൽ വിവിധ ഫണ്ട് ഐ.ഡി കളിൽ 2 തവണ വീതം വന്നിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | തീയതി | പേര് മേൽവിലാസം | ചെക്ക് നം.;തീയതി ;ബാങ്ക് | തുക | ഫണ്ട് ഐ.ഡി കൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | 11/09/2018 | K J P Aggregates | No.831636; തീയതി 11/09/2018/; SBI പേഴക്കാപ്പിള്ളി | 2,000/- | 1000043234 & 1000043296 |
| 2. | 07/10/2018 | President NSS Karayogam Thirumarady | No.271211/; തീയതി 21/10/2018/; SBI കച്ചേരിതാഴം | 40,000/- | 1000062189 & 1000068833 |
| 3. | 05/01/2019 | Rother Harm Kerala Cultural Society | No.70332; തീയതി 05/01/2019/; കാനറ ബാങ്ക്, മൂവാറ്റുപുഴ | 50,000/- | 1000062661 & 1000068843 |
| 4. | 14/01/2019 | Palakuzha service co-operative bank/ St.Mary's Jacobite Syrian Church, Aroor | No.207695; തീയതി 31.12.2018; ജില്ലാ സഹകരണ ബാങ്ക്, കൂത്താട്ടുകുളം | 50,000/- | 1000062662 & 1000068836 |

**4.താലൂക്ക് ഓഫീസ്, കോതമംഗലം**

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിൽ കോതമംഗലം താലൂക്ക് ഓഫീസിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 256 വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ചെക്ക്/ഡി.ഡിയായും, 22 വ്യക്തികളിൽ നിന്നും പണമായും സംഭാവനകൾ സ്വീകരിച്ചിട്ടുണ്ട്. 1.558 ഗ്രാം തൂക്കം വരുന്ന സ്വർണ്ണ കമ്മലും 26/08/2019 ൽ ലഭിച്ചിട്ടുണ്ട്. ഇത് 27/04/2020 ൽ ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുള്ളതായി തഹസിൽദാർ അറിയിച്ചു. സംഭാവനകളിൽ 7 വ്യക്തികളിൽ നിന്നും ക്യാഷായി സ്വീകരിച്ച 2,16,000/- രൂപ ഡി.ഡി എടുത്ത് 03/09/2018 തീയതിയിലും, 10 ചെക്കുകൾ 29/08/2018 തീയതിയിലും പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകുപ്പിലേക്ക് അയക്കുകയും മറ്റുള്ളവ സി.എം.ഡി.ആർ.എഫ്-ന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ടിൽ അടവ് വരുത്തുകയും ചെയ്തിട്ടുണ്ട്. സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിക്കുന്ന സംഭാവനകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്റർ പൂർണ്ണമല്ല. സംഭാവനകൾ സ്വീകരിച്ച ദാതാവിന് നൽകിയ രസീതിന്റെ പകർപ്പുകളും, സംഭാവനകൾ ബാങ്കിൽ നൽകിയതിന്റെ ചലാനുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

കോതമംഗലം തഹസിൽദാരുടെ Cl.0704 നമ്പർ ഇ-ഫണ്ട്സ് ലോഗിൻ ഐ.ഡിയിൽ 210ചെക്ക് /ഡി.ഡികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ടി താലൂക്കിൽ ലഭിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ടിൽ അടച്ച 48 ചെക്ക്/ഡി.ഡികൾ ഇ ഫണ്ട്സിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. കൂടാതെ ടി ലോഗിനിൽ 1 മുതൽ 12 വരെ രേഖപ്പെടുത്തിയിട്ടുള്ള ചെക്കുകൾ ഈ താലൂക്ക് ഓഫീസിൽ ലഭിച്ചവയല്ലെന്നും കാണുന്നു.

അഖിൽ സി.ശശി എന്ന വ്യക്തിയിൽ നിന്നും 11/09/2018-ൽ ചെക്ക് നം. 2 പ്രകാരം ലഭിച്ച 5,000/- രൂപയുടെ ചെക്ക് അക്കൗണ്ടിൽ പണമില്ലായെന്ന കാരണത്താൽ ബാങ്കിൽ നിന്നും മടങ്ങിയിട്ടുള്ളതാണ്. താലൂക്ക് അധികൃതർ പലതവണ ടി വ്യക്തിയുമായി ബന്ധപ്പെട്ടിട്ടും ക്യാഷായി മാറ്റാൻ കഴിയാത്ത ടി ചെക്ക് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി ചെക്ക് ഇ-ഫണ്ട്സിൽ 1000043541 നമ്പർ ഫണ്ട് ഐ.ഡിയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ടി ചെക്ക് മടങ്ങിയിട്ടില്ലായെന്നാണ് ഇ-ഫണ്ട്സിലെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. താഴെ പറയുന്ന ചെക്കുകൾ വ്യത്യസ്ത ഫണ്ട് ഐഡികളിൽ രണ്ട് പ്രാവശ്യം വീതം ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേര്; മേൽവിലാസം | ചെക്ക് നം;. തീയതി; ബാങ്ക് | തുക | ഫണ്ട് ഐ.ഡി |
|---|---|---|---|---|
| 1. | ഷിയാസ്, കൊറ്റേക്കുടിയിൽ പൈങ്ങട്ടൂർ | നം. 3177; തീയതി 11/09/2018; എസ്.ബി.ഐ പോത്താനിക്കാട് | 5,000/- | 1000043893 & 1000043908 |
| 2. | റോബിൻ സേവ്യർ, റിലയൻസ് ക്രഡിറ്റ് ഇന്ത്യ ലിമിറ്റഡ്, കോതമംഗലം | നം. 109809, 11/09/2018; ഫെഡറൽ ബാങ്ക്, കോതമംഗലം | 50,000/- | 1000043439 & 1000047249 |
| 3. | മാനേജർ, ചെറുകോട്ട് ഫാഷൻ ജ്വല്ലറി, കോതമംഗലം | നം. 97148; 1/09/2018; ഫെഡറൽ ബാങ്ക്, കോതമംഗലം | 5,000/- | 1000043447 & 1000047253 |

<u>5.താലൂക്ക് ഓഫീസ്, കൊച്ചി</u>

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊച്ചി താലൂക്കിൽ 124 ചെക്ക്/ഡിഡികൾ ലഭിച്ചിട്ടുണ്ട്. ഇവ എറണാകുളം കളക്ടറേറ്റിലേക്ക് നൽകിയിട്ടുണ്ട്. സി.എം.ഡി.ആർ.എഫ് ലേക്ക് ലഭിക്കുന്ന സംഭാവനകൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. സംഭാവനകൾ സ്വീകരിച്ച് ദാതാവിന് നൽകിയ രസീതിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കണയന്നൂർ താലൂക്കിൽ ലഭിച്ച് ഫോർട്ടുകൊച്ചി ആർ.ഡി.ഒ യ്ക്ക് നൽകിയ 30 ചെക്ക്/ഡി.ഡികളും കൊച്ചി താലൂക്ക് ഓഫീസ് വഴി കളക്ടറേറ്റിലേക്ക് നൽകിയിട്ടുണ്ട്.

ഇ-ഫണ്ട്സിൽ Cl.0707 ലോഗിൻ ഐ ഡിയിൽ കൊച്ചി താലൂക്കിൽ ലഭിച്ച താഴെ പറയുന്ന ചെക്ക് ഒഴികെ മറ്റെല്ലാ സംഭാവനകളും തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | പേര്; മേൽവിലാസം | ചെക്ക് നം.; തീയതി | തുക | ബാങ്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | പെന്ന സിമൻസ് പ്രൈ. ലിമിറ്റഡ്; വെല്ലിംഗ്ടൺ ഐലൻറ് | നം. 202835; തീയതി 14/09/2018 | 7,00,000/- | എസ്.ബി. ഐ |

ഇവിടെ ലഭിച്ച് ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള താഴെ പറയുന്ന ചെക്ക്/ഡി.ഡികളിലെ തുകകൾ രജിസ്റ്ററിലും ഇ-ഫണ്ട്സിലും വ്യത്യാസമുള്ളതായി കാണുന്നു.

| ക്രമ നം. | പേര് മേൽവിലാസം | ചെക്ക് നം.; തീയതി; ബാങ്ക് | രജിസ്റ്ററിലെ തുക | ഫണ്ട് ഐ.ഡി | ഇ-ഫണ്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള തുക |
|---|---|---|---|---|---|
| 1. | Gap blue software labs, Ravipuram | നം. 005349 തീയതി 12/09/2018 ICICI ബാങ്ക് | 2,00,000/- | 1000040091 | 20,000/- |
| 2. | Medical Trust Hospital | നം. 416305 തീയതി 14/09/2018 എസ് ബി ഐ | 15,00,000/- | 1000040109 | 1,50,000/- |
| 3. | Rajan Mampilly, Mampilly fisheries, Murukkumpadam | ഡിഡി നം.27078 13/09/2018 കാത്തോലിക്ക് സിറിയൻ ബാങ്ക് | 10,000/- | 1000042710 | 27,078/- |

Cl.0707 ലോഗിൻ ഐഡിയിൽ ക്രമ നം.41, 42, 43, 44, 128, 129, 131, 132, 133, 134, 135, 136 എന്നിങ്ങനെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സംഭാവനകൾ കൊച്ചി താലൂക്ക് ഓഫീസിൽ ലഭിച്ചവയല്ല എന്ന് കാണുന്നു.

<u>6.താലൂക്ക് ഓഫീസ്, കണയന്നൂർ</u>

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിൽ കണയന്നൂർ താലൂക്ക് ഓഫീസിൽ സി.എം.ഡി.ആർ.എഫ്-ലേക്ക് 3 വ്യക്തികളിൽ നിന്നും പണമായും 183 വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് ചെക്ക്/ഡി.ഡിയായും സംഭാവനകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പണമായി ലഭിച്ച തുക സി.എം.ഡി.ആർ.എഫ്-ന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 3300001041 18534 നമ്പർ അക്കൗണ്ടിൽ അടച്ചതായും, ചെക്ക്/ഡി.ഡിയായി ലഭിച്ച സംഭാവനകളിൽ 146 എണ്ണം നേരിട്ട് പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകപ്പിനും, 7 ചെക്ക്/ഡി.ഡികൾ മന്ത്രിയുടെ ധനസമാഹരണ പരിപാടിയ്ക്ക് ശേഷം മന്ത്രിയുടെ കൈവശം കൊടുത്തുവിട്ടതായും, 30 ചെക്ക്/ഡി.ഡികൾ ഫോർട്ടുകൊച്ചി ആർ.ഡി.ഒ യിലേക്ക് നൽകിയതായും തഹസിൽദാർ അറിയിച്ചു. കണയന്നൂർ താലൂക്ക് ഓഫീസിൽ നിന്നും ഇഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. എങ്കിലും മേൽപ്പടി ചെക്ക്/ഡി.ഡികളിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചതും, മന്ത്രിയുടെ കൈവശം കൊടുത്തയച്ചതായി പറയുന്ന ചെക്ക്/ഡി.ഡികളുടെ വിവരങ്ങളും ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. റവന്യൂ ഡിവിഷണൽ ഓഫീസ് ഫോർട്ടുകൊച്ചിക്ക് അയച്ച ചെക്കുകൾ കൊച്ചി തഹസിൽദാർ

മുഖേന എറണാകുളം കളക്ടറേറ്റിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ടി ചെക്ക്/ഡി.ഡികകളുടെ വിവരങ്ങൾ ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.ഇവയുടെ വിവരങ്ങൾകൂടി ഇ-ഫണ്ട്സിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

7.താലൂക്ക് ഓഫീസ്, ആലുവ

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 12 വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും പണമായും 93 വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ചെക്ക്/ഡി.ഡിയായും 5.770 g, 8.050 g തൂക്കം വരുന്ന സ്വർണ്ണ ഉരുപ്പടികളും, കരുമാലൂർ വില്ലേജ് സർവ്വേ നം. 32/14Aയിൽ പ്പെട്ട 2.02 ആർസ് ഭൂമിയും ആലുവ താലൂക്ക് ഓഫീസിൽ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പണമായി സ്വീകരിച്ചതിൽ 6 വ്യക്തികളിൽ നിന്നും ലഭിച്ച 1,76,600/- രൂപ 17.09.2018, 04/10/18 തീയതികളിലായി സി.എം.ഡി.ആർ.എഫ്- ന്റെ 502902010900717 നമ്പർ അക്കൗണ്ടിലും, 2 വ്യക്തികളിൽ നിന്നും ലഭിച്ച 42,985/-രൂപ സി.എം.ഡി.ആർ.എഫ്-ന്റെ എസ്.ബി.ഐ യിലെ അക്കൗണ്ടിലും, 4 വ്യക്തികളിൽ നിന്നും ലഭിച്ച 9,453/- രൂപ 799010100191475 നമ്പർ ട്രഷറി അക്കൗണ്ടിലും നിക്ഷേപിച്ചിട്ടുണ്ട്. ചെക്ക്/ഡിഡിയായി ലഭിച്ച 11 സംഭാവനകൾ എറണാകുളം കളക്ടറേറ്റിലേക്ക് അയക്കുകയും, മറ്റുള്ളവ യൂണിയൻ ബാങ്കിലെ 502902010900717 നമ്പർ അക്കൗണ്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്. 26/02/2019 തീയതിയിൽ ലഭിച്ച സ്വർണ്ണ ഉരുപ്പടികളും വസ്തുവിൻെറ രേഖകളും 25/02/20 ലെ ബി2 -10063/2018 നമ്പർ കത്ത് പ്രകാരം കളക്ടർക്ക് കൈമാറി നൽകി. ടി ഭൂമി ലാൻറ് റീലിൻക്വിഷ്മെൻറ് ആക്ട് പ്രകാരം സർക്കാർ അധീനതയിലേക്ക് മാറ്റുന്നതിന് 05-328643/2020/DCEKM തീയതി 03/06/20 പ്രകാരം ഡെപ്യൂട്ടി കളക്ടർ(എൽ ആർ)-ന് കൈമാറിയിട്ടുണ്ട്. സി.എം.ഡി.ആർ.എഫ്- ലേക്ക് ലഭിക്കുന്ന സംഭാവനകൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ഇ-ഫണ്ട്സിൽ CI.0702 എന്ന ലോഗിൻ ഐഡി മുഖേനെയാണ് ആലുവ താലൂക്കിൽ ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ളത്. ടി ഐ.ഡിയിൽ 101 എൻട്രികൾ വരുത്തിയിട്ടുണ്ട്. ഇവിടെ ലഭിച്ച മുഴുവൻ ചെക്കുകളും ഈ ലോഗിനിൽ വന്നിട്ടില്ല. ആലുവ താലൂക്കിൽ ലഭിച്ച് അക്കൗണ്ടിൽ പണമില്ലാത്ത കാരണത്താൽ ബാങ്കിൽ നിന്നും മടങ്ങിയ താഴെപ്പറയുന്ന ചെക്കുകൾ ഇഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

ടി ചെക്കുകൾ മടങ്ങിയിട്ടില്ലായെന്നാണ് ഇ-ഫണ്ട്സ് സ്റ്റേറ്റ്മെന്റിലെ പ്രസ്തുത കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | വ്യക്തിയുടെ സ്ഥാപനത്തിന്റെ പേര് / വിലാസം | ചെക്ക് നം. തീയതി | തുക | ഫണ്ട്സ് ഐ ഡി |
|---|---|---|---|---|
| 1. | ഫാത്തിമ ഗ്രാനൈറ്റ്സ് | 285799 13/09/2018 | 50,000/- | 1000039502 |
| 2. | അങ്കമാലി മർച്ചന്റ്സ് അസോസിയേഷൻ | 852466 13/09/2018 | 1,00,000/- | 1000039781 |

ആലുവ താലൂക്ക് ഓഫീസിൽ ലഭിച്ച താഴെ പറയുന്ന ചെക്കുകളുടെ വിവരങ്ങൾ ഇഫണ്ട്സിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

| ക്രമ നം. | ചെക്കിലെ പേര്; വിലാസം | ചെക്ക് നം. തീയതി ബാങ്ക് | തുക |
|---|---|---|---|
| 1. | ദിവാകരൻ C/o. ഗീത ഡി.റ്റി | 646069 തീയതി 13/09/2018 SBI | 30,000/- |
| 2. | ഡോ. ഹൈദറലി, റെഡ് ക്രോസ് സൊസൈറ്റി | 510601 തീയതി 13/09/2018 ഫെഡറൽ ബാങ്ക് | 25,000/- |
| 3. | കീഴ്മാട് സർവ്വീസ് സഹകരണ ബാങ്ക് | 16281 തീയതി 13/09/2018 EDCB | 1,00,000-/- |
| 4. | മിനി ബൈജു കൗൺസിലർ, ആലുവ മുനിസിപ്പാലിറ്റി | 421660 തീയതി 03/10/2018 SBI | 23,000/- |
| 5 | ഇരവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്ര ട്രസ്റ്റ് | 000008 തീയതി 28/09/2018 Bank of India | 10,000-/- |
| 6 | മൈത്രി റസിഡൻസ് അസോസിയേഷൻ | 113424 തീയതി 19/02/2019 കളമശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | 5,000/- |
| 7 | സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസ്സിയേഷൻ, എറണാകുളം, ജില്ലാ കമ്മിറ്റി | 377094തീയതി 22/07/20 ഫെഡറൽ ബാങ്ക് | 20,000-/- |

ആലുവ താലൂക്ക് ഓഫീസിൽ ലഭിച്ച മുകളിൽ പറയുന്ന ചെക്കുകളുടെ വിവരങ്ങൾ ഇഫണ്ട്സിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

<u>8.താലൂക്ക് ഓഫീസ്, കുന്നത്തുനാട്</u>

01 -04 -2018 മുതൽ 31 -03 -2021 വരെയുള്ള കാലയളവിൽ കുന്നത്തുനാട് താലൂക്ക് ഓഫീസിൽ സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. സംഭാവനകൾക്ക് നൽകുന്ന താൽക്കാലിക രസീതിന്റെ പകർപ്പുകളും ബാങ്കിൽ ഒടുക്കിയ ചെലാനുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടി താലൂക്കിൽ നിന്നും ആകെ 147 ഡി.ഡി/ചെക്കുകൾ ബാങ്കിൽ നൽകിയിട്ടുണ്ട്. പണമായി ലഭിച്ച സംഭാവനകൾ ഒരുമിച്ച് ഡി.ഡി എടുത്ത് ബാങ്കിൽ നൽകിയിട്ടുണ്ട്. കുന്നത്തുനാട് വില്ലേജ് ഓഫീസർ മുഖേന താലൂക്ക് ഓഫീസിൽ ലഭിച്ച

കെ.എ.ജോർജ്ജ് മെമ്മോറിയൽ പബ്ലിക് ലൈബ്രറി നൽകിയ 30,000/-രൂപയുടെ ചെക്ക് (ചെക്ക് നം. 0368936 തീയതി 16/01/2019) ചലാനിൽ സി.എം.ഡി.ആർ.എഫ്-ന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയാണ് ബാങ്കിൽ നൽകിയത്. ടി ചെക്ക് സി.എം.ഡി.ആർ.എഫ്-ൽ എൻക്യാഷ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ബാങ്കിൽ അന്വേഷിച്ചതിൽ അറിയാൻ കഴിഞ്ഞു. കുന്നത്തുനാട് സർവ്വീസ് സഹകരണ ബാങ്കിലെ 6371 നമ്പർ അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ള ടി ചെക്കിലെ തുക അക്കൗണ്ടിൽ കുറവ് വന്നിട്ടില്ലായെന്ന് കെ.എ.ജോർജ്ജ് മെമ്മോറിയൽ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. സാബു വർഗ്ഗീസുമായി ബന്ധപ്പെട്ടതിൽ സ്ക്വാഡിന് അറിയാൻ കഴിഞ്ഞു. സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിക്കുന്ന സംഭാവനകൾ സ്വീകരിക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ആരാഞ്ഞ് 24/02/2021 നും, തുക അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ വിശദീകരണം ആരാഞ്ഞ് 04/03/2021 നും അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 11/01/2019 തീയതിയിലാണ് മേൽപ്പടി ചെക്ക് പണമാക്കുന്നതിന് എസ്.ബി.ഐ പെരുമ്പാവൂർ ശാഖയിൽ നൽകിയിട്ടുള്ളത്. ഇക്കാലയളവിൽ ചുമതലയുള്ള ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ധനകാര്യ പരിശോധന സ്ക്വാഡിന്റെ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ കുന്നത്തുനാട് തഹസിൽദാരെ താക്കീത് ചെയ്യുന്നതിനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

കുന്നത്തുനാട് താലൂക്ക് ഓഫീസിൽ സംഭാവനയായി ലഭിച്ച ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ ഇഫണ്ട്സിൽ CI.0703 ലോഗിനിൻ അപ്‌ഡേറ്റ് ചെയ്തിട്ടുണ്ട്. ടി ലോഗിൻ മുഖേന ആകെ 281 ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ളതായി കാണുന്നു.

**ശുപാർശകൾ**

1. 01/04/2018 മുതൽ 03/02/2020 വരെ സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും, 28/08/2018 ലെ ഫണ്ട്സ് 2/50/2018/ധന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും വീഴ്ചവരുത്തിയതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള എറണാകുളം കളക്ടേറ്റിലെ ഉദ്യോഗസ്ഥന്മാരായ കെ.ചന്ദ്രശേഖരൻനായർ, ഡെപ്യൂട്ടി കളക്ടർ (പെൻ നം.441427), മീനാകുമാരി.എ.എസ് , ജൂനിയർ സൂപ്രണ്ട് (പെൻ നം. 125104), വിഷ്ണുപ്രസാദ്, ക്ലാർക്ക് (പെൻ നം.483741) എന്നിവർക്കെതിരെ യുക്തമായ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകളുടെ വിവരങ്ങൾ അവ ലഭിക്കുന്ന അവസരത്തിൽ തന്നെ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി തുക സി.എം.ഡി.ആർ.എഫ്-ന്റെ അക്കൗണ്ടിൽ ഒടുക്കിയ വിവരങ്ങൾ ഉൾപ്പെടെ മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

3. 16/06/2020 ലെ നം. 36/2020/ധന. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

4. ജില്ലയിലെ താലൂക്ക് ഓഫീസുകളിൽ ലഭിച്ചതും എന്നാൽ ഇ-ഫണ്ട്സ് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ എല്ലാ ചെക്ക്/ഡി.ഡികളുടെയും വിവരങ്ങൾ അടിയന്തിരമായി അപ്ഡേറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

5. മൂവാറ്റുപുഴ താലൂക്ക് ഓഫീസിൽ ലഭിച്ച സ്വർണ്ണ മോതിരങ്ങൾ നിലവിലുള്ള നിയമങ്ങൾ പാലിച്ച് വില്പന നടത്തി വില സി.എം.ഡി.ആർ.എഫ്-ലേക്ക് അടവ് വരുത്തുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

6. കുന്നത്തുനാട് താലൂക്ക് ഓഫീസിൽ സി.എം.ഡി.ആർ.എഫ്-ലേക്ക് ലഭിച്ച ചെക്ക് (ചെക്ക് നം. 0368936 തീയതി 16/01/2019 തുക 30,000/- രൂപ) കൃത്യമായി വരവ് വെയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ധനകാര്യ പരിശോധന സ്ക്വാഡിന്റെ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ കുന്നത്തുനാട് തഹസീൽദാരെ താക്കീത് ചെയ്യുന്നതിനും എറണാകുളം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

7. താലൂക്ക് ഓഫീസുകളിൽ നിന്നും ഇ-ഫണ്ട്സിൽ അപ്ലോഡ് ചെയ്ത ഒരു ചെക്ക്/ഡി.ഡിയുടെ വിവരങ്ങൾ തന്നെ വ്യത്യസ്ത ഫണ്ട് ഐ.ഡിയിൽ രേഖപ്പെടുത്തപ്പെട്ടത് സംബന്ധിച്ചും, ബാങ്കിൽ നിന്നും പണമില്ലാത്ത കാരണത്താൽ മടങ്ങിയ ചെക്കുകൾ ഇ-ഫണ്ട്സിൽ രേഖപ്പെടുത്തപ്പെട്ടത് സംബന്ധിച്ചും, അപ്ലോഡ് ചെയ്യപ്പെട്ട ചെക്കുകളിലെ തുകകളിൽ വന്ന വ്യത്യാസം സംബന്ധിച്ചും രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളിൽ ധനകാര്യ (ഫണ്ട്സ്) വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

AS, FIW